
# സാന്ത്വനപ്രകാശം

പാലാ രൂപതാബുള്ളറ്റിൻ




## ഉയിർപ്പുകാലം

Vol. LXXV April 2025 No. 4



99-ാം ജന്മദിനം ആഘോഷിക്കുന്ന
പാലാ രൂപതയുടെ വലിയ ഇടയൻ
**അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിന്**
രൂപതാകുടുംബത്തിന്റെ
ജന്മദിനാശംസകൾ !





പുത്തൻകുരിശിൽ നടന്ന
യാക്കോബായ സിറിയൻ
സഭാതലവൻ ശ്രേഷ്ഠ
ആബൂൻ മോർ ബസ്സേലിയോസ്
ജോസഫ് കാതോലിക്കാ
ബാവായുടെ സുന്ത്രോണീസോ
ശുശ്രൂഷയിൽ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് പങ്കെടുത്തു.







നെയ്യാറ്റിൻകര രൂപത സഹമെത്രാൻ മോൺ. ഡോ. സി. സെൽവരാജന്റെ
മെത്രാഭിഷേകച്ചടങ്ങിൽ പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് പ്രാർത്ഥനാശംസകൾ നേരുന്നു.





പാലാ കത്തീഡ്രലിൽ വിഭൂതി തിരുനാളിന്റെ തിരുക്കർമ്മങ്ങൾ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നപ്പോൾ.






ചങ്ങനാശേരി അതിരൂപതയുടെ 26–ാമത് ബൈബിൾ കൺവൻഷനിൽ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് വി. കുർബാനയർപ്പിച്ചു സന്ദേശം നൽകി.





പാലാ അൽഫോൻസാ കോളേജിൽ
ഹെക്മ സംരംഭകകൂട്ടായ്മയുടെ
നേതൃത്വത്തിൽ സംരംഭകസമ്മേളനം
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് ഉദ്ഘാടനം ചെയ്തു
സന്ദേശം നൽകി.





സാമൂഹികവിരുദ്ധർ തകർത്ത
കാവുംകണ്ടം പള്ളിയുടെ ഗ്രോട്ടോ
അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്
പിതാവ് സന്ദർശിച്ചു പ്രാർത്ഥിച്ചു.



DCMS പാലാ രൂപതയുടെ നേതൃത്വത്തിൽ വനിതാദിനാചരണം
വനിതം 2K25 അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ്
ഉദ്ഘാടനകർമ്മം നിർവഹിച്ച് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു.





പാറേമ്മാക്കൽ തോമാ ഗോവർണദോറിന്റെ
226–ാമത് ചരമദിനത്തിൽ അഭിവന്ദ്യ മാർ
ജോസഫ് കല്ലറങ്ങാട്ട് പിതാവ് രാമപുരം
സെന്റ് അഗസ്റ്റിൻസ് ഫൊറോനാപ്പള്ളി
യിൽ ഒപ്പീസ് പ്രാർഥന നടത്തുന്നു.







കെ.സി.ബി.സി. ടെമ്പറൻസ് കമ്മീഷൻ പാലാ രൂപതയുടെ
നേതൃത്വത്തിൽ നടന്ന ബോധവത്കരണജാഥ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഫ്ളാഗ് ഓഫ് ചെയ്യുന്നു.

“നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു...
മനുഷ്യർ നിങ്ങളുടെ സത്പ്രവൃത്തികൾ കണ്ട്,
സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ
മഹത്ത്വപ്പെടുത്തേണ്ടതിന് നിങ്ങളുടെ വെളിച്ചം
അവരുടെ മുമ്പിൽ പ്രകാശിക്കട്ടെ.”

(മത്തായി 5: 14–16)

*‘സാന്ത്വനപ്രകാശമേ, നയിച്ചാലും’*

# സാന്ത്വനപ്രകാശം

## പാലാ രൂപതാബുള്ളറ്റിൻ

**APRIL 2025**
**Vol. LXXV No. 4**

# CONTENTS

സംയുക്തസർക്കുലർ ........ 211

സർക്കുലർ - 331 ........ 217

സർക്കുലർ ........ 221

അറിയിപ്പ് ........ 227

വാർത്തകൾ ........ 249

അഭിവന്ദ്യപിതാവിന്റെ ഡയറി ........ 281

സംയുക്ത സർക്കുലർ

25 Ch. TCL 06

# യുവജനശക്തീകരണം രാഷ്ട്രനിർമിതിക്ക്

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

വിദ്യാഭ്യാസ, സാംസ്കാരികമണ്ഡലങ്ങളിൽ എക്കാലത്തും നമ്മുടെ സംസ്ഥാനം മികവ് പുലർത്തിയിട്ടുണ്ട്. 1991-ൽ കേരളം സമ്പൂർണ സാക്ഷരത കൈവരിച്ചു. 2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിന്റെ ആകെ സാക്ഷരതാനിരക്ക് 94 ശതമാനത്തോളം ആയിരുന്നു. ഇന്ന് അത് 96 ശതമാനത്തിലധികം ആയിട്ടുണ്ട്. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ ക്രൈസ്തവമിഷണറിമാർ, വിശിഷ്യ, വി. ചാവറ കുര്യാക്കോസ് ഏലിയാസ് പിതാവും ചാൾസ് ലെവിഞ്ഞ് പിതാവും മറ്റും നേതൃത്വം കൊടുത്ത ബഹുജനവിദ്യാഭ്യാസപ്രവർത്തനങ്ങളാണ് നമ്മുടെ സംസ്ഥാനത്തെ സാർവത്രികവിദ്യാഭ്യാസത്തിൽ രാജ്യത്തെ മുൻപന്തിയിലെത്തിച്ചിട്ടുള്ളത്. വ്യവസ്ഥാപിതമായ സ്കൂൾവിദ്യാഭ്യാസസംവിധാനം കേരളത്തിൽ നടപ്പാക്കിയതും ക്രൈസ്തവർതന്നെയാണ്. ജാതി, വർഗ, വർണ വ്യത്യാസമില്ലാതെ സർവർക്കും വിദ്യാഭ്യാസം എന്നതാണല്ലോ നമ്മുടെ സ്ഥാപനങ്ങളുടെ മുഖമുദ്ര. പ്രധാനമായും കാർഷികവൃത്തിയിൽ ഏർപ്പെട്ടിരുന്ന നമ്മുടെ പൂർവികരുടെ സ്വപ്നം തങ്ങളുടെ മക്കളുടെ വിദ്യാഭ്യാസമായിരുന്നു. ഇത് സാക്ഷാത്കരിക്കുന്നതിന് സഭയുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്കു സാധിച്ചുവെന്നതിൽ നമുക്കു ചാരിതാർഥ്യമുള്ളവരാകാം. നല്ല വിദ്യാഭ്യാസത്തിലേക്കും മെച്ചപ്പെട്ട തൊഴിൽമേഖലയിലേക്കും നമ്മുടെ സമൂഹത്തെ നയിക്കുന്നതിന് ക്രൈസ്തവവിദ്യാഭ്യാസസ്ഥാപന

ങ്ങൾക്കായിട്ടുണ്ട്. സർക്കാർ, അർധസർക്കാർ സ്ഥാപനങ്ങളിൽ ക്രൈസ്തവരുടെ സാന്നിധ്യം നമ്മുടെ സമൂഹത്തിന്റെ സാർവതോമുഖമായ വളർച്ചയ്ക്ക് ആക്കംകൂട്ടി.

എന്നാൽ, ഇക്കഴിഞ്ഞ ഒന്നുരണ്ടു ദശകങ്ങളിലായി നമ്മുടെ സമൂഹത്തിന്റെ മുൻഗണനകളിൽ സംഭവിച്ച വ്യതിയാനം ഈയൊരു മുന്നേറ്റത്തെ ഒട്ടൊന്നുമല്ല ദോഷകരമായി ബാധിച്ചിട്ടുള്ളത്. എന്തു വില കൊടുത്തും വിദേശരാജ്യങ്ങളിലേക്കു വിദ്യാഭ്യാസത്തിനും തൊഴിലിനുമായി ചേക്കേറുന്ന പ്രവണത നമ്മുടെ സമൂഹത്തെ ആകെ ബാധിച്ചിരിക്കുന്നു. 2023 ലെ കേരള മൈഗ്രേഷൻ സർവേ റിപ്പോർട്ടു പ്രകാരം കേരളത്തിൽനിന്നുള്ള യുവജനങ്ങളുടെ വിദ്യാഭ്യാസത്തിനായുള്ള മൈഗ്രേഷൻ 2018 ൽ 1,29,763 ആയിരുന്നത് 2023 ൽ 2,50,000 ആയി വർധിച്ചെന്നാണു കണക്കാക്കപ്പെട്ടിട്ടുള്ളത്. കേരളത്തിലെ ജനസംഖ്യയുടെ 17 ശതമാനത്തോളംമാത്രം വരുന്ന ക്രൈസ്തവസമുദായത്തിൽനിന്നാണ് ആകെ മൈഗ്രേഷന്റെ 22 ശതമാനവുമെന്നത് ആശങ്കയുണർത്തുന്നതാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും തൊഴിൽസാഹചര്യങ്ങളും മറഞ്ഞിരിക്കുന്ന അധികച്ചെലവുകളും നയതന്ത്രപരമായ മാറ്റങ്ങൾ ഉയർത്താവുന്ന വെല്ലുവിളികളും ഇതര ചതിക്കുഴികളും വാസസൗകര്യം, വൈദ്യസഹായം പോലുള്ള അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതയും മറ്റും വ്യക്തമായി മനസ്സിലാക്കാതെയും വിലയിരുത്തപ്പെടാതെയുള്ള മൈഗ്രേഷൻ നമ്മുടെ യുവതീയുവാക്കളുടെ ജീവിതം ചിലപ്പോഴെങ്കിലുമൊക്കെ വഴിമുട്ടിച്ചിട്ടുണ്ട്. വിദേശത്തുനിന്ന് കേരളത്തിലേക്കു തിരിച്ചുവരുന്നവരുടെ (Return Emigrants) എണ്ണത്തിൽ 1998 മുതൽ വന്നിട്ടുള്ള ക്രമാതീതമായ വർധന ഇതോടൊപ്പം കൂട്ടിവായിക്കപ്പെടേണ്ടതാണ്. ഏഴുലക്ഷത്തോളമായിരുന്നു 1998 ലെ റിട്ടേൺ എമിഗ്രന്റ്സിന്റെ എണ്ണമെങ്കിൽ, 2023 ൽ അത് 18 ലക്ഷത്തോളമായി ഉയർന്നിട്ടുണ്ട്. 2023 ൽ തിരികെയെത്തിയവരിൽ 18 ശതമാനം പേർ ജോലി നഷ്ടപ്പെട്ടിട്ടും 16 ശതമാനം പേർ കേരളത്തിൽ ജോലി ചെയ്യാൻ ഇഷ്ടപ്പെട്ടിട്ടുമാണ് തിരികെപ്പോന്നിട്ടുള്ളതെന്നാണ് കണക്കുകൾ വെളിവാക്കുന്നത്. തിരിച്ചുവരുന്ന

വിദ്യാർഥികളിൽ 49 ശതമാനം പേരും കേരളത്തിലെത്തിയ തിനുശേഷവും പഠനം തുടരുകയാണ്. വിദേശപഠനംമൂല മുണ്ടായ ഭാരിച്ച സാമ്പത്തികബാധ്യതയും തൊഴിലില്ലായ്മയും ഇവരെ അലട്ടുന്നുണ്ട് എന്നത് നമ്മെ ഇരുത്തിച്ചിന്തിപ്പിക്കണം. ഇക്കാര്യങ്ങളാൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായുള്ള കുടി യേറ്റം ഒരു കുറ്റമറ്റ പ്രക്രിയയായി വിലയിരുത്താൻ സാധിക്കു ന്നില്ല. യുവജനങ്ങളും മാതാപിതാക്കളും അധ്യാപകരും ഇക്കാ ര്യത്തിൽ കൂടുതൽ ജാഗ്രത പുലർത്തണം.

നമ്മുടെ കുട്ടികൾ സാധിക്കുന്നത്ര നമ്മുടെ രാജ്യത്തു മാന്യമായ തൊഴിൽ കണ്ടെത്താൻ പരിശ്രമിക്കണം. മാതൃരാ ജ്യത്തെ സേവിക്കുന്നതിലും പിറന്ന മണ്ണിൽ ജീവിക്കുന്നതിലും അഭിമാനം കണ്ടെത്തണം. നമ്മുടെ യുവജനങ്ങൾ ദൈവം കനി ഞ്ഞുനൽകിയിരിക്കുന്ന താലന്തുകൾ തിരിച്ചറിയണം. അവരിൽ പലരും നേതൃത്വപാടവവും ഭരണനൈപുണ്യവും കൈമുതലാ യിട്ടുള്ളവരാണ്. അങ്ങനെയുള്ളവർ രാഷ്ട്രനിർമിതിയിലേക്കും ഭരണനിർവഹണത്തിലേക്കും കടന്നുവരണം. അല്ലാത്തപക്ഷം, രാഷ്ട്രനിർമിതിയിൽ നമ്മുടെ സമൂഹത്തിന്റെ പങ്ക് കുറഞ്ഞു പോകുന്നതിന് ഇടവരുത്തും. അനവധിയായ സർക്കാർ, അർധ സർക്കാർ സ്ഥാപനങ്ങളെക്കുറിച്ചും അവിടെയുള്ള തൊഴിലവ സരങ്ങളെക്കുറിച്ചും നാം പഠിക്കണം. സർക്കാർജോലി സ്വന്ത മാക്കുന്നതിനുള്ള പരിശീലനം സ്കൂൾ, കോളജ് വിദ്യാഭ്യാസ കാലത്തുതന്നെ ആരംഭിക്കേണ്ടത് നമ്മുടെ നിലനിൽപ്പിനുതന്നെ അത്യന്താപേക്ഷിതമാണ്. തങ്ങളുടെ കുട്ടികളെ ആനുകാലിക വിഷയങ്ങളിൽ അറിവുള്ളവരായി വളർത്തുന്നതിൽ മാതാപി താക്കളും അധ്യാപകരും സജീവശ്രദ്ധ പുലർത്തണം. മണ്ണി നോടും മലമ്പനിയോടും മലമ്പാമ്പിനോടും പൊരുതി കെട്ടിപ്പ ടുത്തിയ ധീരതയുടെ പാരമ്പര്യം നമുക്കുണ്ട്. സമ്പദ്‌വ്യവസ്ഥ ഉയർത്തുന്ന വെല്ലുവിളികളെ ദീർഘവീക്ഷണത്തോടെ സമീ പിച്ചു നല്ല സംരംഭകരായും നമ്മൾ മാറണം. പുതിയ വ്യവസായ ആശയങ്ങളും സാധ്യതകളും കണ്ടെത്തി കൂട്ടായ വിഭവസമാ ഹരണത്തിലൂടെ മെച്ചപ്പെട്ട സ്റ്റാർട്ട് അപ്പുകളും മറ്റും ആരംഭിച്ച് തൊഴിലന്വേഷകരിൽനിന്ന് തൊഴിൽദാതാക്കളായി മാറാനും

സാധിക്കണം. ഇക്കാര്യങ്ങൾക്കൊക്കെയുള്ള പ്രോത്സാഹനവും പരിശീലനവും ഇടവക ഫൊറോനാതലത്തിൽ സംഘടിപ്പിക്കുന്നതിൽ ബഹു. അച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കണം.

## പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട്

നമ്മുടെ രാജ്യത്തു ലഭ്യമായിട്ടുള്ള തൊഴിൽമേഖലകളിലേക്കു യുവതലമുറയെ നയിക്കേണ്ടതിന്റെ ആവശ്യകത മനസ്സിലാക്കി നമ്മുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ പുനരാവിഷ്കരിക്കപ്പെടേണ്ടതുണ്ട്. രാജ്യത്തിന്റെ ഭരണചക്രം തിരിക്കുന്ന സിവിൽ സർവീസിൽ കേരളത്തിന്റെ പ്രാതിനിധ്യം ശുഷ്കമാണെന്ന തിരിച്ചറിവാണ് ചങ്ങനാശേരി, പാലാ, കാഞ്ഞിരപ്പള്ളി രൂപതകളുടെ സംയുക്താഭിമുഖ്യത്തിൽ 1998 ൽ പാലാ കേന്ദ്രമായി ഒരു സിവിൽ സർവീസ് പരിശീലനകേന്ദ്രം ആരംഭിക്കാനിടയായത്. കഴിഞ്ഞ 27 വർഷത്തെ പ്രവർത്തനമികവുകൊണ്ട് നാളിതുവരെ 364 മലയാളികളെ ഇന്ത്യൻ സിവിൽ സർവീസിലേക്കും മറ്റനേകരെ സമാന സർക്കാർ, അർധസർക്കാർ സേവനമേഖലകളിലേക്കും കൈപിടിച്ചുയർത്താൻ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിനു സാധിച്ചിട്ടുണ്ട്. സ്ഥാപക പിതാക്കൻമാരായ അഭിവന്ദ്യരായ മാർ ജോസഫ് പൗവ്വത്തിൽ പിതാവിനെയും മാർ മാത്യു വട്ടക്കുഴി പിതാവിനെയും മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവിനെയും തുടർന്ന് ഈ സ്ഥാപനത്തിനു നേതൃത്വം നൽകിയ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനെയും മാർ മാത്യു അറയ്ക്കൽ പിതാവിനെയും നന്ദിപൂർവം ഇവിടെ സ്മരിക്കുകയാണ്.

പുതിയ കാലത്തിന്റെ മത്സരാധിഷ്ഠിത പഠനസമ്പ്രദായങ്ങൾ വിദ്യാർഥികളെ പരിചയപ്പെടുത്തുന്നതിലും പരിശീലിപ്പിക്കുന്നതിലും നമ്മുടെ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് മാതൃകാപരമായ പ്രവർത്തനങ്ങളാണു കാഴ്ചവയ്ക്കുന്നത്. വിദ്യാർഥികൾക്കു സിവിൽ സർവീസ്, കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ്, പി.എസ്.സി. എന്നിവയുടെ മത്സരപ്പരീക്ഷകളിലൂടെ ഈ രാജ്യത്തുതന്നെ തൊഴിൽ നേടാൻ കഴിയുംവിധമുള്ള പഠനപരിശീലനപരിപാടികൾ ഇവിടെ ഏറെ കാര്യക്ഷമമായി നട

ക്കുന്നു. അർഹരായവർക്ക് സ്കോളർഷിപ്പുകളും ഫീസ് ഇളവു കളും നൽകുന്നുമുണ്ട്.

ഐ.എ.എസ്., ഐ.പി.എസ്., ഐ.എഫ്.എസ്. തുടങ്ങിയ 24 സിവിൽ സർവീസുകളിലേക്ക് 2026 ൽ നടക്കുന്ന പരീക്ഷ യ്ക്കുള്ള കോച്ചിങ് ക്ലാസുകളുടെ അഡ്മിഷൻ ആരംഭിച്ചിരി ക്കുന്നു. ഏതെങ്കിലും വിഷയത്തിൽ ഡിഗ്രിയോ ഉപരിയോഗ്യ തയോ ഉള്ളവർക്ക് ഒരു വർഷം ദീർഘിക്കുന്ന ഫുൾടൈം കോഴ്സിന്റെ ഭാഗമായി പ്രിലിമിനറി, മെയിൻസ്, ഇന്റർവ്യൂ എന്നീ മൂന്നുഘട്ട പരീക്ഷകൾക്കുമുള്ള പരിശീലനമാണു നൽകുന്നത്. ഡിഗ്രിയോടൊപ്പം ഐ.എ.എസ്. പഠിക്കുന്നതിനുള്ള ആഡ് ഓൺ കോഴ്സും ഹയർ സെക്കൻഡറി വിദ്യാർഥികൾക്കുവേണ്ടിയുള്ള ഫൗണ്ടേഷൻ കോഴ്സും അഞ്ചാം ക്ലാസുമുതൽ ആരംഭിക്കുന്ന ബ്ലൂമിങ് മൈന്റ്സ്, ഒമ്പത്, പത്ത് ക്ലാസുകാർക്കുള്ള ബ്യൂട്ടിഫുൾ മൈന്റ്സ് എന്നീ പരിശീലനപരിപാടികളും സ്കൂൾ കുട്ടി കൾക്കുള്ള സമഗ്രവ്യക്തിത്വവികസന ക്യാമ്പുകളും കേരള പി. എസ്.സി. പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനവും ഇൻസ്റ്റി റ്റ്യൂട്ടിൽ നടത്തിവരുന്നു. നമ്മുടെ കുട്ടികൾക്ക് ഇന്ത്യയിലെ തൊഴിൽമേഖലകളെയും വിദ്യാഭ്യാസസാധ്യതകളെയും പരിച യപ്പെടാനും മത്സരപ്പരീക്ഷകൾക്കു സജ്ജരാകാനും ഉതകുന്ന ക്ലാസുകളും പരിശീലനവുമാണ് നാം ലക്ഷ്യം വയ്ക്കുന്നത്. 50 ലക്ഷം രൂപയുടെ മെറിറ്റ് കം മീൻസ് സ്കോളർഷിപ്പുകളും ഫുൾടൈം കോഴ്സിനായി ഒരുക്കിയിട്ടുണ്ട്. മേയ് 4 നു നടക്കുന്ന സ്കോളർഷിപ്പ് ഓൺലൈൻ പരീക്ഷ എഴുതി ഈ അവസരം ഉപയോഗപ്പെടുത്താൻ നമ്മുടെ യുവതീയുവാക്കന്മാരെ പ്രോത്സാ ഹിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പരിശീലന മികവും സർവസജ്ജമായ ലൈബ്രറിയും പഠന ക്യൂബി ക്കിളുകളും സിവിൽ സർവീസ് പരീക്ഷയിൽ നിരന്തരമായി ലഭി ക്കുന്ന വിജയവും ഈ സ്ഥാപനത്തെ അനന്യമാക്കുന്നു. രാഷ്ട്ര നിർമിതിയിൽ പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഇക്കഴിഞ്ഞ 27 വർഷങ്ങൾ നിർവഹിച്ച നിസ്തുലമായ സേവനങ്ങളെ നന്ദി

യോടെ സ്മരിക്കാം. നമ്മുടെ കുഞ്ഞുങ്ങളുടെയും യുവജനങ്ങളുടെയും സമഗ്രമായ വ്യക്തിത്വവികാസത്തിനും ബൗദ്ധിക വളർച്ചയ്ക്കും ഊന്നൽ നൽകി അവരെ ഉത്തമപൗരൻമാരാക്കി രാജ്യശുശ്രൂഷയ്ക്കായി സമർപ്പിക്കുകയെന്ന ലക്ഷ്യത്തോടെ ഇൻസ്റ്റിറ്റ്യൂട്ട് സംഘടിപ്പിക്കുന്ന എല്ലാ കർമപരിപാടികളോടും നമുക്ക് ആത്മാർഥമായി സഹകരിക്കാം.

5-ാം ക്ലാസ്സുമുതൽതന്നെ വിദ്യാർഥികളെ നല്ല ലക്ഷ്യബോധത്തിൽ വളർത്തുന്നതിനും മെച്ചപ്പെട്ട തൊഴിൽദർശനം നല്കുന്നതിനുമായി തികച്ചും വിദ്യാർഥിസൗഹാർദപരമായി സംഘടിപ്പിച്ചിട്ടുള്ള ഓൺലൈൻ കോഴ്സുകളിലും സമ്മർ ക്യാമ്പുകളിലും നമ്മുടെ കുട്ടികളെ പങ്കെടുപ്പിക്കുന്നതിന് അധ്യാപകരും മാതാപിതാക്കളും ശ്രദ്ധിക്കണം. സിവിൽ സർവീസ് ആഡ് ഓൺ കോഴ്സിലൂടെയും ഫുൾടൈം കോഴ്സിലൂടെയും മറ്റൊരിടത്തും ലഭ്യമല്ലാത്ത ശാന്തമായ പഠനാന്തരീക്ഷം ഉപയോഗപ്പെടുത്തി രാജ്യത്തെ ഏറ്റവും ഉന്നതമായ സിവിൽ സർവീസുകളിൽ എത്തിച്ചേർന്ന് രാഷ്ട്രനിർമിതിയിൽ പങ്കാളികളാകാൻ യുവതീയുവാക്കളെ ആഹ്വാനം ചെയ്തുകൊണ്ട്,

മിശിഹായിൽ സ്നേഹപൂർവം,

**ആർച്ചുബിഷപ് മാർ തോമസ് തറയിൽ**
ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്ത

**മാർ ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപത മെത്രാൻ

**മാർ ജോസ് പുളിക്കൽ**
കാഞ്ഞിരപ്പള്ളി രൂപത മെത്രാൻ

ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 9539381100, 9539371100

E-mail:civilpala@yahoo.com Web: www.civilservicepala.com

NB. ഈ സർക്കുലർ 2025 ഏപ്രിൽ മാസം 6-ാം തീയതി ഞായറാഴ്ച വി. കുർബാനമധ്യേ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

സർക്കുലർ - 331

## കത്തോലിക്കാ കോൺഗ്രസ്

മിശിഹായിൽ പ്രിയ വൈദികരേ, സന്ന്യസ്തരേ, സ്നേഹം നിറഞ്ഞ സഹോദരീസഹോദരന്മാരേ,

സീറോ-മലബാർ സഭയുടെ സമുദായസംഘടനയായ കത്തോലിക്കാ കോൺഗ്രസ് രൂപീകൃതമായിട്ട് ഏപ്രിൽ 30 ന് 107 വർഷങ്ങൾ പൂർത്തിയാവുകയാണ്. സഭാചരിത്രത്തിലെ സൂര്യതേജസ്സായ നിധീരിക്കൽ മാണിക്കത്തനാരാണ് 1904 ൽ മാന്നാനത്തെ നാല്പതുമണി ആരാധനാവേളയിൽ ഒരു സമുദായസംഘടന വേണമെന്ന ചിന്ത മുന്നോട്ടുവച്ചത്. മാണിയച്ചന്റെയും അല്മായപ്രമുഖനായിരുന്ന പാറായിൽ വർക്കി തരകന്റെയും നേതൃത്വത്തിൽ നടന്ന സമുദായസംഗമമാണ് കത്തോലിക്കാ കോൺഗ്രസിന്റെ രൂപീകരണത്തിനു കാരണമായത്. 1918 ൽ ചങ്ങനാശേരിയിൽ നടന്ന സമ്മേളനത്തിലാണ് കത്തോലിക്കാ കോൺഗ്രസിന്റെ ആദ്യരൂപമായ കേരളാ കത്തോലിക്കാ മഹാജനസഭ രൂപംകൊണ്ടത്.

പാലാ രൂപതയുടെ പരിധിയിൽവരുന്ന നിരവധി അല്മായപ്രമുഖരുടെ ത്യാഗപൂർണമായ പ്രവർത്തനമാണ് കത്തോലിക്കാ കോൺഗ്രസിന്റെ രൂപീകരണത്തിനും വളർച്ചയ്ക്കും കാരണമായത്. ജോൺ നിധീരിയായിരുന്നല്ലോ ആദ്യത്തെ അല്മായപ്രസിഡന്റ്. മുൻകാലനേതാക്കന്മാരുടെ പാവനസ്മരണയ്ക്കുമുന്നിൽ രൂപത ആദരാഞ്ജലികൾ അർപ്പിക്കുന്നു.

കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിൽ നടത്തിയ സമരപോരാട്ടങ്ങളും ഇടപെടലുകളും സംഭവബഹുമായിരുന്നു. നവോത്ഥാനമുന്നേറ്റങ്ങൾക്കു കരുത്തുപകർന്ന മലയാളിമെമ്മോറിയൽ, നിവർത്തനപ്രക്ഷോഭം, പൗരസമത്വപ്രക്ഷോഭം എന്നിവയ്ക്ക് കത്തോലിക്കാ കോൺഗ്രസ് നേതൃത്വം നല്കി. സർ സി.പി. ക്കെതിരേ നടന്ന പ്രക്ഷോഭങ്ങളും വിമോചനസമരത്തിനു കളമൊരുക്കിയ വിദ്യാഭ്യാസസമരങ്ങളും, 1972 ലെ കോളേജുസമരവുമെല്ലാം സംഘടനയുടെ നേതൃത്വത്തി

ലാണു നടന്നത്. മാർ കരിയാറ്റിയുടെ ഭൗതികശരീരം കേരളക്കരയിൽ കൊണ്ടുവന്ന് പുനഃസ്ഥാപിച്ചതും കത്തോലിക്കാ കോൺഗ്രസിന്റെ നേതൃത്വത്തിലായിരുന്നു. തുടർനാളുകളിലും റബർ, നെല്ല്, നാളികേരം ഉൾപ്പെടെയുള്ള കാർഷികോത്പന്നങ്ങളുടെ വിലത്തകർച്ചയ്ക്കെതിരേയും ന്യൂനപക്ഷാവകാശ ധ്വംസനങ്ങൾക്കെതിരേയും മദ്യം, മയക്കുമരുന്ന് തുടങ്ങിയവയുടെ വ്യാപനത്തിനെതിരേയും ശക്തമായ ഇടപെടലുകൾ സംഘടനയുടെ നേതൃത്വത്തിൽ നടക്കുകയുണ്ടായി. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളും ചർച്ച് ആക്ടും ബഫർസോണും നിരന്തരസമരങ്ങളിലൂടെ സർക്കാരുകളെക്കൊണ്ടു തിരുത്തിച്ച് വിജയം വരിച്ചത് അഭിമാനാർഹമായ നേട്ടങ്ങളാണ്. തീവ്രമത നിലപാടുകൾ ഉയർത്തുന്ന വെല്ലുവിളികൾക്കും കടന്നുകയറ്റങ്ങൾക്കുമെതിരേയും സിനിമയും സോഷ്യൽമീഡിയയും ഉൾപ്പെടെ വിവിധ മാധ്യമ അജണ്ടകൾക്കെതിരേയും വന്യമൃഗ ആക്രമണം ഉൾപ്പെടെയുള്ള വിവിധ കർഷകദ്രോഹനടപടികൾക്കെതിരേയും മുനമ്പം വിഷയംപോലുള്ള സാമൂഹികവിപത്തുകൾക്കെതിരേയും കത്തോലിക്കാ കോൺഗ്രസ് നടത്തുന്ന നിരന്തര ഇടപെടലുകൾ സഭയ്ക്കും സമുദായത്തിനും സമൂഹത്തിനും ഏറെ പ്രതീക്ഷാനിർഭരമാണെന്നത് പ്രത്യേകം എടുത്തുപറയേണ്ടതുതന്നെയാണ്.

സഭയുടെ യുവജനസംഘടനയിൽ പ്രവർത്തിച്ചു പുറത്തുവരുന്ന യുവനേതാക്കളെ സംഘടിപ്പിച്ച് യൂത്ത് കൗൺസിൽ രൂപീകരിച്ചത് ശ്രദ്ധേയമായ കാൽവയ്പാണ്. യുവാക്കളെ സഭയോടും സമുദായത്തോടും കൂടുതൽ അടുത്തുനിർത്താൻ ഇതുവഴി സാധിക്കും. സംഘടനയ്ക്കു കൂടുതൽ കരുത്തും ഊർജസ്വലതയും കൈവരിക്കാനും ഈ നീക്കം ഉപകരിക്കും.

കത്തോലിക്കാ കോൺഗ്രസിന്റെ കീഴിൽ വനിതാ കൗൺസിൽ രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചത് വലിയ മാറ്റങ്ങൾക്കും വനിതാമുന്നേറ്റത്തിനും കാരണമാകുമെന്നതിൽ സംശയമില്ല. കൂടുതൽ വനിതകൾ നേതൃത്വത്തിലേക്കു വരാനും അടു

ത്തുവരുന്ന തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ നമ്മുടെ സമുദായത്തിനു കൂടുതൽ പ്രാതിനിധ്യം ലഭിക്കാനും ഇത് അവസരം ഒരുക്കുമെന്നതിൽ സംശയമില്ല.

പുതുതലമുറ കൃഷിയിൽനിന്ന് അകലുന്ന ഈ കാലഘട്ടത്തിൽ കഴിഞ്ഞ പത്തു വർഷമായി മുടക്കംകൂടാതെ അടുക്കളത്തോട്ടമത്സരം എന്ന ക്രിയാത്മകമായ പദ്ധതിയിലൂടെ കത്തോലിക്കാ കോൺഗ്രസ് ചെയ്യുന്ന സേവനങ്ങൾ പ്രശംസനീയമാണ്. ഇതുവഴി, നമ്മുടെ കുടുംബങ്ങളിൽനിന്നു നഷ്ടപ്പെടുന്ന കാർഷികസംസ്കാരം തിരിച്ചുകൊണ്ടുവരാനും കഴിയുന്നു എന്നുള്ളത് അഭിമാനാർഹമാണ്.

നമ്മുടെ യുവതലമുറയെ ലഹരി ഉൾപ്പടെയുള്ള വിവിധ സാമൂഹികതിന്മകൾക്ക് അടിമകളാക്കാനും ചൂഷണം ചെയ്യാനും നടക്കുന്ന സംഘടിതശ്രമങ്ങളെ പ്രതിരോധിക്കുകയും ചെറുത്തുതോൽപ്പിക്കുകയും വേണം. നമ്മുടെ പെൺകുട്ടികളുടെ സംരക്ഷണത്തിനു കൂടുതൽ ശ്രദ്ധിക്കണം. സാമൂഹികമാധ്യമങ്ങളിലൂടെയും മറ്റു വഴികളിലൂടെയും നമ്മുടെ സഭയെ അവഹേളിക്കാനും തകർക്കാനുമുള്ള ഗൂഢനീക്കങ്ങളെ തിരിച്ചറിഞ്ഞ് സമുദായം ഒറ്റക്കെട്ടായി നിൽക്കേണ്ടതിന്റെ ആവശ്യകത നാം ഓർക്കണം. തീവ്രനിലപാടുകളിലൂന്നി നമ്മുടെ ആരാധനാലയങ്ങളിലേക്കും കുടുംബങ്ങളിലേക്കും കടന്നുകയറാനുള്ള ശ്രമങ്ങളെ ചെറുക്കാൻ നിതാന്തജാഗ്രത പുലർത്തണം. നമ്മുടെ ആശുപത്രികൾക്കെതിരേയും വിദ്യാഭ്യാസസ്ഥാപനങ്ങൾക്കെതിരേയും ഒളിഞ്ഞും തെളിഞ്ഞും നടത്തുന്ന ആക്രമണങ്ങൾ കണ്ടില്ലെന്നു നടിക്കരുത്. നമ്മളെ തെറ്റിധരിപ്പിക്കാനും ഭിന്നിപ്പിക്കാനുമുള്ള നീക്കങ്ങൾ തിരിച്ചറിയണം. സമുദായാംഗങ്ങളുടെ പ്രശ്നങ്ങളിൽ പരസ്പരം സഹായിക്കാനും ഒപ്പം നിൽക്കാനും അതുവഴി സമുദായബോധവും സംഘചൈതന്യവും ഉണ്ടാകാനും ഒറ്റക്കെട്ടായി നിൽക്കാനുമുള്ള കൂട്ടായ്മ രൂപീകരിക്കണം.

നമ്മുടെ രൂപതയിൽ കത്തോലിക്കാ കോൺഗ്രസിന്റെ ഒരു കർമസേന രൂപീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പ് കൂട്ടിക്കൽ പ്രദേശത്തുണ്ടായ പ്രകൃതിദുരന്തസമയത്ത് ഇങ്ങനെയുള്ള ഒരു ദ്രുതകർമസേനയുടെ ആവശ്യകത നമ്മൾ മനസ്സിലാക്കിയിട്ടുള്ളതാണ്. നമ്മുടെ ആരാധനാലയങ്ങളുടെയും ആശുപത്രികളുടെയും വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും സംരക്ഷണത്തിനും മയക്കുമരുന്നുപോലെയുള്ള വിപത്തുകളിൽ ജാഗ്രതയ്ക്കും ഈ സേന ഒരു മുതൽക്കൂട്ടാവുമെന്നതിൽ സംശയമില്ല. നമ്മുടെ രൂപതയിൽ സംഘടനയുടെ യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ പുതിയ യൂണിറ്റുകൾ ആരംഭിച്ചും ഇടവകയൂണിറ്റുകളിൽ കർമസേന രൂപീകരിച്ചും നമ്മുടെ സമുദായസംഘടനയെ നമുക്കു ശക്തിപ്പെടുത്താം.

നമ്മുടെ രൂപതയിൽ വിവിധ തലങ്ങളിൽ നിസ്വാർഥരും വിദ്യാസമ്പന്നരും പക്വമതികളുമായ ധാരാളം അല്മായർ കത്തോലിക്കാ കോൺഗ്രസിലൂടെ നേതൃനിരയിലേക്കു വരുന്നുണ്ട് എന്നത് ഏറെ സന്തോഷകരമാണ്. സഭയുടെ പ്രവർത്തനങ്ങൾക്കു ശക്തി പകരുന്ന, അവരുടെ നേതൃത്വത്തെയും അവർക്കു പിന്തുണയും പ്രോത്സാഹനവും നൽകുന്ന ബഹു. വൈദികരെയും നന്ദിപൂർവം ഓർക്കുന്നു. തുടർന്നും കത്തോലിക്കാ കോൺഗ്രസിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ദൈവാനുഗ്രഹം പ്രാർഥിച്ചുകൊണ്ടും വിജയാശംസകൾ നേർന്നുകൊണ്ടും.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 25.03.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

NB. ഈ സർക്കുലർ ഏപ്രിൽ 27-ാം തീയതി ഞായറാഴ്ച, എല്ലാ ദൈവാലയങ്ങളിലും വി. കുർബാനമധ്യേ വായിക്കുകയും കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി വി. കുർബാനമധ്യേ സംഭാവനശേഖരണം നടത്തി രൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യണമെന്ന് താത്പര്യപ്പെടുന്നു.

No. 4096/K-5/KCBC/OL/DS 28.02.2025

**പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ**
**2025 ലെ നോമ്പുകാലസന്ദേശം**

# പ്രത്യാശയിൽ നമുക്കൊരുമിച്ചു യാത്ര ചെയ്യാം

പ്രിയ സഹോദരീസഹോദരന്മാരേ,

നമ്മുടെ വാർഷിക തപസ്സുകാലതീർഥാടനം അനുതാപ സൂചകമായ ചാരംപൂശൽ കർമത്തോടെ വിശ്വാസത്തിലും പ്രത്യാശയിലും നാം ആരംഭിക്കുന്നു. പാപത്തിന്റെയും മരണത്തിന്റെയുംമേലുള്ള കർത്താവായ ക്രിസ്തുവിന്റെ പെസഹാവിജയം നാം അത്യധികം സന്തോഷത്തോടെ ആഘോഷിക്കേണ്ടതിനായി നമ്മുടെ മാതാവും ഗുരുനാഥയുമായ സഭ നമ്മുടെ ഹൃദയങ്ങൾ ദൈവത്തിന്റെ കൃപയിലേക്കു തുറന്നുവയ്ക്കാൻ നമ്മെ ക്ഷണിക്കുന്നു. ഈ വിജയത്തെക്കുറിച്ച് വിശുദ്ധ പൗലോസ് ഇപ്രകാരം ഉദ്ഘോഷിച്ചു: മരണത്തെ വിജയം ഗ്രസിച്ചുകളഞ്ഞു. മരണമേ, നിന്റെ വിജയം എവിടെ? മരണമേ, നിന്റെ ദംശനം എവിടെ? (1 കോറി. 15:54-55). യഥാർഥത്തിൽ, ക്രൂശിതനും ഉത്ഥിതനുമായ യേശുക്രിസ്തുവാണ് നമ്മുടെ വിശ്വാസത്തിന്റെ ഹൃദയം; അവിടന്നാണ് പിതാവിന്റെ വലിയ വാഗ്ദാനത്തിലുള്ള നമ്മുടെ പ്രത്യാശയുടെ അച്ചാരം. ഈ വാഗ്ദാനം പ്രിയപുത്രനിൽ നിറവേറിക്കഴിഞ്ഞു; അതായത്, നിത്യജീവൻ (യോഹ. 10:28; 17:3 കാണുക) [1].

ജൂബിലിവർഷത്തിന്റെ കൃപയിൽ പങ്കുചേരുന്ന ഈ തപസ്സുകാലത്ത് പ്രത്യാശയിൽ ഒരുമിച്ചു യാത്രചെയ്യുക എന്നതിന്റെ അർഥത്തെക്കുറിച്ചും ദൈവം തന്റെ കാരുണ്യത്താൽ വ്യക്തിയും സമൂഹവും എന്ന നിലയിൽ എല്ലാവർക്കും നൽകുന്ന മാനസാന്തരത്തിലേക്കുള്ള ആഹ്വാനത്തെക്കുറിച്ചും ചില ചിന്തകൾ നിങ്ങളുമായി പങ്കുവയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

**ഒന്നാമതായി, *യാത്രചെയ്യുക* എന്നതാണ്**: ജൂബിലിയുടെ ആപ്തവാക്യമായ പ്രത്യാശയുടെ തീർഥാടകർ പുറപ്പാടിന്റെ പുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നതുപോലെ വാഗ്ദത്ത ഭൂമിയിലേക്കുള്ള ഇസ്രായേൽജനത്തിന്റെ ദീർഘമായ യാത്രയുടെ ഓർമകൾ ഉണർത്തുന്നു. അടിമത്തത്തിൽനിന്ന് സ്വാതന്ത്ര്യത്തിലേക്കുള്ള ദുഷ്കരമായ ആ പാത തന്റെ ജനത്തെ സ്നേഹിക്കുകയും എപ്പോഴും അവരോടു വിശ്വസ്തനായിരിക്കുകയും ചെയ്ത കർത്താവ് ഇച്ഛിച്ചതും നയിച്ചതും ആയിരുന്നു. ബൈബിളിലെ പുറപ്പാടിനെക്കുറിച്ചു ചിന്തിക്കുമ്പോൾ, നമ്മുടെ കാലത്ത് ദുരിതത്തിന്റെയും അക്രമത്തിന്റെയും സാഹചര്യങ്ങളിൽനിന്നു തങ്ങൾക്കും പ്രിയപ്പെട്ടവർക്കും മെച്ചപ്പെട്ട ജീവിതം തേടി പലായനം ചെയ്യുന്ന നമ്മുടെ സഹോദരീസഹോദരന്മാരെക്കുറിച്ചും ചിന്തിക്കാതിരിക്കാനാവില്ല.

ഇവിടെയാണ് മാനസാന്തരത്തിനായുള്ള ആദ്യത്തെ ക്ഷണം ഉയരുന്നത്. കാരണം, നാമെല്ലാവരും ഈ ജീവിതത്തിൽ തീർഥാടകരാണ്. അതിനാൽ, നാം ഓരോരുത്തരും ഒരു നിമിഷം ഈ വസ്തുത നമ്മുടെ ജീവിതങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നു ചിന്തിക്കേണ്ടതാണ്. ഞാൻ യഥാർഥത്തിൽ ഒരു യാത്രയിലാണോ, അതോ ഞാൻ മുന്നോട്ടുനീങ്ങാതെ നിലയുറപ്പിച്ചിരിക്കുകയാണോ? ഭയവും നിരാശയുംമൂലം ഞാൻ നിശ്ചലനാണോ? അല്ലെങ്കിൽ, എന്റെ സുരക്ഷിതവലയത്തിൽനിന്നു പുറത്തുകടക്കാൻ ഞാൻ വിസമ്മതിക്കുന്നോ? പാപത്തിന്റെ അവസരങ്ങളും എന്റെ മാഹാത്മ്യത്തെ ഇടിച്ചുതാഴ്ത്തുന്ന സാഹചര്യങ്ങളും ഉപേക്ഷിക്കാൻ ഞാൻ തയ്യാറാണോ? നമ്മുടെ ദൈനംദിനജീവിതം ഒരു കുടിയേറ്റക്കാരന്റെയോ വിദേശിയുടെയോ ജീവിതവുമായി താരതമ്യപ്പെടുത്തി നോക്കുന്നത് ഒരു തപസ്സുകാല അനുഷ്ഠാനമാകാവുന്നതാണ്; അത് അവരുടെ അനുഭവങ്ങളോട് എങ്ങനെ സഹതപിക്കാൻ സാധിക്കുമെന്നു മനസ്സിലാക്കുന്നതിനും അതുവഴിയായി ദൈവം എന്താണ് നമ്മോട് ആവശ്യപ്പെടുന്നതെന്ന് അറിയുന്നതും അങ്ങനെ

പിതാവിന്റെ ഭവനത്തിലേക്കുള്ള യാത്രയിൽ എങ്ങനെ കൂടുതൽ നന്നായി നമുക്കു മുന്നേറാൻ സാധിക്കുമെന്നു മനസ്സിലാക്കുന്നതിനും സഹായകമാകും. വഴിയാത്രക്കാരായ നമുക്ക് ഓരോരുത്തർക്കും ഇതൊരു നല്ല ആത്മപരിശോധനയായിരിക്കും.

**രണ്ടാമതായി, *ഒരുമിച്ച്* യാത്രചെയ്യുക:** സിനഡാത്മകമായി ഒരുമിച്ചു യാത്ര ചെയ്യാനാണു സഭ വിളിക്കപ്പെട്ടിരിക്കുന്നത് [2]. ക്രിസ്ത്യാനികൾ ഒരിക്കലും ഒറ്റയ്ക്കു സഞ്ചരിക്കുവാനല്ല; അപരന്റെ പാർശ്വം ചേർന്നു നടക്കാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ സ്വത്വത്തിലേക്ക് ഉൾവലിയാനല്ല; മറിച്ച്, നമ്മുടെ സ്വത്വത്തെ പുറകിൽ നിറുത്തി ദൈവത്തിന്റെയും സഹോദരീസഹോദരന്മാരുടെയും സമീപത്തേക്കു നടന്നുനീങ്ങാനാണ് പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നത് [3]. ഒരുമിച്ചു യാത്ര ചെയ്യുക എന്നതിന്റെ അർഥം ദൈവമക്കളെ നമ്മുടെ പൊതു മാഹാത്മ്യത്തിന്റെ അടിസ്ഥാനത്തിൽ (ഗലാ. 3:26-28) നമ്മുടെ ഐക്യം ബലപ്പെടുത്തുക എന്നതത്രേ; അതായത്, പറ്റംചേർന്നു നടക്കുക. മറ്റുള്ളവരെ തള്ളിവീഴ്ത്താതെയും ചവിട്ടിമെതിക്കാതെയും അസൂയയും കാപട്യവും കൂടാതെയും ആരെയും പുറകിലാക്കുകയോ ഒഴിവാക്കുകയോ ചെയ്യാതെയും പറ്റംചേർന്നു നടക്കുക എന്നതാണ് ഇതിനർഥം. നമുക്കെല്ലാവർക്കും ഒരേ ലക്ഷ്യത്തോടെ, സ്നേഹത്തിലും ക്ഷമയിലും പരസ്പരം ശ്രവിക്കുന്നവരായി ഒരേ ദിശയിലേക്കു നടക്കാം.

നമ്മുടെ ജീവിതസാഹചര്യങ്ങളായ കുടുംബങ്ങളിലും, നാം സമയം ചെലവഴിക്കുന്ന നമ്മുടെ പ്രവർത്തനസ്ഥലങ്ങളിലും മറ്റുള്ളവരുമായി ഒരുമിച്ചു നടക്കാനും അവരെ ശ്രവിക്കാനും നാം തയ്യാറാണോ എന്നും, അല്ലെങ്കിൽ നാം നമ്മിലേക്കുതന്നെ ഉൾവലിഞ്ഞുകൊണ്ട് നമ്മുടെ ആവശ്യങ്ങളെക്കുറിച്ചുമാത്രം ചിന്തിക്കുന്ന രീതിയാണോ നമ്മുടേതെന്നും സ്വയം പരിശോധിച്ചറിയാൻ ദൈവം നമ്മോട് ഈ നോമ്പുകാലത്ത് ആവശ്യപ്പെടുന്നു. മെത്രാന്മാർ, പുരോഹിതർ, സന്ന്യസ്തർ, അല്മായ വിശ്വാസികൾ എന്നീ നിലകളിൽ ദൈവരാജ്യത്തിന്റെ ശുശ്രൂഷ

യിൽ മറ്റുള്ളവരുമായി സഹകരിക്കാൻ നാം തയ്യാറാണോ എന്നു കർത്തൃസന്നിധിയിലിരുന്ന് നമ്മോടുതന്നെ നാം ചോദിക്കണം. കൃത്യമായ പ്രവർത്തനങ്ങളിലൂടെ, വിദുരസ്ഥരും സമീപസ്ഥരും ആയവരെ സ്വാഗതം ചെയ്യുന്നവിധത്തിൽ നാം പെരുമാറുന്നുണ്ടോ എന്നു ചോദിക്കണം. മറ്റുള്ളവർ നമ്മുടെ സമൂഹത്തിന്റെ ഭാഗമായിരിക്കുന്നുവെന്ന് അവർക്ക് അനുഭവപ്പെടുന്നവിധം അവരെ പരിഗണിക്കാൻ നാം തയ്യാറാണോ, അതോ നാം അവരെ അകറ്റി നിറുത്തുന്നുവോ? [4]. അപ്പോൾ ഇത്, മാനസാന്തരത്തിനായുള്ള രണ്ടാമത്തെ ക്ഷണമാണ്; അതായത്, സിനഡാത്മകതയ്ക്കായുള്ള ക്ഷണം.

**മൂന്നാമതായി, നമുക്ക് *പ്രത്യാശയിൽ* ഒരുമിച്ചു യാത്രചെയ്യാം**: എന്തെന്നാൽ, നമുക്ക് ഒരു വാഗ്ദാനം നൽകപ്പെട്ടിരിക്കുന്നു. പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല (റോമാ. 5:5) എന്ന ജൂബിലിയുടെ കേന്ദ്രസന്ദേശം [5] ആയിരിക്കട്ടെ ഉയിർപ്പുതിരുനാളിന്റെ വിജയത്തിലേക്കു നയിക്കുന്ന നമ്മുടെ തപസ്സുകാലയാത്രയുടെ കേന്ദ്രബിന്ദു. *പ്രത്യാശയിൽ രക്ഷ* (*Spe Salvi*) എന്ന ചാക്രികലേഖനത്തിൽ ബെനഡിക്ട് പതിനാറാമൻ പാപ്പാ നമ്മെ പഠിപ്പിച്ചതുപോലെ, "മനുഷ്യനു വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം ആവശ്യമാണ്. അവന് ഇപ്രകാരം പറയാൻ സാധിക്കുന്ന ഉറപ്പ് ആവശ്യമുണ്ട്: 'മരണത്തിനോ ജീവനോ ദൂതന്മാർക്കോ അധികാരങ്ങൾക്കോ ഇപ്പോഴുള്ളവയ്ക്കോ വരാനിരിക്കുന്നവയ്ക്കോ ശക്തികൾക്കോ ഉയരത്തിനോ ആഴത്തിനോ മറ്റേതെങ്കിലും സൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലൂടെയുള്ള ദൈവസ്നേഹത്തിൽനിന്ന് നമ്മെ വേർപെടുത്താൻ കഴിയില്ല' (റോമാ. 8:38-39)" [6]. എന്റെ പ്രത്യാശയായ ക്രിസ്തു ഉയിർത്തെഴുന്നേറ്റിരിക്കുന്നു! [7]. അവൻ ജീവിക്കുകയും മഹത്ത്വത്തിൽ വാണരുളുകയും ചെയ്യുന്നു. മരണത്തെ വിജയത്തിലേക്കു പരിവർത്തനപ്പെടുത്തിയിരിക്കുന്നു. ക്രിസ്ത്യാനികളുടെ വിശ്വാസവും വലിയ പ്രത്യാശയും ഇതിൽ അധിഷ്ഠിതമാണ്: ക്രിസ്തുവിന്റെ ഉയിർപ്പ്!

**അതിനാൽ, ഇതാണ് മാനസാന്തരത്തിലേക്കുള്ള മൂന്നാമത്തെ ക്ഷണം**: പ്രത്യാശയിലേക്കുള്ള ക്ഷണം, ദൈവത്തിലും നിത്യജീവനെക്കുറിച്ചുള്ള അവിടത്തെ വാഗ്ദാനത്തിലും ആശ്രയം അർപ്പിക്കുക എന്നത്. ആകയാൽ, നമുക്കു സ്വയം ചോദിക്കാം: കർത്താവ് എന്റെ പാപങ്ങൾ ക്ഷമിക്കുന്നു എന്ന ബോധ്യം എനിക്കുണ്ടോ? എന്റെ രക്ഷയ്ക്കു ഞാൻമാത്രം മതി എന്ന ചിന്തയിലാണോ ഞാൻ പെരുമാറുന്നത്? രക്ഷയ്ക്കായി ഞാൻ കാംക്ഷിക്കുകയും അതു പ്രാപിക്കുന്നതിനുവേണ്ടി ദൈവസഹായം അഭ്യർഥിക്കുകയും ചെയ്യുന്നുണ്ടോ? ചരിത്രത്തിലെ സംഭവങ്ങൾ വ്യാഖ്യാനിക്കാനും അങ്ങനെ നീതിക്കും സാഹോദര്യത്തിനുംവേണ്ടി പ്രതിജ്ഞാബദ്ധമാവുന്നതിനും നമ്മുടെ പൊതുഭവനമായ ഭൂമിയെക്കുറിച്ചു കരുതൽ ഉണ്ടാകുന്നതിനും അങ്ങനെ ആർക്കും താൻ ഒഴിവാക്കപ്പെടുന്നു എന്ന തോന്നൽ ഉണ്ടാകാതിരിക്കാനുമുള്ള തരത്തിൽ ഞാൻ വ്യക്തമായി ആ പ്രത്യാശ അനുഭവിക്കുന്നുണ്ടോ?

പ്രിയ സഹോദരീസഹോദരന്മാരേ, യേശുക്രിസ്തുവഴി നമുക്കു ലഭിച്ച ദൈവസ്നേഹത്താൽ, നമ്മെ നിരാശപ്പെടുത്താത്ത പ്രത്യാശയാൽ (റോമാ. 5:5 ), നാം നിലനിറുത്തപ്പെടുന്നു. ആത്മാവിന്റെ ഉറച്ചതും ദൃഢവുമായ നങ്കൂരമാണ് [8] പ്രത്യാശ. എല്ലാവരും രക്ഷിക്കപ്പെടുന്നതിനായി (1 തിമോ. 2:4) പ്രാർഥിക്കാനും തന്റെ വരനായ ക്രിസ്തുവുമായി സ്വർഗീയമഹിമയിൽ സംയോജിക്കപ്പെടുന്നതിലേക്ക് ഉറ്റുനോക്കാനും അത് സഭയെ പ്രേരിപ്പിക്കുന്നു. ആവിലായിലെ വിശുദ്ധ ത്രേസ്യയുടെ പ്രാർഥന ഇതായിരുന്നു: പ്രത്യാശിക്കുക, എന്റെ ആത്മാവേ, പ്രത്യാശിക്കുക. നിനക്ക് ആ ദിവസമോ മണിക്കൂറോ അറിയില്ല. ശ്രദ്ധാപൂർവം വ്യാപരിക്കുക; എന്തെന്നാൽ, നിങ്ങളുടെ ക്ഷമയില്ലായ്മ ഉറപ്പുള്ളതിനെ സംശയിക്കുകയും വളരെ കുറഞ്ഞ സമയത്തെ ദീർഘമായി കരുതുകയും ചെയ്യുമ്പോൾ, എല്ലാം പെട്ടെന്നു കടന്നുപോകും (*ആത്മാവിന്റെ ദൈവത്തോടുള്ള പ്രഘോഷണങ്ങൾ* [*The Exclamations of the Soul to God*], 15:3) [9].

പ്രത്യാശയുടെ മാതാവായ പരിശുദ്ധ കന്യകാമറിയം നമുക്കുവേണ്ടി പ്രാർഥിക്കുകയും നമ്മുടെ തപസ്സുകാലയാത്രയിൽ നമ്മെ അനുഗമനം ചെയ്യുകയും ചെയ്യുമാറാകട്ടെ.

രക്തസാക്ഷികളായ വിശുദ്ധ പോൾ മിക്കിയുടെയും സഹചരന്മാരുടെയും സ്മരണാദിനമായ ഫെബ്രുവരി 6, 2025 ൽ റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

[1] Cf. Encyclical Letter *Dilexit Nos* (24 October 2024), 220 .

[2] Cf. Homily for the Mass and Canonization of Giovanni Battista Scalabrini and Artemide Zatti,
9 October 2022.

[3] Ibid.

[4] Ibid.

[5] Cf. Bull *Spes Non Confundit ,* 1.

[6] Encyclical Letter *Spe Salvi* (30 November 2007), 26.

[7] Cf. Easter Sequence.

[8] Cf. *Catechism of the Catholic Church ,* 1820.

[9] Ibid, 1821.

പരിഭാഷ: ഡോ. ജേക്കബ് പ്രസാദ്

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യലയം

പി.ഒ.സി., കൊച്ചി – 682 025

# പീഡാനുഭവവാരവും ഉയിർപ്പുതിരുനാളും

മിശിഹായിൽ പ്രിയ വൈദികരേ, സഹോദരീസഹോദരന്മാരേ,

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനമരണോത്ഥാനരഹസ്യങ്ങളെ ആഴത്തിൽ ധ്യാനിക്കുന്ന പീഡാനുഭവവാരത്തിലേക്ക് ഏപ്രിൽ 12 ശനിയാഴ്ച സായാഹ്നനമസ്കാരത്തോടെ (റംശ) നാം പ്രവേശിക്കുകയാണല്ലോ. അവൻ നമ്മെ സ്നേഹിച്ചതിന്റെ ആർദ്രമായ ഈ ഓർമ ആഴത്തിൽ മിശിഹാരഹസ്യം ധ്യാനിക്കാൻ നമ്മെ സഹായിക്കട്ടെ. അതിനുതകുന്ന ചില പ്രായോഗികകാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തട്ടെ.

**ഓശാനഞായർ**

1. ഓശാനഞായറിന്റെ പ്രാരംഭതിരുക്കർമങ്ങൾ ദൈവാലയത്തിനു പുറത്ത് കുരിശുംതൊട്ടിയിലോ പാരീഷ് ഹാളിലോ സൗകര്യപ്രദമായ മറ്റൊരു സ്ഥലത്തോവച്ചാണു നടത്തേണ്ടത്. തുടർന്ന്, പ്രദക്ഷിണമായി പള്ളിചുറ്റി ആനവാതിൽ മുട്ടിത്തുറന്ന് അകത്തു പ്രവേശിക്കേണ്ടതാണ്.

2. ഓശാനഞായർ തിരുക്കർമങ്ങൾക്കു നൽകേണ്ട ആശീർവദിച്ച കുരുത്തോലകൾ ബഹു. വൈദികരോ ബഹു. സിസ്റ്റേഴ്സോ ആണ് വിതരണം ചെയ്യേണ്ടത്. തുടർന്നുള്ള വി. കുർബാനകൾക്കുശേഷവും ബഹു. വൈദികരോ ബഹു. സിസ്റ്റേഴ്സോ തന്നെ കുരുത്തോലകൾ വിതരണം ചെയ്യാൻ ശ്രദ്ധിക്കുമല്ലോ.

**പെസഹാവ്യാഴം**

1. പെസഹാവ്യാഴാഴ്ച ഇടവകദൈവാലയങ്ങളിൽ ഒരു കുർബാന മാത്രമേ അർപ്പിക്കാവൂ. മഠങ്ങളോടനുബന്ധിച്ചുള്ള ചാപ്പലുകളിൽ അന്നേദിവസം വി. കുർബാന ഉണ്ടായിരിക്കുന്നതല്ല.

2. കാലുകഴുകൽ ശുശ്രൂഷയ്ക്കായി മുതിർന്ന പുരുഷന്മാരെയോ ആൺകുട്ടികളെയോ ആണ് തിരഞ്ഞെടുക്കേണ്ടത്.

3. പെസഹാവ്യാഴാഴ്ച അർപ്പിക്കുന്ന വി. കുർബാനയിൽ മൂന്നാമത്തെ കൂദാശക്രമം – മാർ നെസ്തോറിയോസിന്റെ കൂദാശക്രമം – ആണ് ഉപയോഗിക്കേണ്ടത്.

4. വി. കുർബാനയർപ്പണശേഷം വി. കുർബാന താൽക്കാലികമായി തയ്യാറാക്കിയ പ്രത്യേക സക്രാരിയിലേക്കു മാറ്റി സൂക്ഷിക്കേണ്ടതില്ല. സ്ഥിരമായി പള്ളിയിൽ സ്ഥാപിച്ചിരിക്കുന്ന സക്രാരിയിൽത്തന്നെ ആരാധനയ്ക്കായി സൂക്ഷിച്ചാൽ മതിയാകും. വി. കുർബാന അരുളിക്കയിൽ എഴുന്നള്ളിച്ചു വച്ച് ആരാധന നടത്തുന്നതും ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുന്നതും പെസഹാവ്യാഴാഴ്ച ഒഴിവാക്കേണ്ടതാണ്.

5. അപ്പംമുറിക്കൽശുശ്രൂഷ ഭവനത്തിൽ കുടുംബനാഥന്റെ നേതൃത്വത്തിൽ ഭവനാംഗങ്ങൾ എല്ലാവരും ഒരുമിച്ചു ചേർന്നു നടത്തേണ്ട കർമമാണ്. പള്ളികളിൽ അപ്പംമുറിക്കൽ ശുശ്രൂഷ നടത്തേണ്ടതില്ല.

6. അപ്പംമുറിക്കൽ ശുശ്രൂഷയ്ക്കായി തയ്യാറാക്കുന്ന കുരിശപ്പവും പാലും മിച്ചം വരാത്തവിധം ആവശ്യത്തിനുമാത്രം തയ്യാറാക്കാൻ ശ്രദ്ധിക്കണം.

7. പെസഹാവ്യാഴാഴ്ചയും പീഡാനുഭവവെള്ളിയാഴ്ചയും ഭവനങ്ങളിലും സ്ഥാപനങ്ങളിലും പുത്തൻപാന വായിക്കുന്നത് ഉചിതമാണ്.

**പീഡാനുഭവവെള്ളി**

1. പീഡാനുഭവവെള്ളിയാഴ്ച ദിവ്യകാരുണ്യസ്വീകരണശുശ്രൂഷ നടത്തേണ്ടതില്ല.

2. ആണ്ടുവട്ടത്തിലെ ഏറ്റവും ദൈർഘ്യമേറിയ സുവിശേഷവായനയാണല്ലോ പീഡാനുഭവവെള്ളിയിലേത്. അതിനു പകരമായി കാർമികനും ശുശ്രൂഷകരും മാറിമാറി ചൊല്ലുന്ന പീഡാനുഭവചരിത്രം വായിക്കേണ്ടതില്ല.

3. പീഡാനുഭവവെള്ളിയിലെ തിരുക്കർമങ്ങൾക്കായി മദ്ബഹായിലെ ബലിപീഠത്തിലല്ല, ബേമ്മയിലെ വചനപീഠത്തിലാണ് വി. കുരിശ് (സ്ലീവ) ഊറാറയോടുകൂടി സ്ഥാപിക്കേണ്ടത്. കർത്താ

വിന്റെ രൂപമില്ലാത്ത വി. കുരിശ് (സ്ലീവ) ഉപയോഗിക്കുന്നതാണ് ഉചിതം.

4. പീഡാനുഭവവെള്ളിയിലെ തിരുക്കർമങ്ങളിൽ ധൂപാർപ്പണ ഗീതം ആലപിക്കുമ്പോൾ മദ്ബഹായുടെ വിരി തുറക്കുകയും മദ്ബഹായും തുടർന്ന് പള്ളിയുടെ പ്രധാനകവാടംവരെയും ധൂപിക്കുകയും ചെയ്യുന്നു.

5. നമ്മുടെ കർത്താവിന്റെ കബറിടത്തിന്റെ പ്രതീകമായ ബലി പീഠത്തിൽ സ്ലീവ കിടത്തി കബറടക്കശുശ്രൂഷ നടത്തിയാണ് പീഡാനുഭവവെള്ളിയിലെ തിരുക്കർമങ്ങൾ അവസാനിപ്പിക്കുന്നത് എന്ന് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**ഉയിർപ്പുതിരുനാൾ**

1. ഉയിർപ്പുതിരുനാളിന്റെ കർമങ്ങൾ പുലർച്ചെ മൂന്നുമണിക്കാണ് ആരംഭിക്കേണ്ടത്.

2. പീഡാനുഭവവെള്ളിയിലും ഉയിർപ്പുതിരുനാളിലും തിരുക്കർമങ്ങളോടനുബന്ധിച്ചു നാടകീയരംഗങ്ങൾ അവതരിപ്പിക്കരുത്.

3. ഉയിർപ്പുതിരുനാൾ തിരുക്കർമങ്ങൾക്കായി ഉത്ഥിതനായ മിശിഹായുടെ തിരുസ്വരൂപം/സ്ലീവ ബലിപീഠത്തിലാണ് സ്ഥാപിക്കേണ്ടത്.

4. ഉത്ഥാന അറിയിപ്പിനുശേഷം 'സാഗ്ദീനന്മാർ' എന്ന ഗീതം ആലപിക്കുന്നത് ഉചിതമാണ്.

**വി. മൂറോൻ**

വി. മൂറോൻതൈലം ആവശ്യമുള്ള പള്ളികളിലെ ബഹു. അച്ചന്മാർക്ക് കത്തീഡ്രൽ വികാരിയച്ചനെ സമീപിച്ചു വാങ്ങാവുന്നതാണ്. അതിനായി വി. മൂറോൻ സൂക്ഷിക്കുന്ന ചെപ്പ് കൊണ്ടുചെല്ലാൻ ശ്രദ്ധിക്കുമല്ലോ. തക്കതായ കാരണത്താൽ ബഹു. അച്ചന്മാർക്ക് നേരിട്ട് എത്താൻ സാധിക്കാത്തപക്ഷം വി. മൂറോൻ വാങ്ങാൻ അയയ്ക്കുന്ന വ്യക്തിയുടെ പക്കൽ ഔദ്യോഗികമായ എഴുത്ത് കൊടുത്തുവിടാൻ പ്രത്യേകം ഓർമിപ്പിക്കുന്നു.

## പ്രത്യേക അനുസ്മരണ / നിയോഗപ്രാർഥനകൾ

വൈദികർക്കുവേണ്ടിയുള്ള പ്രാർഥന, ജൂബിലിവർഷ പ്രാർഥന മറ്റ് അവസരങ്ങളിൽ നിർദേശിക്കുന്ന പ്രത്യേക നിയോഗത്തിനായോ അനുസ്മരണത്തിനായോ നടത്തുന്ന പ്രാർഥനകൾ തുടങ്ങിയവ വി. കുർബാനയ്ക്കിടയിലല്ല; മറിച്ച്, വി. കുർബാനയ്ക്കുശേഷമാണ് ചൊല്ലേണ്ടത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

അനുഗ്രഹപ്രദമായ പ്രാർഥനാദിനങ്ങൾ ഏവർക്കും ആശംസിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,



**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

മെത്രാസനമന്ദിരം
പാലാ, 25.03.2025

# പ്രതിനിധിയോഗാംഗങ്ങളുടെ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട നിർദേശങ്ങൾ

പാലാ രൂപത നിയമാവലിയുടെ 391 മുതലുള്ള പേജുകളിൽ പ്രതിനിധിയോഗാംഗങ്ങളെക്കുറിച്ചുള്ള നിയമങ്ങൾ നൽകിയിട്ടുണ്ട്. ആ നിയമങ്ങൾക്കനുസൃതമായി വേണം പ്രതിനിധിയോഗാംഗങ്ങളെ തിരഞ്ഞെടുക്കേണ്ടത്. അതോടനുബന്ധിച്ച് തിരഞ്ഞെടുപ്പിൽ പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ നൽകിയിരിക്കുന്നു.

1. ഒരു വാർഡിൽനിന്ന് ഒരു പ്രതിനിധിയെമാത്രമേ യോഗത്തിലേക്കു തിരഞ്ഞെടുക്കാൻ പാടുള്ളു. (നിയമാവലി പേജ് 392 നമ്പർ 9.2.1.) പത്തിൽ കുറയാതെയും മുപ്പതിൽ കൂടാതെയും വാർഡുകൾ ഉണ്ടായിരിക്കണം.

2. ഇടവകയ്ക്കു വിദ്യാഭ്യാസസ്ഥാപനങ്ങൾ ഉണ്ടെങ്കിൽ അവയിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നത് ഇടവകാംഗമായ വ്യക്തിയായിരിക്കണം. (നിയമാവലി പേജ് 392 നമ്പർ 9.2.2.)

3. രൂപതാനിയമാവലിയിൽ പറഞ്ഞിരിക്കുന്ന അംഗീകൃത സംഘടനകളുടെ പ്രതിനിധികളെയാണു തിരഞ്ഞെടുക്കേണ്ടത്. പ്രായപൂർത്തിയായ പത്തു സജീവപ്രവർത്തകരെങ്കിലുമുള്ള സംഘടനകളിൽനിന്നുമാത്രമേ തിരഞ്ഞെടുക്കാവൂ. (നിയമാവലി പേജ് 392-393 നമ്പർ 9.2.4.)

4. ഇടവകയിലെ പുരുഷന്മാരുടെ സമർപ്പിതജീവിതസമൂഹങ്ങളുടെ പ്രതിനിധിയായി ഒരാളും സ്ത്രീകളുടെ സമർപ്പിതജീവിതസമൂഹങ്ങളുടെ പ്രതിനിധിയായി ഒരാളും തിരഞ്ഞെടുക്കപ്പെടേണ്ടതാണ്. രണ്ടോ അതിൽ കൂടുതലോ സന്ന്യാസഭവനങ്ങളുണ്ടെങ്കിൽ ബഹു. വികാരിയുടെ അധ്യക്ഷതയിൽ യോഗം ചേർന്ന് തിരഞ്ഞെടുപ്പു നടത്തേണ്ടതാണ്. (നിയമാവലി പേജ് 393 നമ്പർ 9.2.5.)

5. പത്ത് ദളിത് കത്തോലിക്കാ കുടുംബങ്ങളുള്ള ഇടവകയിൽ ഒന്നും മുപ്പതോ അതിൽ കൂടുതലോ ഉള്ളിടത്ത് രണ്ടും ദളിത് കത്തോലിക്കാപ്രതിനിധികൾ ഉണ്ടായിരിക്കണം. അവർ DCMS ന്റെ പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുന്നവരോ വാർഡ് പ്രതിനിധിയായി തിരഞ്ഞെടുക്കപ്പെടുന്നവരോ അഥവാ ഏതെങ്കിലും തരത്തിൽ പ്രസ്തുത യോഗത്തിലേക്കു തിരഞ്ഞെടുക്കപ്പെടുന്നവരോ ആകാം. അത്രയും പേർ തിരഞ്ഞെടുക്കപ്പെടുന്നില്ലെങ്കിൽ നാമനിർദേശംവഴി വികാരി അത് പരിഹരിക്കണം. (നിയമാവലി പേജ് 394 നമ്പർ 9.3.2.)

6. നാമനിർദേശം ചെയ്യപ്പെടുന്ന അംഗങ്ങളുടെഎണ്ണം വാർഡുകളിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരുടെ ആകെ എണ്ണത്തിന്റെ മൂന്നിലൊന്നിൽ കവിയരുത്. (നിയമാവലി പേജ് 395 നമ്പർ 9.4)

7. വാർഡിൽനിന്നു തിരഞ്ഞെടുക്കപ്പെടുന്നവരിൽ 30 ശതമാനം സ്ത്രീപ്രാതിനിധ്യം ഉറപ്പുവരുത്തേണ്ടതാണ്. (നിയമാവലി പേജ് 396 നമ്പർ 10.1,60)

8. ഓരോ വാർഡിലുമുള്ള പൊതുയോഗാംഗങ്ങൾക്കാണ് (കുടുംബനാഥൻ/കുടുംബനാഥ) തിരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ യോഗ്യതയുള്ളത്.

9. തിരഞ്ഞെടുപ്പിനുമുമ്പ് ഓരോ വാർഡിലും ഉൾപ്പെടുന്ന കുടുംബനാഥന്മാരുടെ/നാഥമാരുടെ പേരുവിവരം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കേണ്ടതാണ്. നിശ്ചിത തീയതിക്കുള്ളിൽ ഇടവകവികാരിക്ക് രേഖാമൂലം ലഭിക്കുന്ന പരാതി പരിശോധിച്ച് അന്തിമലിസ്റ്റ് പ്രസിദ്ധീകരിക്കേണ്ടതാണ്.

10. തിരഞ്ഞെടുപ്പു കഴിയുമ്പോൾ അത് സംബന്ധിച്ച റിപ്പോർട്ട് എഴുതുകയും അതിൽ തിരഞ്ഞെടുപ്പിൽ പങ്കെടുത്ത എല്ലാ കുടുംബനാഥന്മാരും (കുടുംബനാഥമാരും) പേരെഴുതി ഒപ്പുവയ്ക്കുകയും ചെയ്യേണ്ടതാണ്. അതിന്റെ ശരിപ്പകർപ്പ് രൂപതക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്.

11. നിലവിലുള്ള യോഗത്തിന്റെ മൂന്നുവർഷ കാലാവധി തീരുന്നതിന് രണ്ടാഴ്ച മുമ്പെങ്കിലും പുതിയതായി തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് രൂപതക്കച്ചേരിയിൽ സമർപ്പിക്കേണ്ടതാണ്. അതിനു സാധിക്കത്തക്ക വിധത്തിൽ മുൻകൂട്ടി തിരഞ്ഞെടുപ്പു നടപടികൾ ആരംഭിക്കേണ്ടതാണ്.

12. തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് അവർ ഏതു വിഭാഗത്തിലൂടെ തിരഞ്ഞെടുക്കപ്പെട്ടുവെന്ന് വ്യക്തമായി എഴുതി രൂപതക്കച്ചേരിയിൽ അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. അതോടൊപ്പം, തിരഞ്ഞെടുപ്പിൽ പങ്കെടുത്തവർ ഒപ്പിട്ടു നൽകിയിരിക്കുന്നതിന്റെ കോപ്പികൂടി സമർപ്പിക്കുവാൻ ശ്രദ്ധിക്കണം.

13. ഇടവകയിൽ സേവനം ചെയ്യുന്ന ബഹു. അസ്തേന്തിവികാരിമാരും പ്രതിനിധിയോഗത്തിൽ പങ്കെടുക്കേണ്ടതാണ്. അതിനു സാധിക്കുന്ന വിധത്തിൽ പ്രതിനിധിയോഗത്തിന്റെ സമയം ക്രമീകരിക്കേണ്ടതാണ്.

14. കണക്കന്മാർ കണക്ക് പാസാക്കുന്നതുവരെ യോഗത്തിൽ പങ്കെടുക്കാവുന്നതാണ്. അതിനുശേഷം ബഹു. വികാരിമാരുടെ പ്രത്യേക ക്ഷണപ്രകാരം നിശ്ചിതസമയത്തേക്കു പങ്കെടുപ്പിക്കാം. ബഹു. വികാരിമാരുടെ പ്രത്യേക ക്ഷണപ്രകാരം നിശ്ചിത സമയത്തേക്ക് നിശ്ചിതയോഗങ്ങളിലേക്ക് ആരെ വേണമെങ്കിലും പങ്കെടുപ്പിക്കാവുന്നതാണ്.

**പൊതുനിർദേശങ്ങൾ**

1. രൂപതക്കച്ചേരിയിൽ സമർപ്പിക്കുന്ന ഏത് അപേക്ഷകൾക്കും ഒറിജിനലിനൊപ്പം എല്ലാ പേജുകളുടെയും ഒരു കോപ്പികൂടി നൽകേണ്ടതാണ്.

2. രൂപതാനിയമാവലിയുമായി ബന്ധപ്പെട്ട എന്തെങ്കിലും സംശയങ്ങൾ ഉണ്ടെങ്കിൽ പ്രോട്ടോ സിഞ്ചെല്ലൂസിനെയോ ചാൻസലറെയോ ബന്ധപ്പെട്ട് സംശയനിവാരണങ്ങൾക്കുശേഷം നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ബഹു വൈദികരുടെ ശ്രദ്ധയ്ക്ക്

### ആണ്ടുതിരട്ട് സമർപ്പിക്കുന്നതു സംബന്ധിച്ച്

1. ആണ്ടുതിരട്ട് പാസ്സാക്കിയ പള്ളികൾക്ക് രൂപതയിൽനിന്ന് നല്കിയിരിക്കുന്ന സമയത്തിനുമുമ്പ് ഏപ്രിൽ ആദ്യ ആഴ്ച മുതൽ മേയ് 2-ാം തീയതിവരെ (വലിയ ആഴ്ച ഒഴികെ) മുൻകൂട്ടി സമയം നിശ്ചയിച്ച് കണക്കുകൾ സമർപ്പിക്കാവുന്നതാണ്.

2. ചെക്കുവഴിമാത്രമേ പണം അടയ്ക്കാൻ സാധിക്കുകയുള്ളൂ. ആയതിനാൽ, കുറഞ്ഞത് അഞ്ചു ചെക്കുലീഫുകൾ എങ്കിലും തിരട്ടുമായി വരുമ്പോൾ കൈയിൽ കരുതേണ്ടതാണ്.

**1. സെമിനാരിവിദ്യാർഥികളുടെ പരിശീലനത്തിനുള്ള സംഭാവന**

നമ്മുടെ രൂപതയിൽ വൈദികവിദ്യാർഥികളുടെ പരിശീലനത്തിനുള്ള സംഭാവനയായി 2025 ഏപ്രിൽ 17 പെസഹാവ്യാഴാഴ്ച വിശുദ്ധ കുർബാനമധ്യേ പിരിവുനടത്തി ലഭിക്കുന്ന തുക 2025 മേയ് 15 മുമ്പായി രൂപതാ ഫിനാൻസ് ഓഫീസറെ (ഫാ. പ്രൊക്യുറേറ്റർ) ഏല്പിക്കേണ്ടതാണ്.

**2. വിശുദ്ധനാടിനുള്ള സംഭാവന**

വിശുദ്ധ നാടിന്റെ സംരക്ഷണാർഥം 2025 ഏപ്രിൽ 18 പീഡാനുഭവവെള്ളിയാഴ്ച പിരിഞ്ഞുകിട്ടുന്ന തുക 2025 മേയ് 25 മുമ്പായി രൂപതാ ഫിനാൻസ് ഓഫീസറെ (ഫാ. പ്രൊക്യുറേറ്റർ) ഏല്പിക്കേണ്ടതാണ്.

## കത്തോലിക്കാ കോൺഗ്രസിനുള്ള സംഭാവന

കത്തോലിക്കാ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്കായി 2025 ഏപ്രിൽ 27-ാം തീയതി ഞായറാഴ്ച പിരിവുനടത്തി ലഭിക്കുന്ന തുക 2025 മേയ് 15 മുമ്പായി രൂപതാ ഫിനാൻസ് ഓഫീസറെ (ഫാ. പ്രൊകുറേറ്റർ) ഏല്പിക്കേണ്ടതാണ്.

## പരിഷ്കരിച്ച പടിസാധനം

പരിഷ്കരിച്ച പുതിയ പടിസാധനം പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2025 ഏപ്രിൽ 1 മുതൽ പുതിയ പടിസാധനം പ്രാബല്യത്തിൽ വരും. കോപ്പികൾ രൂപതാ കേന്ദ്രത്തിൽനിന്നും ഏപ്രിൽ 4 മുതൽ ലഭ്യമാണ്.

## രൂപതാക്കച്ചേരി അവധി

പീഡനുഭവവാരം ആയതിനാൽ ഏപ്രിൽ 13-ാം തീയതി മുതൽ ഏപ്രിൽ 20-ാം തീയതിവരെ രൂപതാക്കച്ചേരി അവധിയായിരിക്കും.

# അറിയിപ്പ്

ബഹുമാനപ്പെട്ട വികാരിയച്ചാ,

മാരക രാസലഹരിവസ്തുക്കൾ പൊതുസമൂഹത്തിൽ അനിയന്ത്രിതമാംവിധം വ്യാപിക്കുന്നതും ഇതിനെത്തുടർന്ന് അക്രമങ്ങളും കൊലപാതകങ്ങളും അനിഷ്ടസംഭവനങ്ങളും വർധിച്ചുവരുന്നതായും നാം തിരിച്ചറിയുന്നുണ്ടല്ലോ. ഈയവസരത്തിൽ നമ്മുടെ സമൂഹവും കുടുംബങ്ങളും കുഞ്ഞുങ്ങളും സുരക്ഷിതരായി ഇരിക്കേണ്ടതിന്റെ ആവശ്യകത നാം മനസ്സിലാക്കുന്നു.

മദ്യവും ലഹരിവസ്തുക്കളും നമ്മുടെ സമൂഹത്തെയോ സംവിധാനങ്ങളെയോ ഒരുതരത്തിലും സ്വാധീനിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതിന്റെ ഉത്തരവാദിത്വം നമുക്കാണ്.

ആയതിനാൽ, നമ്മുടെ എല്ലാ ഇടവകകളിലും കെ.സി.ബി.സിയുടെ മദ്യ-ലഹരിവിരുദ്ധസമിതി യൂണിറ്റുകൾ അടിയന്തരമായി രൂപീകരിക്കുവാൻ ആഗ്രഹിക്കുന്നു. ഈ നടപടികൾക്കായി 2025 ഏപ്രിൽ മാസം 6-ാം തീയതി ഞായറാഴ്ച ഉച്ച കഴിഞ്ഞ് 2 മുതൽ 4.30 വരെ പാലാ സെന്റ് മേരീസ് ളാലം പഴയപള്ളി പാരിഷ് ഹാളിൽ വച്ചു സുപ്രധാന യോഗം ചേരുകയാണ്.

ടി യോഗത്തിലേക്ക് അങ്ങയുടെ ഇടവകയിൽനിന്ന് 3 പുരുഷന്മാർ, 3 സ്ത്രീകൾ, 2 യുവാക്കൾ, 2 യുവതികൾ ഉൾപ്പെടെ മദ്യമോ ലഹരിവസ്തുക്കളോ ഉപയോഗിക്കാത്തവരായ പത്ത് ഇടവകാംഗങ്ങളെ അച്ചൻ പ്രത്യേക താത്പര്യമെടുത്ത് പറഞ്ഞയയ്ക്കണമെന്ന് അറിയിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവം

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

## ബഹു. വൈദികരുടെ വാർഷികധ്യാനം

നമ്മുടെ രൂപതയിലെ വൈദികരുടെ 2025-ലെ വാർഷിക ധ്യാനം സെപ്റ്റംബർ മാസത്തിൽ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച് രണ്ടു ബാച്ചുകളായി നടത്തപ്പെടുന്നു. **വടവാതൂർ പൗരസ്ത്യവിദ്യാപീഠം പ്രസിഡന്റ് റവ. ഡോ. പോളി മണിയാട്ട് അച്ചനാണ്** വാർഷികധ്യാനം നയിക്കുന്നത്. കഴിഞ്ഞ വർഷത്തെപ്പോലെ തിങ്കളാഴ്ചമുതൽ വെള്ളിയാഴ്ചവരെയാണ് ഇരുബാച്ചുകളുടെയും ധ്യാനദിവസങ്ങൾ ക്രമീകരിച്ചിരിക്കുന്നത്.

**Batch I :** 2025 സെപ്റ്റംബർ 15 തിങ്കൾ മുതൽ
സെപ്റ്റംബർ 19 വെള്ളി വരെ

**Batch II :** 2025 സെപ്റ്റംബർ 22 തിങ്കൾ മുതൽ
സെപ്റ്റംബർ 26 വെള്ളി വരെ

ധ്യാനത്തിൽ പങ്കെടുക്കേണ്ട ബഹു. വൈദികരുടെ ലിസ്റ്റ് താഴെ ചേർക്കുന്നു.

**Batch I - September 15 - 19**

| | |
|---|---|
| Adappacheril Sebastian | Cheeramkuzhiyil George |
| Alanickal Joseph | Cheeramkuzhy Michael |
| Alappattumedayil Mathew | Chellamthara Thomas |
| Ambattu Joseph | Chengazhacheril Joseph |
| Ambazhathinal George | Cheripurathu Sebastian |
| Ambazhathumkal Mathew | Chukkananickal John |
| Ammanathukunnel Joseph | Edathinal Francis |
| Arackal Joseph | Ennackappallil Mathew |
| Arackaparampil Mathew | Eruppakkattu Philip |
| Aranjaniputhenpura Augustine | Eruvelikunnel Antony |
| Attappattu Zacharias | Ettackakunnel George |
| Attuchalil Joseph | Ettumanukaran Alvin |
| Ayallukunnel Thomas | Illimoottil Joseph |
| Chathankunnel George | Kadookunnel Mathew |
| Chavelil John | Kaitholil Joseph |
| Cheenothuparampil Joseph | Kakkallil Jose |

| | |
|---|---|
| Kakkaniyil Abraham | Kunnumpuram Berchmans |
| Kakkattuthadathil Thomas | Kunnumpurath Paul |
| Kalachirayil Thomas | Kuppapuzhackal Abraham |
| Kalapurackal Joseph | Kuttianickal Sebastian |
| Kalayil Kurian | Kuttikkattu Thomas |
| Kaniampadickal Sebastian | Kuzhimullil Abraham |
| Kaniampady Mathew | Kuzhinjalil Jose |
| Kanjirathumkal Emmanuel | Kuzhinjalil Joseph |
| Kappil Joseph | Madappallil Thomas |
| Kappiliparampil Kuriakose | Madathilparampil Thomas |
| Karamvelil George | Madhurappuzha Thomas |
| Karikulam Joseph | Madhurappuzha Zakharias |
| Karimankal James MCBS | Madickangal James |
| Karottukizhakkel Thomas | Malamackal Scaria |
| Kattipparampil Thomas | Manakal John |
| Kavalammakkal Mathew | Manianchira Joseph |
| Kizhakkearanjaniyil Mathew | Maniangatt Zacharias |
| Kochodackal Thomas | Mannanal Joseph |
| Kochukaippettiyil Cyriac | Mannoor Thomas |
| Kochumuriyil Joseph | Marottickal Joseph |
| Kochuparampil Joseph | Mathothu Kurian |
| Kolathu Mathew | Mattam Kurian |
| Kollamparampil Devasia | Mattamundayil John |
| Kollithanathumalayil Abraham | Mecheril Joseph |
| Kolliyil Antony | Mekkattukunnel Andrews |
| Konookkunnel Joseph | Menamparampil Scaria |
| Kottarathil George | Meyickal Joseph |
| Kottayil Joseph | Mookkenthottathil Joseph |
| Kozhuppankutty Augustine | Moolakunnel Alexander |
| Kozhuppankutty Mani | Mulanjanal Joseph |
| Kulamakkal Abraham | Mundackal Joseph |
| Kulangara Philip | Muthanattu Joseph |
| Kunnackattu Cherian (Joby) | Muthuplackal Mathew |
| Kunnappallil Jose | Mylaparampil Joseph |
| Kunnel Cyriac | Nadackal Antony |

| | |
|---|---|
| Nadackal George | Paruthiparayil Thomas |
| Nadackal Thomas | Pathickelputhenpurayil Kuriakose |
| Naduthadam John | Pazheparampil Sebastian |
| Naduvilekoot Joseph | Peedikamalayil Augustine |
| Naduvilekoot Michael | Peedikayil Mathew |
| Nangaparampil Antony | Pendanam Sebastian |
| Narithookkil Kuriakose | Periappuram Emmanuel |
| Narivelil Mathew | Peringamalayil Issac |
| Nellickal George | Ponnamvarickayil George |
| Nellickatheruvil Joseph | Poovathinkal Joseph |
| Njarakkattu Antony | Poovathunkal Jose |
| Njarakkattu Philip | Porunnolil James |
| Njarakunnel George Varghese | Potheettel John |
| Njattuthottiyil George | Pottakulam Jacob |
| Njavally Thomas | Puliurumpil James |
| Olickalputhenpura Thomas | Pullukalayil George |
| Oravachalil George | Purayidathil Joseph |
| Ottathengumkal Enas | Puthiyaparampil Jacob |
| Padickakuzhuppil Sebastian | Puthiyidath Joseph |
| Paikada Alexander | Puthiyidath Mathew |
| Pakkarampel John | Puthoor Sebastian |
| Palackaparambil Augustine | Puthukulangara Thomas |
| Palackathadathil Abraham | Puthumana Joseph |
| Panagattu Mathew | Puthuparambil Thomas |
| Panampuzha Joseph | Thadathil Cyriac |
| Pandarakkappil Alex | Thadathil Joseph Jr. |
| Pandarapparampil Jacob | Thakadiyel Abraham |
| Panthalanickal Mathew | Thannickappara Joseph |
| Panthiruvelil Martin | Thayyil Joseph |
| Panthiruvelil Mathew | Theruvankunnel Mathew |
| Parathotty Mathew | Theruvil Joseph |
| Paravummel Joseph | Thevarkunnel Mathew |
| Parekkattu Emmanuel | Thottunkal Thomas |
| Parekunnel George | Vadakkel Cyriac |
| Pariath Joseph Sr. | Vadakkemangalath Joseph |

| | |
|---|---|
| Vadakkenellikkattil Joseph | Vayaliparambil George |
| Valiyaveettil Kalapura Sebastian | Vazhacharickal Thomas |
| Valiyaveettil Thomas | Vazhackappara Joseph |
| Valloothadathil Joseph | Vazhakkalayil Antony |
| Vanchipurackal Abraham | Vellaringatt Jacob |
| Varickamackal Kurian | Vennayappillil Mathew |
| Varickamakal Emmanuel | Vethanath Sebastian |
| Vattamattathil Philip | Vettathel Joseph |
| Vattamukalel Kuriakose | Vettukallel George |
| Vattappalam Devasiachen | Vettukallel James |
| Vattappillil Joseph | Vettukallumpurath Joseph |
| Vayalil John | |

**Batch II - September 22 - 26**

| | |
|---|---|
| Alappattukottayil Sebastian | Chillackal Thomas |
| Alappattukunnel Sebastian | Chollanal George |
| Alencheril Joseph | Choorackal Joseph |
| Ambazhathumkal George | Choorakkatt George Jr. |
| Ammottukunnel Mathew | Chovelikudiyil James |
| Ancheril Jose | Edathumparampil Joseph |
| Andassery James | Edayodiyil George |
| Anithanam Kurian | Erimattathil Abraham |
| Anithottathil Gervasis | Ettuparayil Sebastian |
| Aranjaniputhenpura Joseph | Ezhuparayil Joseph |
| Arimattathu Joseph | Illimoottil Thomas |
| Attangattil Joseph | Kachiramattom Augustine |
| Brahmanavelil Thomas | Kadalikkattil Mathew |
| Chakkalackal Joseph | Kadankavil Mathew |
| Chakkalayil Thomas | Kadaplackal Sebastian |
| Chamakkalayil Sebastian | Kadhaliyil Joseph |
| Chandrankunnel Mathew Jr. | Kaduthodil Jacob |
| Chandrankunnel Mathew Sr. | Kalayil Mathew |
| Chennattu Mathew | Kallacheril Joseph |
| Cherukarakunnel Joseph | Kallarackal Martin |

| | |
|---|---|
| Kandaparambathu Joseph RCJ | Kuzhinjalil Mathew |
| Kandathikudilil Augustine | Kuzhivelithadathil Joseph |
| Kaniampadickal Abraham | Madathikunnel Joseph |
| Kaniyodickal Joseph | Madathikunnel Paul |
| Kannanthanam John | Madathiparambil Joseph |
| Kavanadimalayil Mathew | Madukkavil George |
| Kavumpurathu George | Malayilputhenpura Thomas |
| Keeranchira Jose | Maleparampil Joseph |
| Kizhakkearanjaniyil George | Mamalasseril Tom Jose |
| Kizhakkekara Thomas | Mampallikunnel Sebastian |
| Kizhakkekutt Sebastian | Manarkattu Joseph |
| Kizhakkel Thomas | Mandapathil George |
| Kizhakkeparampil Michael | Mangalathu James |
| Kochayyankanal James | Manianchira Thomas |
| Koonanickal Joseph | Mannukuzhumpil George |
| Koottiyaniyil Augustine | Maprakarottu Sebastian |
| Koramkuzha Mathew | Mathilakathu Mathew |
| Kottarathil Emmanuel | Mattam John |
| Kottayil James | Mattathil Philip |
| Kottayil Kurian | Mattel Francis |
| Kottukappally Lukose | Mecheril Augustine |
| Kozhikkott Alexander | Menachery Thomas |
| Kudilil James | Modiyil Scaria |
| Kumbulumkal Mathew | Moolayil Cherian |
| Kumbulumoottil Sebastaian | Moolayil Thomas |
| Kunnackattu Cherian ( Biju) | Moolechalil George |
| Kurappasseriyil Joseph | Moolechalil Thomas |
| Kurichiyel Isaac | Moongamakkal Vincent |
| Kurisummoottil Mathew Sr | Moothedam Mathew |
| Kurumuttathu Joseph | Mukaleparampil Joseph |
| Kuruvachira Joanny | Mukkamkuzhiyil Kurian |
| Kuttarapallil John | Mulangattil George |
| Kuttiankal Joseph | Naduthadam Sebastian |
| Kuttiyanickal Mathew | Naduviledam paul |
| Kuzhikannil John | Naduvilekoot Ignatious |

| | |
|---|---|
| Narikkattu Michael | Perumattathil Augustine |
| Narithookkil Joseph | Peruvelil Sebastian |
| Nellikunnucherivupurayidom George | Pettapuzha Sebastian |
| Nirappel Cyriac | Pezhathumkal Jacob |
| Niravath George | Pezhumkattil Abraham |
| Njarakkattil Joseph | Polachirakunnumpuram George |
| Njarakunnel George | Polakatt Kurian |
| Olayathil Thomas | Poyyaniyil Joseph |
| Olickal Alexander | Pulickaparambil Mathew |
| Olickal Thomas | Pulinthanathu Kuriakose |
| Ousepparampil Michael | Pulleettu Johnson |
| Ozhukayil George | Pullukalayil Mathew |
| Palackattukunnel Mathew | Punnathanathu Thomas |
| Palithottam John | Punnathanathukunnel Mathew |
| Pallackal Joseph | Puthenpura Joseph |
| Pallipparampil George | Puthenpurackal Mathew |
| Pampara Joseph | Puthettu Cyriac |
| Panachikkal Karottu James | Puthiyamattom John |
| Panackakuzhiyil Thomas | Puthiyaparampil George |
| Pandiamackal Joseph Jr. | Thadathil Joseph Sr. |
| Pandiamackal Joseph Sr. | Thadathil Kurian |
| Pangottil Kuriakose | Thadathil Mathew |
| Panthalanickal Christy | Thadickaparambil Kuriakose |
| Parackal Paul | Thalavayalil Abraham |
| Parackal Thomas | Thalodil Augustine |
| Parampilthadathil George | Thalodil Joseph |
| Paraplackal Augustine | Thannickappara Jacob |
| Paraplackal Francis | Thannimalayil Thomas |
| Paraplackal Paul | Tharappel George |
| Pariath Joseph Jr. | Tharappel Jose Jr |
| Pariyappanal Johnson | Tharappel Jose Sr. |
| Pariyarath Thomas | Thayyil Antony |
| Pattery Thomas | Thayyil Mathew |
| Pazheparampil George | Thayyil Thomas |
| Periyappurathu Abraham | Thazhathuvarikkayil Joseph |

| | |
|---|---|
| Thekkel Joseph | Varakukalaparampil George |
| Thekkel Mathew | Varickamakal Augustine |
| Thekkumcherikunnel Sebastian | Vayalil James |
| Thengumpallil Joseph | Vayalil Joseph |
| Thennattil Mathew | Vazhacharickal Mathew |
| Theruvath Augustine | Vazhackaparayil Mathew |
| Theruvil George | Vazhayil Antony |
| Thevarparampil Joseph | Vazhayil Thomas |
| Thonakkara Antony | Vazheparambil Zacharia |
| Thonikuzhiyil Sebastian | Vechoor Dominic |
| Thottumkal Michael | Vedikunnel Thomas |
| Thudiamplackal Kuruvila | Vekathanam Scaria |
| Thuruthiyil Abraham | Velamparambil Cyrus |
| Vadakara Joseph | Vellachalil Kuriakose |
| Vadakkekara Michael | Vellamaruthunkal Jacob |
| Vadakkekutt Joseph | Velooparambil George |
| Vadakkel Jacob | Vengaloor Mathew |
| Vadakkel Thomas | Vettukallel Mathew |
| Vadakkethakidiyel Kuriakose | Vettukallel Mathew |
| Vadakkethottyil George | Vettukallel Sebastian |
| Vadayattukuzhiyil George | Vettukattil Thomas |
| Vallompurayodathil Jose | Vilakunnel Joseph |
| Vanchipurackal Joseph | Villanthanam Antony |

# അറിയിപ്പ്
# Call to Holiness Session - 3
## ഏകദിനധ്യാനം

പാലാ രൂപത വിശ്വാസപരിശീലനകേന്ദ്രവും ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയും രൂപത വൈദികവിദ്യാർ ഥികളും ഒന്നുചേർന്ന് Sunday School വിദ്യാർഥികൾക്കായി ഏകദിനധ്യാനം Call to Holiness Session-3 ഈ വർഷവും നടത്തുന്ന വിവരം സന്തോഷത്തോടെ അറിയിക്കട്ടെ. നമ്മുടെ കുട്ടികളുടെ ആത്മീയവും ബൗദ്ധികവും സാമൂഹികവുമായ വളർച്ച മുന്നിൽ കണ്ടുകൊണ്ടാണ് ഈ ധ്യാനം ക്രമീകരിച്ചിരി ക്കുന്നത്. 2025 മാർച്ച് 30 ഞായർമുതൽ മെയ് 18 വരെയുള്ള ദിവസങ്ങളിലും വിശ്വാസോത്സവത്തിന്റെ ഏതെങ്കിലും ഒരു ദിവസവും വൈദികവിദ്യാർഥികൾ ധ്യാനത്തിനു നേതൃത്വം നല്കുന്നതാണ്. ക്ലാസ്സുകൾ, Multi Media Presentations, Action Songs, ആരാധന മുതലായവ ഉൾപ്പെടുത്തിയാണ് കർമപരിപാടി ക്രമീകരിച്ചിരിക്കുന്നത്. എല്ലാ ഇടവകകളിലും ധ്യാനം ക്രമീകരി ക്കുമല്ലോ.

**വെരി റവ. ഫാ. ജോസഫ് മലേപ്പറമ്പിൽ**
(ജനറൽ കോഡിനേറ്റർ)

അന്വേഷണങ്ങൾക്ക്:

| | |
|---|---|
| റവ. ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ | 9447 395 942 |
| ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ | 9447 661 326 |
| ഫാ. തോമസ് കാലാച്ചിറയിൽ | 9846 768 212 |
| ബ്ര. കുര്യാക്കോസ് കൂട്ടുങ്കൽ | 9747 536 874 |
| ബ്ര. സേവ്യർ മുക്കുടിക്കാട്ടിൽ | 9947 742 478 |


RETREAT FOR SUNDAY SCHOOL STUDENTS
CALL TO
HOLINESS
SESSION -3
2025 April - May
SPECIALTIES
Classes on Faith
Personality Development
Prayer Sessions
Multy Media Presentations
Action Songs
General Coordinator
Very Rev. Fr. Joseph Maleparampil
Rev. Fr. George Varghese Njarakunnel 9447395942
Fr. Vincent Moongamakal 9447661326
Fr.Thomas Kalachirayil 9846768212
Bro. Kuriakose Koottumkal 9747536874
Bro. Xavier Mukkudikattil. 9947742478
Contact Us
PLEASE NOTE:
KINDLY SCHEDULE YOUR SLOTS DURING, BEFORE AND AFTER VISWASOLSAVAM.

## അൾത്താരബാലന്മാരുടെ ക്യാമ്പ്

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപതയിലെ അൾത്താരബാലന്മാരുടെ ക്യാമ്പ് ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരിയിൽവച്ചു നടത്തുന്നു. സൗകര്യാർഥം രണ്ടു ബാച്ചുകളായിട്ടാണു ക്യാമ്പ് ക്രമീകരിച്ചിരിക്കുന്നത്. ഓരോ ഇടവകയിൽനിന്നും 7,8,9 ക്ലാസുകളിൽ പഠിക്കുന്ന സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരുമായ കുട്ടികളെ പറഞ്ഞയയ്ക്കുമല്ലോ. **ഒരു ഇടവകയിൽനിന്നു പരമാവധി 5 കുട്ടികളെയാണ് ക്യാമ്പിനു പ്രതീക്ഷിക്കുന്നത്.**

**ഒന്നാം ബാച്ച്**

2025 ഏപ്രിൽ 14 തിങ്കൾ രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ

ഫൊറോനാകൾ:

അരുവിത്തുറ, ഭരണങ്ങാനം, ചേർപ്പുങ്കൽ, മൂലമറ്റം, പൂഞ്ഞാർ, തീക്കോയി, തുടങ്ങനാട്, കൂട്ടിക്കൽ.

**രണ്ടാം ബാച്ച്**

2025 ഏപ്രിൽ 15 ചൊവ്വാഴ്ച രാവിലെ 9:30 മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ.

ഫൊറോനാകൾ :

പാലാ കത്തീഡ്രൽ, രാമപുരം, കുറവിലങ്ങാട്, ഇലഞ്ഞി, മുട്ടുചിറ, കോതനല്ലൂർ, കടുത്തുരുത്തി, പ്രവിത്താനം, കടനാട്

സ്നേഹപൂർവ്വം,

**ഫാ. ജേക്കബ് വടക്കേൽ** (റെക്ടർ)

ഗുഡ് ഷെപ്പേർഡ് മൈനർ സെമിനാരി, കരൂർ,

31-03-2025

NB: ക്രമീകരണം സുഗമമാക്കുവാൻ പങ്കെടുക്കുന്നവരുടെ എണ്ണം ക്യാമ്പിനു മൂന്നു ദിവസം മുമ്പെങ്കിലും അറിയിക്കുമല്ലോ. ക്യാമ്പ് ഫീ ഒരു കുട്ടിക്ക് 100 രൂപ കൊടുത്തയയ്ക്കുമല്ലോ.

Mob: 9846768212 (Fr. Thomas Kalachira) 9447661326 (Fr. Vincent Moongamakal)

## മൈനർ സെമിനാരിപ്രവേശനം

പ്രിയ ബഹു. അച്ചന്മാരേ,

നമ്മുടെ രൂപത മൈനർ സെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്താൻ ആഗ്രഹിക്കുന്നവർ 2025 ഏപ്രിൽ 10-ാം തീയതിക്കുമുമ്പ് വെരി റവ. ഫാ. റെക്ടർ, ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരി, കരൂർ പി.ഒ., 686 574, പാലാ എന്ന വിലാസത്തിൽ അപേക്ഷിക്കേണ്ടതാണ്. അപേക്ഷകർ S.S.LC, Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരോ ഉപരിപരീക്ഷാ യോഗ്യതയുള്ളവരോ ആയിരിക്കണം.

പേര്, വീട്ടുപേര്, വയസ്സ്, മാതാപിതാക്കളുടെ പേര്, ഇടവക, പഠിക്കുന്ന വിദ്യാലയം, പരീക്ഷായോഗ്യത, S.S.L.C., Plus 2 പരീക്ഷകൾ എഴുതിയിരിക്കുന്നവരാണെങ്കിൽ ഹാൾ ടിക്കറ്റ് നമ്പർ എന്നീ വിവരങ്ങൾ അപേക്ഷയിൽ കാണിച്ചിരിക്കണം.

സൽസ്വഭാവികളും പൗരോഹിത്യത്തിലേക്ക് ആഭിമുഖ്യമുള്ളവരുമായ യുവാക്കന്മാരെ കണ്ടെത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി രൂപതാ മൈനർ സെമിനാരിയിൽ ചേരാൻ പ്രോത്സാഹിപ്പിക്കണമെന്നു താത്പര്യപ്പെടുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

+ Jos Kallarangatt

മെത്രാസനമന്ദിരം
പാലാ, 31.03.2025

**ബിഷപ് ജോസഫ് കല്ലറങ്ങാട്ട്**
പാലാ രൂപതാമെത്രാൻ

---

NB: ബഹു. വികാരിയച്ചന്മാർ ഇക്കാര്യങ്ങൾ വി.കുർബാനമദ്ധ്യേ പള്ളിയിൽ അറിയിക്കേണ്ടതാണ്.

# പാലാ ഹോം പ്രോജക്ട്

## സാമ്പത്തികസഹായം ലഭിച്ചവർ

| | | Amount From Centre | Amount From Parish / Congregation |
|---|---|---|---|
| 1. | ടെസ്സൻ മാവടി | 24500 | |
| 2. | ടോണി ജേക്കബ് കുറുമണ്ണ് | 31353 | |
| 3. | ലിസ്സി ജയിംസ് കുറവിലങ്ങാട് | 30889 | |
| 4. | ജിൻസ് ജോസഫ് ചിറ്റാർ | 30512 | |
| 5. | ജോസ് എന്തയാർ | 35000 | |
| 6. | മേരി മണിയംകുളം | | 100000 |
| 7. | ഷൈജു മണിയംകുളം | | 100000 |
| 8. | ജോബി മണിയംകുളം | | 70000 |
| 9. | കുഞ്ഞ് മണിയംകുളം | | 40000 |
| 10. | ജോഷി മണിയംകുളം | | 20000 |
| 11. | സെബാസ്റ്റ്യൻ മണിയംകുളം | | 10000 |
| 12. | ജോയി മണിയംകുളം | | 10000 |
| 13. | മനോജ് മണിയംകുളം | | 10000 |
| 14. | ജിബിൻ ജോർജ് തിടനാട് | | 600000 |
| 15. | ബെന്നി രാമപുരം | | 20500 |
| 16. | ജസ്സി രാമപുരം | | 10000 |
| 17. | മണി പി.എസ്. രാമപുരം | | 210600 |
| 18. | മേരി ഷൈനി രാമപുരം | | 26620 |
| 19. | വർഗീസ് രാമപുരം | | 187658 |
| 20. | അശോകൻ കുറവിലങ്ങാട് | | 33313 |
| 21. | സണ്ണി കുറവിലങ്ങാട് | | 22151 |
| 22. | മേരി കുറവിലങ്ങാട് | | 544351 |
| 23. | ജോർജ് കുറവിലങ്ങാട് | | 43600 |
| 24. | സേവ്യർ കുറവിലങ്ങാട് | | 107948 |
| 25. | ശിവൻ കുറവിലങ്ങാട് | | 30000 |
| 26. | സണ്ണി കുറവിലങ്ങാട് | | 40046 |
| 27. | ഉദയകുമാർ കുറവിലങ്ങാട് | | 50240 |
| 28. | മേരി കുറവിലങ്ങാട് | | 101476 |
| 29. | ലീല കുറവിലങ്ങാട് | | 44795 |
| 30. | ഏലിയാമ്മ കുറവിലങ്ങാട് | | 64988 |

**ഫാ. കുര്യാക്കോസ് വെള്ളച്ചാലിൽ**
എക്സിക്യൂട്ടീവ് ഡയറക്ടർ

**ഫാ. ജോസഫ് മലേപ്പറമ്പിൽ**
കോർഡിനേറ്റർ




# മാർ സ്ലീവാ മെഡിസിറ്റി, പാലാ

**മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകൾ**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്രവർത്തനപരിചയമുള്ള നഴ്സുമാരുടെ ഒഴിവുകളുണ്ട്. താൽപര്യമുള്ളവർ ബയോഡാറ്റ, ഫോട്ടോ, സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ എന്നിവ സഹിതം jobs@marsleevamedicity.com എന്ന മെയിലിലേക്ക് അപേക്ഷകൾ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് 9188525970, 8281699258, 04822 266813/ 814 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

**മാർ സ്ലീവാ മെഡിസിറ്റിയിൽ അപൂർവ കിഡ്നി സ്വാപ്പിംഗ് ശസ്ത്രക്രിയ നടത്തി**

ഗുരുതര വൃക്കരോഗം ബാധിച്ച സഹോദരന്മാർക്ക് ഭാര്യമാർ വൃക്കകൾ പരസ്പരം മാറി നൽകിയ അപൂർവ കിഡ്നി സ്വാപ്പിംഗ് ശസ്ത്രക്രിയ മാർ സ്ലീവാ മെഡിസിറ്റിയിൽ വിജയകരമായി നടത്തി. നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റും ട്രാൻസ്പ്ലാന്റ് നെഫ്രോളജിസ്റ്റുമായ ഡോ. മഞ്ജുള രാമചന്ദ്രൻ, യൂറോളജി വിഭാഗം സീനിയർ കൺസൾട്ടന്റും റീനൽ ട്രാൻസ്പ്ലാന്റ് സർജനുമായ ഡോ. വിജയ് രാധാകൃഷ്ണൻ, കാർഡിയോ തൊറാസിക് ആൻഡ് വാസ്കുലാർ സർജറി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. കൃഷ്ണൻ സി എന്നിവരുടെ നേതൃത്വത്തിലാണ് മധ്യതിരുവിതാംകൂറിലെ ആദ്യത്തെ കിഡ്നി സ്വാപ്പിംഗ് ശസ്ത്രക്രിയ നടത്തിയത്. ചങ്ങനാശേരി തൃക്കൊടിത്താനം സ്വദേശികളായ 49, 47 പ്രായമുള്ള സഹോദരന്മാർക്കാണ് വൃക്കകൾ മാറ്റിവച്ചത്. മൂത്ത സഹോദരന് ഇളയ സഹോദരന്റെ ഭാര്യയുടെ വൃക്കയും ഇളയസഹോദരന് മൂത്തസഹോദരന്റെ ഭാര്യയുടെ വൃക്കയും അനുയോജ്യമാണെന്നു പരിശോധനയിൽ കണ്ടെത്തി. പരസ്പരം വൃക്കകൾ മാറി നൽകാൻ ഭാര്യമാർ തീരുമാനിച്ചതോടെയാണ് സഹോദരന്മാർ ഇരുവരും പുതുജീവിതത്തിലേക്കു തിരിച്ചെത്തിയത്. വൃക്കയിൽ സിസ്റ്റ് വളരുന്ന എ.ഡി.പി.കെ.ഡി (ഓട്ടോസോമൽ ഡോമിനന്റ് പോളിസിസ്റ്റിക്

കിഡ്നി ഡിസീസ്) എന്ന അപൂർവ ജനിതകരോഗമായിരുന്നു ഇരുവർക്കും ഉണ്ടായിരുന്നത്. ഇരുവരുടെയും വൃക്കയിൽ 7 കിലോയോളം തൂക്കത്തിൽ സിസ്റ്റ് വളർന്നിരുന്നതിനാൽ നേരത്തേതന്നെ വൃക്കകൾ മാറ്റണമെന്ന വെല്ലുവിളിയായിരുന്നു ഡോക്ടർമാരുടെ മുന്നിലുള്ളത്. ശസ്ത്രക്രിയയ്ക്കു മുന്നോടിയായി നടത്തിയ പരിശോധനയിൽ മൂത്തസഹോദരനു ഗുരുതരഹൃദ്രോഗം ബാധിച്ചിരുന്നതായി കണ്ടെത്തിയതും വെല്ലുവിളിയായി. ഇതേത്തുടർന്ന് ഇദ്ദേഹത്തിന് സങ്കീർണമായ ബൈപാസ് ശസ്ത്രക്രിയ ആദ്യം നടത്തി. സുഖം പ്രാപിച്ചതിനെത്തുടർന്നാണ് വൃക്ക നീക്കംചെയ്യൽ ശസ്ത്രക്രിയ നടത്തിയത്. നെഫ്രോളജി വിഭാഗം കൺസൾട്ടന്റുമാരായ ഡോ. തോമസ് മാത്യു, ഡോ. തരുൺ ലോറൻസ്, യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ആൽവിൻ ജോസ് പി, അനസ്തേഷ്യോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. ലിബി ജെ. പാപ്പച്ചൻ, കൺസൾട്ടന്റും ട്രാൻസ്പ്ലാന്റ് അനസ്തേഷ്യറ്റുമായ ഡോ. ജെയിംസ് സിറിയക് എന്നിവരും ശസ്ത്രക്രിയയുടെ ഭാഗമായി. സുഖം പ്രാപിച്ച നാലു പേരും വീടുകളിലേക്കു മടങ്ങി.

**പാലാ രൂപത കെയർ ഹോംസും മാർ സ്ലീവാ മെഡിസിറ്റിയും ചേർന്നു വിവിധ പദ്ധതികൾക്കു തുടക്കം കുറിച്ചു**

പാലാ രൂപതയുടെ അസോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസിനു കീഴിലുള്ള ഏഴ് സ്പെഷ്യൽ സ്കൂളുകളിൽ മാർ സ്ലീവാ മെഡിസിറ്റിയുമായി സഹകരിച്ചു വിവിധ പദ്ധതികൾക്കു തുടക്കം കുറിച്ചു. സമ്പൂർണ ആരോഗ്യവികസനം ലക്ഷ്യമിട്ടുകൊണ്ട് 28 കർമപരിപാടികൾ ഈ സ്കൂളുകളിൽ നടപ്പാക്കും. മെഡിക്കൽ ക്യാമ്പുകൾ, സ്പെഷ്യാലിറ്റി ക്യാമ്പുകൾ, സൈക്കോളജി ബോധവത്കരണ സെമിനാറുകൾ, അധ്യാപകർക്കു പരിശീലനപരിപാടികൾ, ആവശ്യപ്രകാരം ഹോം കെയർ സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്. ആശുപത്രി മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അധ്യക്ഷത വഹിച്ചു. അസോസിയേഷൻ ഓഫ് കാത്തലിക് കെയർ ഹോംസ് ഡയറക്ടർ റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു എന്നിവർ പ്രസംഗിച്ചു.

**സൗജന്യ ബോധവത്കരണ ക്ലാസ് സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുമായി സഹകരിച്ചു സൗജന്യ കാൻസർ ബോധവൽക്കരണക്ലാസ് നടത്തി. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. വികാരി ജനറൽ മോൺ സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. നിഷ ജോസ് കെ. മാണി മുഖ്യപ്രഭാഷണം നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സിനു നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് – പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പാലാ ബാർ അസോസിയേഷനുമായി സഹകരിച്ച് സ്ട്രെസ് മാനജ്മെന്റ് എന്ന വിഷയത്തിൽ സൗജന്യ ബോധവത്കരണക്ലാസ്സ് നടത്തി. ഫാമിലി കോടതി ജഡ്ജി അയൂബ്ഖാൻ ഉദ്ഘാടനം ചെയ്തു. ക്ലിനിക്കൽ സൈക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. എയ്ഞ്ചൽ തോമസ് ക്ലാസ്സ് നയിച്ചു.

**വൃക്കരോഗ ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ലോകവൃക്കദിനാചരണത്തിന്റെ ഭാഗമായി കോട്ടയം കിഡ്നി ക്ലബ്ബുമായി സഹകരിച്ച് ചൂണ്ടച്ചേരി സെന്റ് ജോസഫ് എൻജിനീയറിംഗ് കോളജ്, പാലാ അൽഫോൻസാ കോളജ്, പാലാ സെന്റ് തോമസ് കോളജ് എന്നിവിടങ്ങളിൽ സൗജന്യ വൃക്കരോഗബോധവത്കരണക്ലാസ്സുകൾ നടത്തി. നെഫ്രോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. മഞ്ജുള രാമചന്ദ്രൻ, കൺസൾട്ടന്റുമാരായ ഡോ. തോമസ് മാത്യു, ഡോ. തരുൺ ലോറൻസ് എന്നിവർ ക്ലാസുകൾക്കു നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവത്കരണ ക്ലാസ് – പാലാ**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ജില്ല ലീഗൽ സർവീസ് സൊസൈറ്റിയുമായി സഹകരിച്ച് പാലാ കോടതിയിലെ ഉദ്യോഗസ്ഥർക്കായി കാൻസർ ബോധവത്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. സോൻസ് പോൾ ക്ലാസ്സ് നയിച്ചു.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് – പള്ളിക്കത്തോട്**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പള്ളിക്കത്തോട് സീനിയർ സിറ്റിസൺ ഫോറവുമായി സഹകരിച്ച് മുതിർന്നവരിലെ ഹൃദ്രോഗം എന്ന വിഷയത്തിൽ സൗജന്യബോധവത്കരണ ക്ലാസ്സ് നടത്തി. കാർഡിയോളജി വിഭാഗം കൺസൾട്ടന്റ് ഡോ. രാജീവ് എബ്രഹാം നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് – കോട്ടയം കളക്ട്രേറ്റ്**

മാർ സ്ലീവാ മെഡിസിറ്റി ഓങ്കോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ സർക്കാരിന്റെ കാൻ കേരള പദ്ധതിയുമായി സഹകരിച്ച് കോട്ടയം കളക്ട്രേറ്റിലെ ഉദ്യോഗസ്ഥർക്കായി സൗജന്യ ബോധവത്കരണ ക്ലാസ്സ് നടത്തി. സർജിക്കൽ ഓങ്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോഫിൻ കെ. ജോണി ക്ലാസ്സിനു നേതൃത്വം നൽകി. പരിപാടിയുടെ ഭാഗമായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ ബോധവത്കരണ ലഘുലേഖകൾ വിതരണം ചെയ്തു.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് – പെരുവന്താനം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ പെരുവന്താനം സെന്റ് ആന്റണീസ് കോളജിൽ ലോക വനിതാദിനാചരണത്തിന്റെ ഭാഗമായി സൗജന്യ ബോധവത്കരണസെമിനാർ നടത്തി. സീനിയർ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. എയ്ഞ്ചൽ തോമസ് നേതൃത്വം നൽകി.

**സൗജന്യ വൈദ്യസഹായം നൽകി**

കെഇജി-226 സംഘടന ടൂറിസം വകുപ്പുമായി ചേർന്നു സംഘടിപ്പിച്ച ടൂർ ഓഫ് തേക്കടി സൈക്കിൾ റൈഡ് പരിപാടിക്കായി മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ സൗജന്യ വൈദ്യസഹായം ഒരുക്കി നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ ഗ്ലോക്കോമ വാരാചരണം സംഘടിപ്പിച്ചു**

ലോക ഗ്ലോക്കോമ വാരാചരണത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി ഒഫ്താൽമോളജി വിഭാഗത്തിന്റെ നേതൃത്വത്തിൽ പൊതുജനങ്ങൾക്കായി സൗജന്യ നേത്രപരിശോധനക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ കാഷ് കൗണ്ടറിന്റെ ആശീർവാദം നടത്തി**

മാർ സ്ലീവാ മെഡിസിറ്റിയിൽ മൂന്നാംനിലയിലേക്കു മാറ്റി സ്ഥാപിച്ച കാഷ് കൗണ്ടറിന്റെ ആശീർവാദം നടത്തി. ആശുപത്രി ഓപ്പറേഷൻസ് ആൻഡ് പ്രൊജക്ട്സ് ഡയറക്ടർ റവ. ഫാ. ജോസ് കീരഞ്ചിറ മുഖ്യകാർമികത്വം വഹിച്ചു.

**മാർ സ്ലീവാ മെഡിസിറ്റിയിൽ വനിതാദിനാചാരണം സംഘടിപ്പിച്ചു**

മാർ സ്ലീവാ മെഡിസിറ്റിയിൽ വനിതാദിനാചരണം നടത്തി. ചീഫ് ഓഫ് മെഡിക്കൽ സർവീസസ് എയർ കോമഡോർ ഡോ. പോളിൻ ബാബു സന്ദേശം നൽകി. സീനിയർ മെഡിക്കൽ ഓഫിസർ ഡോ. ലക്ഷ്മി ആർ. പണിക്കർ ക്ലാസ്സ് നയിച്ചു.

**സൗജന്യ എച്ച് ബി എ1 സി ക്യാമ്പ് – അരുവിത്തുറ**

അരുവിത്തുറയിൽ പ്രവർത്തിക്കുന്ന മാർ സ്ലീവാ മെഡിസിറ്റി മെഡിക്കൽ സെന്ററിൽ വച്ച് സൗജന്യ എച്ച്ബിഎ1സി പരിശോധനക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ ബോധവത്കരണ ക്ലാസ്സ് – ചങ്ങനാശേരി**

എസ്.എൻ.ഡി.പി വനിതാസംഘം ചങ്ങനാശേരി യൂണിയന്റെ നേതൃത്വത്തിൽ നടത്തിയ വനിതാദിനാചരണത്തോടനുബന്ധിച്ച് മാർ സ്ലീവാ മെഡിസിറ്റി ആയുഷ് വിഭാഗത്തിന്റെ നേതൃത്വത്തിൽ ബോധവത്കരണക്ലാസ്സും നാഡീപരിശോധന ക്യാമ്പും നടത്തി. സിദ്ധവിഭാഗം കൺസൾട്ടന്റ് ഡോ. കൃഷ്ണപ്രിയ ജി. നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – കോക്കമംഗലം**

മാർ സ്ലീവാ മെഡിസിറ്റിയുടെ നേതൃത്വത്തിൽ കോക്കമംഗലം സെന്റ് തോമസ് പള്ളിയിൽ സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുമായി സഹകരിച്ച് സൗജന്യ മെഡിക്കൽക്യാമ്പ് നടത്തി. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ മെഡിക്കൽ ക്യാമ്പ് – മേലുകാവുമറ്റം**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി – മാർ സ്ലീവാ മെഡിസിറ്റി പാലായുടെ അഞ്ചാം വാർഷികം എന്നിവയുടെ ഭാഗമായുള്ള മേലുകാവുമറ്റം റൂറൽ മിഷൻ പദ്ധതിയോട് അനുബന്ധിച്ച് മേലുകാവ് സി.എസ്.ഐ. ക്രൈസ്റ്റ് കത്തീഡ്രലുമായി സഹകരിച്ച് മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി. സി.എസ്.ഐ. കത്തീഡ്രൽ വികാരി റവ.ഫാ. ജോസഫ് മാത്യു ഉദ്ഘാടനം ചെയ്തു. വിദഗ്ധ ഡോക്ടർമാർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ കാൻസർ ബോധവത്കരണ ക്ലാസ്സുകളും പരിശോധനയും സംഘടിപ്പിച്ചു.**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ മാതൃവേദിയുമായി സഹകരിച്ച് സൗജന്യ കാൻസർ ബോധവത്കരണക്ലാസ്സുകളും പരിശോധനയും നടത്തി. മാൻവെട്ടം സെന്റ് ജോർജ് പള്ളി, തുടങ്ങനാട് സെന്റ് തോമസ് ഫൊറോന ചർച്ച് എന്നിവിടങ്ങളിലാണ്

ക്യാമ്പുകൾ നടന്നത്. ക്യാമ്പിൽനിന്നു തിരഞ്ഞെടുത്തവർക്ക് മാർ സ്ലീവാ മെഡിസിറ്റിയിൽ വച്ച് സൗജന്യ മാമ്മോഗ്രാം പരിശോധനയും ചെയ്തു നൽകി. ഓങ്കോളജി വിഭാഗം അസോസിയേറ്റ് കൺസൾട്ടന്റ് ഡോ. രവിശങ്കർ ടി.ആർ, സീനിയർ മെഡിക്കൽ ഓഫീസർ ഡോ. ലക്ഷ്മി ആർ. പണിക്കർ എന്നിവർ പരിശോധനയ്ക്കു നേതൃത്വം നൽകി.

**സൗജന്യ പക്ഷാഘാത ബോധവത്കരണ ക്ലാസ്സുകൾ നടത്തി**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ച് നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി വിവിധ പള്ളികളിൽ പിതൃവേദിയുമായി സഹകരിച്ച് സൗജന്യ പക്ഷാഘാത ബോധവത്കരണ ക്ലാസ്സുകൾ നടത്തി. ഭരണങ്ങാനം സെന്റ് മേരീസ് ഫൊറോനപ്പള്ളിയിൽ ന്യൂറോ സർജറി ആൻഡ് സ്പൈൻ സർജറിവിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. സരീഷ് കുമാർ എം.കെ, ഉള്ളനാട് സേക്രഡ് ഹാർട്ട് പള്ളിയിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജെമിനി ജോർജ്, രത്നഗിരി സെന്റ് തോമസ് പള്ളിയിൽ ന്യൂറോളജി വിഭാഗം കൺസൾട്ടന്റ് ഡോ. ജോസി ജെ. വള്ളിപ്പാലം എന്നിവർ ക്ലാസ്സുകൾക്കു നേതൃത്വം നൽകി.

**സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിംഗ് ക്യാമ്പ് – മൂലമറ്റം**

പാലാ രൂപതയുടെ പ്ലാറ്റിനം ജൂബിലി, മാർ സ്ലീവാ മെഡിസിറ്റിയുടെ അഞ്ചാം വാർഷികം എന്നിവയോടനുബന്ധിച്ചു നടപ്പാക്കുന്ന സാമൂഹികപദ്ധതികളുടെ ഭാഗമായി മൂലമറ്റം സെന്റ് ജോർജ് ഫൊറോന പള്ളിയിൽ എസ്എംവൈഎമ്മുമായി സഹകരിച്ചു സൗജന്യ പിഎഫ്ടി, ബ്ലഡ് ഗ്രൂപ്പിംഗ് ക്യാമ്പുകൾ നടത്തി.

**മാർ സ്ലീവാ മെഡിസിറ്റിയിൽ പുതിയ ഡോക്ടർമാർ ചുമതലയേറ്റു**

മാർ സ്ലീവാ മെഡിസിറ്റിയിൽ പ്ലാസ്റ്റിക് ആൻഡ് റീകൺസ്ട്രക്ടീവ് സർജറി വിഭാഗത്തിൽ അസോ. കൺസൾട്ടന്റായി ഡോ. ജോസി ടി. കോശി, ഫാമിലി മെഡിസിൻ ആൻഡ് ഹോം കെയർ വിഭാഗത്തിൽ രജിസ്ട്രാറായി ഡോ. ഫ്ളോസി മാത്യു, പൾമണറി മെഡിസിൻ വിഭാഗത്തിൽ പൾമണോളജിസ്റ്റായി ഡോ. മിഥുൻ ജെ. എന്നിവർ ചുമതലയേറ്റു.

**ഫാ. ജോസഫ് കണിയോടിക്കൽ**

മാനേജിങ് ഡയറക്ടർ, മാർ സ്ലീവാ മെഡിസിറ്റി, പാലാ

# അൽഫോൻസാ തീർഥാടനകേന്ദ്രം

**കബറിടം സന്ദർശിച്ച വിശിഷ്ടവ്യക്തികൾ**

* മാർ സെബാസ്റ്റ്യൻ വടക്കേൽ MST (ഉജ്ജെയ്ൻ രൂപതാധ്യക്ഷൻ)

* മാർ ക്ലീമീസ് കുര്യാക്കോസ് (ബിഷപ്, തൃശ്ശൂർ രൂപത, യാക്കോബൈറ്റ് സിറിയൻ ചർച്ച്)

**മിസരികോർദിയ ഡേ**

മാർച്ച് ഒന്നിന് വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ 'മിസരി കോർദിയാ ഡേ' ആചരിച്ചു. രാവിലെ 5:30 മുതൽ രാത്രി 8:30 വരെ തുടർച്ചയായി

തീർഥാടനകേന്ദ്രത്തിൽ കുമ്പസാരത്തിന് സൗകര്യം ഉണ്ടായിരുന്നു. 50 നോമ്പിലേക്ക് ഹൃദയനൈർമല്യത്തോടെ പ്രവേശിക്കുന്നതിന് ഒരുക്കമായിട്ടാണ് തീർഥാടനകേന്ദ്രത്തിൽ വി. കുമ്പസാരത്തിന് സൗകര്യം ഒരുക്കിയത്. തീർഥാടനകേന്ദ്രത്തിലെ ബഹുമാനപ്പെട്ട വൈദികർതന്നെയാണ് ശുശ്രൂഷകൾ നടത്തിയത്.

**സീനിയർ സിസ്റ്റേഴ്സ് ഡേ**

വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ മാർച്ച് എട്ടിന് സീനിയർ സിസ്റ്റേഴ്സ് ഡേ ആയി ആചരിച്ചു. 70 വയസ്സിനു മുകളിൽ പ്രായമായ എല്ലാ സമർപ്പിതരെയും ഉദ്ദേശിച്ചു നടത്തിയ ശുശ്രൂഷയിൽ വിവിധ സന്ന്യാസസഭകളിൽ നിന്നായി ഇരുനൂറിലധികം മുതിർന്ന സമർപ്പിതർ സംബന്ധിച്ചു. തീർഥാടനകേന്ദ്രം റെക്ടർ വെരി റവ. ഫാ. അഗസ്റ്റിൻ പാലയ്ക്കാപ്പറമ്പിൽ ആമുഖസന്ദേശം നൽകി. രാവിലെ 9.30 ന് ജപമാലപ്രാർഥനയോടെ ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് ഭരണങ്ങാനം അസീസി ആശ്രമം സുപ്പീരിയർ റവ.ഫാ. മാർട്ടിൻ മാന്നാത്ത് സന്ദേശം നൽകി. തുടർന്ന്, ദിവ്യകാരുണ്യ ആരാധനയും വിശുദ്ധ കുർബാനയും ഉണ്ടായിരുന്നു. പങ്കെടുത്തവർക്കെല്ലാം ബഹുമാനപ്പെട്ട റെക്ടറച്ചൻ സമ്മാനങ്ങൾ വിതരണം ചെയ്തു. ഉച്ചഭക്ഷണത്തോടെ ശുശ്രൂഷകൾ സമാപിച്ചു.

**രോഗിദിനം**

വിശുദ്ധ അൽഫോൻസാതീർഥാടനകേന്ദ്രത്തിൽ മാർച്ച് 14 ന് രോഗിദിനമായി ആചരിച്ചു. രാവിലെ 9:30 ന് ജപമാലപ്രാർഥനയോടെ ശുശ്രൂഷകൾ ആരംഭിച്ചു. തുടർന്ന് സൗഖ്യ ആരാധനയും കൈവയ്പുശുശ്രൂഷയും നടത്തി. പങ്കെടുത്തവർക്കെല്ലാം കുമ്പസാരിക്കാനുള്ള സൗകര്യവും ഒരുക്കിയിരുന്നു. 11:30 ന് വിശുദ്ധ കുർബാനയോടെ ശുശ്രൂഷകൾ സമാപിച്ചു. പാദുവാ ഇടവക വികാരി റവ. ഫാ. തോമസ് ഓലായത്തിൽ സൗഖ്യാരാധനയ്ക്കും ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**ഡീക്കൻ മിനിസ്ട്രി**

കഴിഞ്ഞ മൂന്നു മാസക്കാലം തീർഥാടനകേന്ദ്രത്തിൽ ഡീക്കൻ മിനിസ്ട്രി ചെയ്തുവന്നിരുന്ന അഡോർണോസഭാംഗമായ ഡീക്കൻ മെൽബിൻ ആലപ്പാട്ടുകുന്നേൽ തന്റെ മിനിസ്ട്രി പൂർത്തിയാക്കിയശേഷം മാർച്ച് 28 ന് മല്ലികശ്ശേരി അഡോർണോ സെമിനാരിയിലേക്കു തിരിച്ചുപോയി. ഏപ്രിൽ 24 ന് തിരുപ്പട്ടം സ്വീകരിക്കുന്ന കളത്തൂക്കടവ് ഇടവകാംഗമായ ഡീക്കൻ മെൽബിന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും യാത്രാമംഗളങ്ങളും നേരുന്നു.

**അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽനിന്ന് നോമ്പുകാലസന്ദേശം**

വലിയനോമ്പിന്റെ എല്ലാ ദിവസങ്ങളിലും നാലു മിനിറ്റ് ദൈർഘ്യമുള്ള നോമ്പുകാലചിന്തകൾ തീർഥാടനകേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി നൽകുന്നു. ഇംഗ്ലീഷിലാണ് സന്ദേശങ്ങൾ നൽകുന്നത്. അമേരിക്ക, കാനഡ, ഓസ്ട്രേലിയ, യുകെ തുടങ്ങിയ രാജ്യങ്ങളിലെ യുവവൈദികരും യുവജനങ്ങളുമാണ് ധ്യാനചിന്തകൾ പങ്കുവയ്ക്കുന്നത്. സെന്റ് അൽഫോൻസാ ഷ്റൈന്റെ യൂട്യൂബ്, വാട്സ്ആപ്പ് ചാനലുകളിലും ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം പേജുകളിലും ഇത് ലഭ്യമാണ്.

**ദിവ്യകാരുണ്യ ആരാധന**

വിശുദ്ധ അൽഫോൻസാ തീർഥാടനകേന്ദ്രത്തിൽ വലിയനോമ്പിന്റെ ദിവസങ്ങളിൽ തിങ്കൾമുതൽ വെള്ളിവരെ എല്ലാ ദിവസവും വൈകുന്നേരം 7 മുതൽ 8 വരെ ദിവ്യകാരുണ്യ ആരാധന നടന്നുവരുന്നു. സീറോമലബാർ സഭയുടെ പ്രത്യേക നിയോഗം സമർപ്പിച്ചിട്ടുള്ളതാണ് ദിവ്യകാരുണ്യ ആരാധന. ഇതിനോട നുബന്ധിച്ച് എല്ലാ ദിവസവും കുരിശിന്റെ വഴിയും റംശാപ്രാർഥനയും ഉണ്ടായിരിക്കും.

**ഇതരസംസ്ഥാന ക്രൈസ്തവസഹോദരങ്ങൾക്കുവേണ്ടിയുള്ള ആത്മീയശുശ്രൂഷ**

ഹിന്ദി സംസാരിക്കുന്ന ഇതരസംസ്ഥാനക്കാരായ ക്രൈസ്തവ സഹോദരങ്ങൾക്കുവേണ്ടി മാർച്ച് 2 ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് കുമ്പസാരവും വി. കുർബാനയും നടത്തപ്പെട്ടു. ഫാ. ബാബു കാക്കാനിയിൽ എസ്.വി.ഡി. ശുശ്രൂഷകൾക്കു നേതൃത്വം വഹിച്ചു.

**രാത്രിയാരാധന**

പാലാ ഇവാഞ്ചലൈസേഷന്റെ ആഭിമുഖ്യത്തിൽ മാർച്ച് 29-ാം തീയതി രാത്രിയാരാധന നടത്തപ്പെട്ടു. വൈകുന്നേരം 7 മണിക്ക് വിശുദ്ധ കുർബാനയോടെ ആരംഭിച്ച രാത്രിയാരാധന രാവിലെ നാലു മണിക്കുള്ള വിശുദ്ധ കുർബാനയോടെ അവസാനിച്ചു. റവ.ഫാ. വയലിൽകളപ്പുര CMI ശുശ്രൂഷകൾക്കു നേതൃത്വം നൽകി.

**വിദേശ രാജ്യങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിൽനിന്നും ഭക്തജനപ്രവാഹം**

മാർച്ചുമാസത്തിൽ വിദേശത്തുനിന്നും ഇന്ത്യയുടെ വിവിധ സംസ്ഥാന ങ്ങളിൽനിന്നുമായി ആയിരക്കണക്കിനു തീർഥാടകർ വിശുദ്ധ അൽഫോൻസാമ്മയുടെ കബറിടം സന്ദർശിച്ചു പ്രാർഥിച്ചു. ജർമൻ, ഇംഗ്ലീഷ്, തമിഴ്, തെലുങ്ക് എന്നീ ഭാഷകളിലായി വിശുദ്ധ കുർബാനകളും അർപ്പിക്കപ്പെട്ടു.

**ഫാ. അഗസ്റ്റിൻ പാലയ്ക്കപ്പറമ്പിൽ** (റെക്ടർ)

# വിശ്വാസപരിശീലനകേന്ദ്രം

**1. CTP കോഴ്സ് 2024-25**

2024-25 വിശ്വാസപരിശീലനവർഷത്തിലെ CTP കോഴ്സ് മാർച്ചു മാസത്തെ ക്ലാസുകൾ ഭരണങ്ങാനം മാതൃഭവനിൽവച്ച് 9, 31 തീയതികളിൽ നടന്നു. പ്രൊഫ. അനിൽ മാനുവൽ ക്ലാസുകൾ നയിച്ചു.

**2. ചോദ്യപ്പേപ്പർ വിതരണം**

ഏപ്രിൽ 6-ാം തീയതി നടക്കുന്ന സൺഡേ സ്കൂൾ രണ്ടാം ടേം പരീക്ഷയുടെ ചോദ്യപ്പേപ്പർ ഏപ്രിൽ 5 ന് രാവിലെ 9.30 മുതൽ വൈകിട്ട് 4.45 വരെ വിശ്വാസപരിശീലനകേന്ദ്രത്തിൽ നിന്നു വിതരണം ചെയ്യുന്നതാണ്.

**പരീക്ഷാസമയം**

ഏപ്രിൽ 6 ഞായർ

1 മുതൽ 7 ക്ലാസ്സ് വരെ 11.00 am to 01.00 pm

8 മുതൽ 12 ക്ലാസ്സ് വരെ 02.00 pm to 04.00 pm

**3. വിശ്വാസോത്സവം**

2024-25 വിശ്വാസപരിശീലനവർഷത്തിലെ വിശ്വാസോത്സവം ഏപ്രിൽ 7 മുതൽ 12 വരെ നടത്തപ്പെടുന്നതാണ്.

**4. പരീക്ഷാ മൂല്യനിർണയം**

10,12 ക്ലാസ്സുകളിലെ കുട്ടികളുടെ രണ്ടാം ടേം പരീക്ഷയുടെ മൂല്യ നിർണയം ഏപ്രിൽ 14 (പത്താം ക്ലാസ്സ്), 15 (പന്ത്രണ്ടാം ക്ലാസ്സ്) തീയതികളിൽ ഭരണങ്ങാനം മാതൃഭവനിൽവച്ച് രാവിലെ ഒമ്പതുമണിമുതൽ നടത്തപ്പെടും.

**5. സ്കോളർഷിപ്പ് പരീക്ഷ ഓൺലൈൻ രജിസ്ട്രേഷൻ**

IV - XII വരെ ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ ഏപ്രിൽ 25 മുതൽ 30 വരെ നടത്തേണ്ടതാണ്.

**6. അധ്യാപകസംഗമം**

ഒന്നാം ക്ലാസ്സിലെ അധ്യാപകസംഗമം മാർച്ച് 30 ന് ഭരണങ്ങാനം മാതൃ ഭവനിൽവച്ചു നടത്തപ്പെട്ടു. സി. ഡോണാ എഫ്.സി.സി. ക്ലാസ്സ് നയിച്ചു.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# പാലാ മിഷൻ – ഗുജറാത്ത്

**1. സ്വാഗതം**

പാലാ രൂപതയിൽനിന്ന് സെന്റ് തോമസ് സബർമതിമിഷനിലേക്കു ശുശ്രൂഷയ്ക്കായി പുതുതായി കടന്നുവന്ന തോമസ് കട്ടിപ്പറമ്പിലച്ചനും, മാത്യു പന്തിരുവേലിൽ അച്ചനും റീജണിലെ വൈദികർ ഒന്നുചേർന്ന് സ്വാഗതമേകി.

**2. വനിതാദിനം**

മാർച്ച് 8 ന് സെന്റ് തോമസ് സബർമതി മിഷനിലെ എല്ലാ ഇടവകകളിലും മരിയൻ മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വനിതാദിനം ആചരിച്ചു.

**3. വി. യൗസേപ്പിതാവിന്റെ തിരുനാൾ**

സെന്റ് തോമസ് സബർമതി മിഷനിലെ എല്ലാ ഇടവകകളിലും വി. യൗസേപ്പിതാവിന്റെ തിരുനാൾ സമുചിതമായി ആചരിച്ചു.

**4. വാർഷികധ്യാനം**

മാർച്ച് 29, 30 തീയതികളിൽ ബറൂച് സെന്റ് തോമസ് ഇടവകയിൽ വാർഷിക ധ്യാനം നടത്തപ്പെട്ടു. റവ. ഡോ. ആന്റണി തറേക്കടവിൽ ധ്യാനം നയിച്ചു.

**5. ഏകദിനധ്യാനം**

ആനന്ദ് സെന്റ് അൽഫോൻസാ ഇടവകയിൽ ഏകദിനധ്യാനം നടത്തപ്പെട്ടു. റവ. ഫാ. മാത്യു പുതിയിടത്ത് ധ്യാനം നയിച്ചു.

**6. വൈദികഭവനം വെഞ്ചരിപ്പ്**

സബർമതി ഇടവകയിൽ ഇടവകവികാരിക്കായി ഒരുക്കിയ പുതിയ ഭവനത്തിന്റെ വെഞ്ചരിപ്പുകർമം കോർഡിനേറ്റർ ജനറൽ ജോബി പാലയ്ക്കാത്തടത്തിൽ MST നിർവഹിച്ചു. ഇടവകവികാരി ഫാ. മാത്യു പന്തിരുവേലിൽ, ഫാ. മാത്യു വെങ്ങാലൂർ,

ഫാ. മാർട്ടിൻ പന്തിരുവേലിൽ, ഫാ. ജോസഫ് ആറ്റുചാലിൽ, ഫാ. തോമസ് കട്ടിപ്പറമ്പിൽ, ഫാ. ജോർജ് നെല്ലിക്കൽ എന്നിവർ സന്നിഹിതരായിരുന്നു.

**7. സെമിനാർ**

ബറൂച്ച് - അങ്കലേശ്വർ ഇടവകകളിലെ വിശ്വാസപരിശീലകർക്കായി സെമിനാർ സംഘടിപ്പിക്കപ്പെട്ടു. റവ. ഡോ. ആന്റണി തറേക്കടവിൽ സെമിനാർ നയിച്ചു.

**8. സൺഡേ മാർക്കറ്റ്**

മണിനഗർ ഇടവകയിൽ ഇടവകാംഗങ്ങൾക്കായി sunday market ആരംഭിച്ചു. പ്രസ്തുത സംരംഭത്തിലൂടെ ഓർഗാനിക് പച്ചക്കറികളും Homemade പലഹാര ങ്ങളും മിതമായ നിരക്കിൽ മികച്ച ക്വാളിറ്റിയിൽ ആളുകൾക്ക് ലഭ്യമാക്കുന്നു. ഇടവക വികാരി ഫാ. മാത്യു വെങ്ങാലൂർ സംരംഭത്തിനു നേതൃത്വം നൽകുന്നു.

**ഫാ. ജോർജ് നെല്ലിക്കൽ**

# മിഷൻലീഗ് വാർത്തകൾ

**രൂപത എക്സിക്യൂട്ടീവ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ 2025 മാർച്ചുമാസത്തെ എക്സിക്യൂട്ടീവ് യോഗം മാർച്ച് രണ്ടാം തീയതി ഉച്ചകഴിഞ്ഞ് 3:00 മണിക്ക് ഭരണങ്ങാനം മാതൃഭവനിൽവച്ചു നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത സെക്രട്ടറി ഡോ. ടോം ജോസ് ഒട്ടലാങ്കൽ റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. മിഷൻലീഗ് രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മിഷൻലീഗിന്റെ ഫെബ്രുവരിമാസത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർച്ചുമാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ യോഗത്തിൽ വിശദീകരിക്കുകയും ചെയ്തു.

**രൂപത സെക്രട്ടറിയേറ്റ്**

ചെറുപുഷ്പ മിഷൻലീഗ് പാലാ രൂപതാസമിതിയുടെ 2025 മാർച്ചുമാസത്തെ സെക്രട്ടറിയേറ്റ് യോഗം മാർച്ച് ഒന്നാം തീയതി ശനിയാഴ്ച വൈകുന്നേരം അഞ്ചു മണിക്ക് പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. മിഷൻലീഗ് രൂപത പ്രസിഡന്റ് ഡോ. ജോബിൻ ടി. ജോണി അധ്യക്ഷത വഹിച്ച യോഗത്തിൽ എക്സിക്യൂട്ടീവ് യോഗത്തിൽ ചർച്ച ചെയ്യേണ്ട അജണ്ടകളെ സംബന്ധിച്ച് ചർച്ച ചെയ്തു തീരുമാനങ്ങൾ എടുത്തു.

**വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതിയുടെ 2025-2028 കാലയള വിലേക്കുള്ള ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് 2025 ഏപ്രിൽ 27-ാം തീയതി ഭരണ ങ്ങാനം മാതൃഭവനിൽവച്ചു നടക്കും. തിരഞ്ഞെടുപ്പിന്റെ വിജ്ഞാപനവും വോട്ടേഴ്സ് ലിസ്റ്റും പ്രസിദ്ധീകരിച്ചു.

**കുഞ്ഞുമിഷനറി**

ചെറുപുഷ്പമിഷൻലീഗ് പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പ്രസിദ്ധീകരിക്കുന്ന കുഞ്ഞുമിഷനറി മാസികയുടെ മാർച്ചുമാസത്തിലെ പതിപ്പ് പ്രസിദ്ധീകരിച്ചു.

**കുഞ്ഞുമിഷനറി ക്വിസ്**

2024 ജനുവരിമുതൽ ഡിസംബർ വരെയുള്ള കുഞ്ഞുമിഷനറി മാസികകളെ ആധാരമാക്കിയുള്ള കുഞ്ഞുമിഷനറി ക്വിസ് മത്സരം ഏപ്രിൽ മാസത്തിൽ നടക്കും. രണ്ടു ഘട്ടങ്ങളിലായാണ് മത്സരം നടത്തുന്നത്. ഒന്നാം ഘട്ടം ഏപ്രിൽ മാസം ആറാം തീയതി ഞായറാഴ്ച ഓൺലൈനായും രണ്ടാംഘട്ടം ഏപ്രിൽ മാസം പന്ത്രണ്ടാം തീയതി ശനിയാഴ്ച ഓഫ് ലൈൻ ആയും നടക്കും.

**ഫാ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ** (ഡയറക്ടർ)

# എസ്.എം.വൈ.എം. – കെ.സി.വൈ.എം.

**സൗമാ റമ്പാ**

എല്ലാ യുവതീയുവാക്കളും നോമ്പ് അനുഷ്ഠിക്കാനും വിശുദ്ധിയിൽ നില നിൽക്കാനും രൂപതാസമിതി ആഹ്വാനം ചെയ്തു. സാധിക്കുന്ന ദിനങ്ങളിലെല്ലാം യുവജനങ്ങൾ വി. കുർബാനയിൽ സംബന്ധിക്കാനും, വി. ബൈബിൾ വായിക്കാനും കൂടുതൽ ശ്രദ്ധ ചെലുത്തുന്നു. ഒന്നിച്ചുള്ള കുടുംബപ്രാർഥനയും ഭക്ഷണവും മുടക്കാതെ കുടുംബബന്ധങ്ങൾ കൂടുതൽ ദൃഢമാക്കുന്നു. നോമ്പിന്റെ എല്ലാ ശനിയാഴ്ചകളിലും വൈകുന്നേരങ്ങളിൽ ഫൊറോന/യൂണിറ്റ് തലങ്ങളിൽ യുവജനങ്ങൾ ഒത്തുചേർത്ത് റംശ ചൊല്ലി പ്രാർത്ഥിക്കുന്നു.

**വനിതാദിനാഘോഷം 'Aurelia'**

പാലാ രൂപത യുവജനപ്രസ്ഥാനം SMYM - KCYM പാലാ രൂപതയുടെ വനിതാദിനാഘോഷം രാമപുരം യൂണിറ്റിന്റെയും രാമപുരം ഫൊറോനയുടെയും നേതൃത്വത്തിൽ നടത്തപ്പെട്ടു. പ്രശസ്ത പിന്നണി ഗായിക എലിസബത്ത് എസ്. മാത്യു ചടങ്ങിൽ മുഖ്യാതിഥിയായിരുന്നു. പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ജോയിന്റ് ഡയറക്ടർ സിസ്റ്റർ നവീന സിഎംസി, ആനിമേറ്റർ സിസ്റ്റർമാരായ സിസ്റ്റർ നിർമൽ തെരേസ് എസ്എംസി, സിസ്റ്റർ ബ്ലസി ഡിഎസ്ടി എന്നിവർ ചേർന്ന് ഉദ്ഘാടനകർമം നിർവഹിച്ച പരിപാടിക്ക് പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ വൈസ് പ്രസിഡന്റ് ബിൽനാ സിബി സ്വാഗതം ആശംസിച്ചു. വെല്ലുവിളികൾ നിറഞ്ഞ ജീവിതത്തിലും സന്തോഷം കണ്ടെത്താൻ നമുക്ക് ഓരോരുത്തർക്കും സാധിക്കുമെന്ന് തന്റെ വാക്കുകളിലൂടെ എലിസബത്ത് പങ്കുവച്ചു. പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ ഡയറക്ടർ റവ. ഫാ. മാണി കൊഴുപ്പൻകുറ്റി, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിൽ, ജനറൽ സെക്രട്ടറി റോബിൻ റ്റി. ജോസ്, രാമപുരം ഫൊറോന - യൂണിറ്റ് ഡയറക്ടർ റവ.ഫാ. ജോൺ മണാങ്കൽ, സിൻഡിക്കേറ്റ് മെമ്പർ അലക്സ്, പ്രസിഡന്റുമാരായ ഡെലിക്സ്, ഹെലെൻ, ജെഫിൻ, മറ്റ് യൂണിറ്റ് - ഫൊറോന - രൂപത ഭാരവാഹികളും പ്രവർത്തകരും സന്നിഹിതരായിരുന്നു. പ്രസ്തുത പരിപാടിയിൽ പാലാ രൂപതയിലെ യുവസംരംഭകരെ പരിചയപ്പെടുത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

**മലകയറ്റം**

ആദ്യവെള്ളിയാഴ്ച രൂപതാസമിതി വല്യച്ചൻമല കയറി പ്രാർഥനയിൽ പങ്കെടുത്തു.

**'വർത്തമാനം' – ഫൊറോന സന്ദർശനങ്ങൾ**

എസ്.എം.വൈ.എം. – കെ.സി.വൈ.എം. പാലാ രൂപതയുടെ ഫൊറോനാസന്ദർശനങ്ങൾ (വർത്തമാനം) പൂർത്തിയായി. വിവിധ ദിനങ്ങളിലായി അരുവിത്തുറ, കടനാട്, തീക്കോയി, ഭരണങ്ങാനം, കൂട്ടിക്കൽ, മുട്ടുചിറ, കുറവിലങ്ങാട്, കടുത്തുരുത്തി, ചേർപ്പുങ്കൽ, പ്രവിത്താനം, മൂലമറ്റം, പാലാ, പൂഞ്ഞാർ എന്നീ ഫൊറോനകൾ സന്ദർശിച്ചു.

**അംഗത്വമാസാചരണം**

മാർച്ചുമാസം പാലാ രൂപത യുവജനപ്രസ്ഥാനം അംഗത്വമാസമായി ആചരിച്ചു.

**DRUG FREE YOUTH**

ലഹരിക്കെണിയെക്കുറിച്ച് പിതാവ് നൽകിയ പ്രവാചകശബ്ദം അടിവരയിട്ടുകൊണ്ട് സമൂഹത്തിൽ വർധിച്ചുവരുന്ന ലഹരി എന്ന വിപത്തിനെതിരേ പാലാ രൂപത യുവജനപ്രസ്ഥാനത്തിന്റെ മെഗാ ലഹരിവിരുദ്ധക്യാമ്പയിനു തുടക്കം കുറിച്ചു.

**സൗജന്യ മെഡിക്കൽ ക്യാമ്പ്**

പാലാ രൂപത യുവജനപ്രസ്ഥാനം, മാർ സ്ലീവാ മെഡിസിറ്റിയുടെ സഹകരണത്തോടെ എസ്.എം.വൈ.എം. മൂലമറ്റം ഫൊറോനയുടെയും യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ മൂലമറ്റത്തുവെച്ച് സൗജന്യ മെഡിക്കൽക്യാമ്പ് നടത്തപ്പെട്ടു.

**കരിയർ കോർണർ**

പാലാ രൂപത യുവജനപ്രസ്ഥാനം വിദ്യാഭ്യാസ – ജോലി – സ്കോളർഷിപ്പ് സംബന്ധമായ വാർത്തകൾ യുവജനങ്ങളിലേക്ക് എത്തിക്കുന്നതിനായി 'കരിയർ കോർണർ' എന്ന പേരിൽ കരിയർ സെല്ലിനു തുടക്കംകുറിച്ചു.

**ഐക്യദാർഢ്യം**

സിറിയയിൽ അതിക്രൂരമായ കൂട്ടക്കൊലകൾ തുടർക്കഥയാകുമ്പോൾ, ലോകരാഷ്ട്രങ്ങളുടെ നിസ്സംഗത അപലപനീയം. കണ്ണീരുണങ്ങാത്ത സിറിയൻ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

**പ്രതിഷേധങ്ങൾ – കാവുംകണ്ടം, തിടനാട്**

ക്രൈസ്തവ ആരാധനാലയങ്ങൾക്കുനേരേ തുടർച്ചയായി ഉണ്ടാകുന്ന അക്രമങ്ങൾ അപലപനീയമെന്ന് പാലാ രൂപത യുവജനപ്രസ്ഥാനം എസ്.എം. വൈ.എം. – കെ.സി.വൈ.എം. പാലാ രൂപത. തിടനാട് ഊട്ടുപാറ കുരിശുമലമുകളിലെ ചാപ്പലിൽ നടന്ന സാമൂഹികവിരുദ്ധരുടെ അഴിഞ്ഞാട്ടം പ്രതിഷേധാർഹമാണ്. അധികാരികൾ കുറ്റക്കാർക്കെതിരേ ശക്തമായ നടപടി സ്വീകരിക്കണമെന്ന് യോഗം ആവശ്യപ്പെട്ടു. കഴിഞ്ഞ ദിവസമാണ് കടനാട് കാവുംകണ്ടം പള്ളിയുടെ ഗ്രോട്ടോ സാമൂഹികവിരുദ്ധർ തകർത്തത്. അതിൽ ഉൾപ്പെട്ട പ്രതികളെ കണ്ടെത്താൻ കഴിയാത്തത് ഏറെ ദൗർഭാഗ്യകരമെന്നും, പോലീസിന്റെ നിസംഗത ഇത്തരം സാമൂഹികവിരുദ്ധപ്രവർത്തനങ്ങൾ നടത്തുന്നവർക്ക് പ്രോത്സാഹനമാകുകയാണെന്നും യോഗം വിലയിരുത്തി.

**നാമഹേതുകത്തിരുനാൾ ആചരണം**

മാർച്ച് 19 വിശുദ്ധ യൗസേപ്പ് പിതാവിന്റെ തിരുനാളിനോടനുബന്ധിച്ച് യൗസേപ്പ് നാമധാരികളായ പാലാ രൂപത ബിഷപ് അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട്

പിതാവ്, ബിഷപ് എമെരിറ്റസ് അഭിവന്ദ്യ മാർ ജോസഫ് പള്ളിക്കാപറമ്പിൽ പിതാവ്, മുഖ്യവികാരിജനറാൾ മോൺ ഡോ. ജോസഫ് തടത്തിൽ, ചാൻസിലർ റവ. ഫാ. ജോസഫ് കുറ്റിയാങ്കൽ എന്നിവർക്ക് പാലാ രൂപത യുവജനപ്രസ്ഥാനം, ഡയറക്ടർ റവ.ഫാ. മാണി കൊഴുപ്പൻകുറ്റിയുടെയും, പ്രസിഡന്റ് അൻവിൻ സോണി ഓടച്ചുവട്ടിലിന്റെയും നേതൃത്വത്തിൽ നാമഹേതുകത്തിരുന്നാൾ ആശംസകൾ നേർന്നു.

**ഫാ. മാണി കൊഴുപ്പൻകുറ്റി** (ഡയറക്ടർ)

# ജീസസ് യൂത്ത്

**പാലാ സോണൽ കൗൺസിൽ 2025-27**

2025 മാർച്ച് 8 ന് സെന്റ് തോമസ് കോളേജിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4:00 വരെ സോണൽ അസംബ്ലി നടത്തപ്പെട്ടു. 2025-27 വർഷങ്ങളിൽ പാലാ സോണിനെ നയിക്കാനുള്ള പുതിയ കൗൺസിലിനെ അസംബ്ലിയിൽ തിരഞ്ഞെടുത്തു. കോ-ഓർഡിനേറ്റർ ആൽബിൻ ജിജോ കൊട്ടാരം; അസിസ്റ്റന്റ് കോ ഓർഡിനേറ്റർ ആഗ്നസ് ജോസ്, അഖിൽ സെബാസ്റ്റ്യൻ തോമസ്, ബിബിൻ ബ്രിട്ടോ, ഡോ. ബ്രിജിറ്റ് തോമസ്, എൽസ മരിയ ജോർജ്, ലിബിൻ എബ്രഹാം, ടോം തോമസ് എന്നിവരാണ് പുതിയ കൗൺസിൽ അംഗങ്ങൾ, ഡയറക്ടർ ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ, മുൻ കോ ഓർഡിനേറ്റർ ഷിബ്രീസ് കെ സെബാസ്റ്റ്യൻ, ലേ അനിമേറ്റർ റോജസ് ജോർജ് എന്നിവരും ടീമിൽ ഉൾപ്പെടുന്നു. ഡയറക്ടറച്ചന്റെ കൈവെയ്പു പ്രാർഥനവഴി പുതിയ കൗൺസിൽ ചുമതലയേറ്റു.

**പോൾ കോഴ്സ്**

2025 മാർച്ച് 2 ന് അരുവിത്തുറ സെന്റ് ജോർജ് കോളേജിൽ വെച്ച് ജീസസ് യൂത്ത് ഫോർമേഷൻ കോഴ്സിന്റെ ഭാഗമായ പോൾ കോഴ്സ് 3, 4 സെഷനുകൾ നടത്തപ്പെട്ടു. പങ്കെടുത്തവരെ ആഴമായ ദൈവാനുഭവത്തിലേക്കു നയിക്കാൻ സഹായിച്ചു.

**ആരാധന**

അരുവിത്തുറ സെന്റ് ജോർജ് ഫൊറോന ദൈവാലയത്തിന്റെ ചാപ്പലിൽ വെച്ച് എല്ലാ മാസവും ആദ്യത്തെ തിങ്കളാഴ്ചയും മൂന്നാം തിങ്കളാഴ്ചയും അരുവിത്തുറ ഇടവകയിലെ ജീസസ് യൂത്ത് അംഗങ്ങളുടെ നേതൃത്വത്തിൽ ആരാധന നടത്തി വരുന്നു.

**മധ്യസ്ഥപ്രാർത്ഥന**

ജീസസ് യൂത്ത് പാലായുടെ നേതൃത്വത്തിൽ എല്ലാ ദിവസവും വൈകുന്നേരം 4 മുതൽ 5 വരെ SH Media Pala Convent ൽ വെച്ച് ആരാധന നടത്തിവരുന്നു. അതോടൊപ്പം എല്ലാ ദിവസവും വൈകുന്നേരം 8:30 ന് അരമണിക്കൂർ ഓൺലൈനായി സോണിന്റെ നിയോഗങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു.

**ബുധനാഴ്ചക്കൂട്ടായ്മ**

എല്ലാ ബുധനാഴ്ചയും വൈകിട്ട് 5:15 നു ളാലം പള്ളിയിലെ മിനി ഹാളിൽ വച്ച് ബുധനാഴ്ചക്കൂട്ടായ്മ നടത്തപ്പെടുന്നു. പ്രാർഥനയിലൂടെയും വചനം പങ്കുവയ്ക്കുന്നതിലൂടെയും ഗാനങ്ങൾ ആലപിക്കുന്നതിലൂടെയും അനേകരെ

ഈശോയുടെ സ്നേഹത്തിലേക്ക് അടുപ്പിക്കാൻ ഈ കൂട്ടായ്മയ്ക്കു സാധിക്കുന്നുണ്ട്.

**ആന്റി ഡ്രഗ് ക്യാംപെയ്ൻ**

ലഹരിയുടെ ഉപയോഗം വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പാലാ സെന്റ് തോമസ് കോളജ് ജീസസ് യൂത്തിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധപ്രചാരണം നടത്തിവരുന്നു. #Say No to Drugs; #Say Yes to Jesus എന്ന മുദ്രാവാക്യവുമായി കോളേജ് കാമ്പസ് വൃത്തിയാക്കാനും, പ്രകൃതിയോടൊപ്പം അല്പസമയം ദൈവത്തെ ധ്യാനിക്കാനും ഈ ക്യാംപയിനിലൂടെ പ്രചോദിപ്പിക്കുന്നു.

**VITANOVA'25**

സെന്റ് ജോസഫ് എൻജിനീയറിങ് കോളജിലെ ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ കോളേജിലെ ഒന്നാംവർഷ വിദ്യാർഥികൾക്കുവേണ്ടി VITANOVA'25 പ്രോഗ്രാം നടത്തപ്പെട്ടു. മാർച്ച് 7 മുതൽ 9 വരെ നടന്ന പ്രോഗ്രാമിൽ 47 കുട്ടികൾ പങ്കെടുത്തു. ആൽബിൻ ജിജോ, ജോർജ് ജോസഫ്, ഷൈജൽ ദേവസ്യ, റോഷൻ ജെയിംസ്, ഫാ. ജോൺ മറ്റമുണ്ടയിൽ എന്നിവർ ക്ലാസുകൾ നയിച്ചു. പ്രോഗ്രാമിന്റെ ഭാഗമായി പ്രോലൈഫ് എക്സിബിഷനും നടത്തപ്പെട്ടു. കുട്ടികളിൽ ആഴമായ വിശ്വാസവും ദൈവസ്നേഹവും നിറയാൻ പ്രോഗ്രാമിലൂടെ സാധിച്ചു.

**സോണൽ പ്രയർ ഡേ**

2023-25 വർഷക്കാലം പാലാ സോണിൽ ദൈവകൃപയാൽ ലഭിച്ച എല്ലാ അനുഗ്രഹങ്ങൾക്കും നന്ദിയർപ്പിക്കുവാനും അടുത്ത സോണൽ കൗൺസിലിനെയും സോൺ മുഴുവനെയും ദിവ്യകാരുണ്യസന്നിധിയിൽ സമർപ്പിച്ചു പ്രാർഥിക്കാനുമായി ഫെബ്രുവരി 26 രാവിലെ 10 മുതൽ വൈകിട്ട് 3 വരെ പുത്തൻ പള്ളിയിൽവെച്ച് സോണൽ പ്രയർ ഡേ നടത്തപ്പെട്ടു.

**കുരിശിന്റെ വഴി**

പാലാ സോണിൽ അടുത്ത നാളുകളിൽ നടക്കാൻപോകുന്ന എല്ലാ ശുശ്രൂഷകളെയും പ്രോഗ്രാമുകളെയും സമർപ്പിച്ചു പ്രാർഥിക്കുവാനായി എല്ലാ വ്യാഴാഴ്ചയും അരുവിത്തുറ വല്യച്ചൻമലയിൽ കുരിശിന്റെ വഴി നടത്തിവരുന്നു.

**സിവിൽ സർവീസ്, അസ്സീസി പ്രയർ ഗ്യാതറിങ്**

ദൈവസ്നേഹാധിഷ്ഠിതമായ കൂട്ടായ്മകൾ ഇന്നിന്റെ ആവശ്യമാണെന്നു കണ്ടറിഞ്ഞ് പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലും ഭരണങ്ങാനം അസ്സീസി ജർമൻ വിദ്യാർഥികളുടെ ഇടയിലും ആഴ്ചയിൽ ഒരിക്കൽ നടക്കുന്ന പ്രാർഥന ക്കൂട്ടായ്മകൾക്ക് തുടക്കംകുറിച്ചു.

**ഫാ. മാത്യു എണ്ണയ്ക്കാപ്പള്ളിൽ** (ഡയറക്ടർ)

## കുടുംബക്കൂട്ടായ്മ

**1. രൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

04.03.2025, 3.30 pm ന് പാലാ രൂപത കുടുംബക്കൂട്ടായ്മ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. 2024-25 വർഷത്തെ

കർമപരിപാടികൾ ആവിഷ്കരിക്കുന്നതിന് ആവശ്യമായ നിർദേശങ്ങൾ ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റത്ത് നൽകി.

**2. റിസോഴ്സ് ടീം സമ്മേളനം**

19.03.2025, 10 am ന് രൂപത കുടുംബക്കൂട്ടായ്മ റിസോഴ്സ് ടീം അംഗങ്ങളുടെ യോഗം ഷലോം പാസ്റ്ററൽ സെന്ററിൽ ചേർന്നു. ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റത്തിന് നാമഹേതുകത്തിരുനാൾ ആശംസകൾ നേർന്നു. സ്നേഹത്തിൽ എല്ലാവരെയും ഒന്നിപ്പിക്കാൻ ആവശ്യമായ കർമപദ്ധതികളുംകൂടി ഉൾപ്പെടുത്തി വാർഡുതലക്ലാസുകൾ സജീവമാക്കാൻ ഡയറക്ടറച്ചൻ നിർദേശം നൽകി.

**3. വാർഡുതല ക്ലാസുകൾ**

23.03.2025, 4.30 pm ന് ഉരുളികുന്നം ഇടവകയിലെ 15 വാർഡുകളിലും കുടുംബക്കൂട്ടായ്മ വാർഡുതലക്ലാസുകൾ നടത്തപ്പെട്ടു. വികാരി റവ. ഫാ. ജേക്കബ് വെള്ളമരുതുങ്കലിന്റെ പ്രാർഥനയോടെ ക്ലാസ്സുകൾ ആരംഭിച്ചു.

**4. എക്സിക്യൂട്ടീവ് മീറ്റിംഗ്**

25.03.2025, 10 am ന് കുടുംബക്കൂട്ടായ്മ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ സമ്മേളനം ഷലോം പാസ്റ്റർ സെന്ററിൽ ചേർന്നു. പ്രവർത്തനവർഷത്തെ കർമപദ്ധതികൾ ചർച്ച ചെയ്തു. ഡയറക്ടർ റവ.ഫാ. ജോസഫ് അരിമറ്റത്ത്, അസി. ഡയറക്ടർ ഫാ. ആൽബിൻ പുതുപ്പറമ്പിൽ എന്നിവർ ചർച്ചകൾക്കു നേതൃത്വം നൽകി.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

# ഫാമിലി അപ്പോസ്തലേറ്റ്

**A. വിവാഹ ഒരുക്ക ധ്യാനം**

**1. സർട്ടിഫിക്കറ്റ് കരസ്ഥമാക്കി**

**മാർച്ച് 07-09, 21-23** തീയതികളിലെ വിവാഹ ഒരുക്ക സെമിനാറിൽ 264 പേർ സംബന്ധിച്ച് സർട്ടിഫിക്കറ്റ് നേടി.

**2. രജിസ്ട്രേഷൻ**

**ഏപ്രിൽ 03-05, 14-16, മെയ് 01-03, 23-25** എന്നീ തീയതികളിൽ നടക്കുന്ന കോഴ്സിന്റെ രജിസ്ട്രേഷൻ തുടരുന്നു.

**3. പേരന്റ്സ് മീറ്റ്**

മാർച്ചുമാസത്തിലെ വിവാഹ ഒരുക്ക ധ്യാനത്തിലെ കുട്ടികളുടെ പേരന്റ്സ് മീറ്റിംഗിൽ റവ. ഡോ. ജോസഫ് കടുപ്പിൽ ക്ലാസ്സെടുത്തു. 492 മാതാപിതാക്കൾ മീറ്റിംഗിൽ പങ്കെടുത്തു.

**4. ആലോചനയോഗം**

മാർച്ച് 12-ാം തീയതി രാവിലെ 11 മണിക്ക് ഫാമിലി അപ്പോസ്തലേറ്റുമായി ബന്ധപ്പെട്ട വിവിധ സംഘടനകളെക്കുറിച്ച് ആലോചിക്കാൻ ഫൊറോന കൊച്ചച്ചന്മാരുടെ ഒരു മീറ്റിംഗ് ഷലോമിൽ വിളിച്ചുചേർത്തു. ഡയറക്ടർ റവ. ഫാ.

ജോസഫ് നരിതൂക്കിൽ അധ്യക്ഷത വഹിച്ചു സംസാരിച്ചു. മാര്യേജ് കോഴ്സ്, പിതൃവേദി, മാതൃവേദി, പ്രോലൈഫ് തുടങ്ങിയവയെക്കുറിച്ചുള്ള സംശയങ്ങൾക്കു ഡയറക്ടർ മറുപടി നൽകി.

**5. നാമഹേതുകത്തിരുനാൾ ആഘോഷം**

മാർച്ച് 19-ാം തീയതി രാവിലെ 10 മണിക്ക് ജോസഫ് നാമധാരിയായ ഫാമിലി അപ്പോസ്തലേറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ അച്ചന്റെ നാമഹേതുകത്തിരുനാൾ ഷലോം അംഗങ്ങൾ കേക്ക് മുറിച്ച് ആഘോഷിച്ചു. തുടർന്ന് 10.30 ന് ഡയറക്ടറച്ചനും സ്റ്റാഫ് അംഗങ്ങളും മാതൃവേദി അംഗങ്ങളും അരമന യിൽ എത്തി ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപറ മ്പിൽ, റവ. ഡോ. ജോസഫ് തടത്തിൽ, റവ. ഡോ. ജോസഫ് മലേപ്പറമ്പിൽ, റവ. ഡോ. ജോസഫ് മുത്തനാട്ട് , റവ. ഡോ. ജോസഫ് കുറ്റിയാങ്കൽ, എന്നിവരെ സന്ദർശിച്ച് ആശംസകൾ നേർന്നു.

## B. പിതൃവേദി

**1. തീർഥാടനം – വിനോദയാത്ര**

മാർച്ച് 1-ാം തീയതി പിതൃവേദി രൂപതാസമിതിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട തീർഥാടനം കാഞ്ഞിരത്താനം മാർ അപ്രേം ദയറ, വല്ലാർപാടം ബസി ലിക്ക, വാട്ടർ മെട്രോ, പുതുവൈപ്പിൻ തുടങ്ങിയ സ്ഥലങ്ങളിലേക്ക നടത്തപ്പെട്ടു. 42 പേർ പങ്കെടുത്ത പ്രസ്തുത യാത്രയ്ക്ക് പിതൃവേദി രൂപത ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ നേതൃത്വം നൽകി.

**2. ആശംസകൾ**

മാർച്ച് 19-ാം തീയതി ഉച്ചകഴിഞ്ഞ് 2.30 ന് പിതൃവേദിയുടെ സ്വർഗീയ മദ്ധ്യസ്ഥനായ വിശുദ്ധ യൗസേപ്പിതാവിന്റെ മരണത്തിരുനാളിനോടനുബന്ധിച്ച് ഷലോം പാസ്റ്ററൽ സെന്ററിൽവച്ച് പിതൃവേദി അംഗങ്ങൾ ഒരുമിച്ചുകൂടി ഒരു പ്രാർഥ നായോഗം സംഘടിപ്പിച്ചു. ഇവാഞ്ചലൈസേഷൻ ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റത്തിൽ പ്രാർഥനയ്ക്കു നേതൃത്വം നൽകി. രൂപത സെക്രട്ടറി ശ്രീ ടോമി തുരുത്തിക്കര നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന ഡയറക്ടർക്കും പ്രസി ഡന്റിനും മറ്റ് ജോസഫ് നാമധാരികൾക്കും ആശംസകൾ അർപ്പിച്ചു. തുടർന്നു വരാൻപോകുന്ന വിവിധ പ്രോഗ്രാമുകളെക്കുറിച്ചുള്ള ചർച്ചകൾ നടത്തപ്പെട്ടു.

## C. മാതൃവേദി

**1. വനിതാദിനാഘോഷം**

മാർച്ച് 8-ാം തീയതി രാവിലെ 10 മണിക്ക് ഷലോമിൽ വനിതാദിനാഘോഷം നടത്തപ്പെട്ടു. കോതമംഗലം രൂപത മോട്ടീവേഷൻ സ്പീക്കർ ഒബിയ ജോളി 'വനി താശക്തീകരണം മാതൃവേദിയിൽ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ്സ് നയിച്ചു. 10.30 ന് ആരംഭിച്ച പൊതുസമ്മേളനത്തിന് രൂപത പ്രസിഡന്റ് അധ്യ ക്ഷത വഹിച്ചു. ജോയിന്റ് ഡയറക്ടർ റവ. സി. കുസുമം എസ്.എച്ച് എല്ലാവർക്കും സ്വാഗതം നല്കി. ഇവാഞ്ചലൈസേഷൻ ഡയറക്ടർ റവ. ഫാ. ജോസഫ് അരിമറ്റ ത്തിൽ വനിതാദിനാഘോഷം ഉദ്ഘാടനം ചെയ്തു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ എല്ലാവർക്കും ആശംസകൾ അർപ്പിച്ചു. ജാസ്മിൻ അജി വിച്ചാട്ട്

തുടങ്ങനാട്, സാലിമ്മ ജോളി മാൻവെട്ടം എന്നിവരെ പ്രസ്തുത സമ്മേളനത്തിൽ പൊന്നാട അണിയിച്ച് ആദരിച്ചു. ഒരു മണിക്ക് ഉച്ചഭക്ഷണത്തോടെ പരിപാടി അവസാനിച്ചു.

**2. രൂപത എക്സിക്യൂട്ടീവ്**

മാർച്ച് 18-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോമിൽ വച്ച് മാതൃവേദി രൂപത എക്സിക്യൂട്ടീവ് കമ്മിറ്റി കൂടി പ്രവർത്തനങ്ങളെക്കുറിച്ചു ചർച്ച നടത്തി.

**D. പ്രോലൈഫ്**

**1. ചർച്ച**

മാർച്ച് 25-ാം തീയതി രാവിലെ 11 മണിക്ക് പാലായിൽ വച്ച് നടക്കാൻ പോകുന്ന കെ.സി.ബി.സി. പ്രോലൈഫ് സമ്മേളനത്തിന് ഒരുക്കമായുള്ള ഒന്നാം ഘട്ട ചർച്ച കെ.സി.ബി.സി. സംസ്ഥാനസമിതി സെക്രട്ടറി ശ്രീ ജെയിംസ് ആഴ്ചങ്ങാടന്റെ നേതൃത്വത്തിൽ പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നടത്തപ്പെട്ടു. പാലാ രൂപത പ്രോലൈഫ് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിലും രൂപത പ്രസിഡന്റ് മാത്യു എം. കുര്യാക്കോസും രൂപത എക്സിക്യൂട്ടീവ് അംഗങ്ങളും പരിപാടിയിൽ പങ്കെടുത്തു.

**2. ചർച്ച**

മാർച്ച് 13-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് പ്രോലൈഫ് വാർഷികത്തോടനുബന്ധിച്ചുള്ള വിവിധ കമ്മിറ്റികളുടെ മീറ്റിംഗ് ഷലോമിൽ വച്ച് നടത്തപ്പെട്ടു. രൂപത പ്രസിഡന്റ് മാത്യു എം. കുര്യാക്കോസ് അധ്യക്ഷത വഹിച്ച സമ്മേളനം ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ ഉദ്ഘാടനം ചെയ്തു.

**3. കമ്മിറ്റി**

മാർച്ച് 20-ാം തീയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് കെ.സി.ബി.സി. പ്രോലൈഫ് ദിനത്തോടനുബന്ധിച്ചുള്ള വിവിധ കമ്മിറ്റികളുടെ രണ്ടാം ഘട്ടം മീറ്റിംഗ് ഷലോമിൽ വച്ചു നടത്തപ്പെട്ടു. ചർച്ചകൾക്ക് ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ, രൂപത പ്രസിഡന്റ് മാത്യു എം. കുര്യാക്കോസ്, സെക്രട്ടറി ഡോ. ഫെലിക്സ് ജെയിംസ് എന്നിവർ നേതൃത്വം നൽകി.

**4. 3-ാം കമ്മിറ്റി**

കെ.സി.ബി.സി. പ്രോലൈഫ് ദിനത്തോട് അനുബന്ധിച്ചുള്ള അവസാന ഘട്ട ഒരുക്കങ്ങൾ അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു. ഒരോ കമ്മിറ്റിയംഗവും തങ്ങൾക്കു ഭരമേല്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾ തയ്യാറായെന്ന് ഉറപ്പുവരുത്തി.

**5. കെ.സി.ബി.സി. പ്രോലൈഫ്**

ഫാമിലി അപ്പോസ്തലേറ്റിന്റെ പ്രധാന ശുശ്രൂഷാമേഖലയായ പ്രോലൈഫിന്റെ കെ.സി.ബി.സി. പ്രോലൈഫ് ദിനാചരണം പാലാ അരുണാപുരം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു. രാവിലെ 8.30 ന് രജിസ്ട്രേഷൻ നടത്തപ്പെട്ടു. 9.00 മണിക്ക് പാലാ രൂപത വികാരി ജനറാൾ റവ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് പരിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. തുടർന്ന് 10.15 ന് പ്രോലൈഫ്

സംസ്ഥാന പ്രസിഡന്റ് ശ്രീ ജോൺസൺ പതാക ഉയർത്തി. ജീവന്റെ മൂല്യവുമായി ബന്ധപ്പെട്ട രണ്ടു ക്ലാസുകൾ നടന്നു. കേരളത്തിലെ മൂന്നു റീത്തുകളിൽ നിന്നായി 321 പ്രവർത്തകർ ദിനാചരണത്തിൽ പങ്കെടുത്തു.

**6. കെ.സി.ബി.സി. പ്രോലൈഫ് പൊതുസമ്മേളനം**

കെ.സി.ബി.സി. പ്രോലൈഫ് ദിനാചരണത്തിന്റെ ഭാഗമായുള്ള പൊതുസമ്മേളനം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ നടന്നു. കൊല്ലം രൂപത മെത്രാനും കെ.സി.ബി.സി. പ്രോലൈഫ് സമിതി ചെയർമാനുമായ ബിഷപ് പോൾ ആന്റണി മുല്ലശ്ശേരി ചടങ്ങിന് അധ്യക്ഷത വഹിച്ചു. പാലാ രൂപതാധ്യക്ഷൻ മാർ ജോസഫ് കല്ലറങ്ങാട്ട് ചടങ്ങ് ഉദ്ഘാടനം ചെയ്തു. ജീവന്റെ മൂല്യത്തിനായി അക്ഷീണം പരിശ്രമിച്ച അഞ്ചുപേരെ പ്രത്യേകമായി അനുമോദിച്ചു. 4.30 ന് സ്നേഹ വിരുന്നിനുശേഷം പരിപാടികൾ അവസാനിച്ചു.

**E. ഹോംമിഷൻ**

വിവിധ ഇടവകകളിലായി നടത്തിവരുന്ന ഹോംമിഷൻ അരുവിത്തുറ ഇടവകയിൽ പൂർത്തിയായി വരുന്നു. 8-ാം തീയതി അരുവിത്തുറയിൽ ആരംഭിച്ച ഹോം മിഷൻ പ്രോഗ്രാമിനു മുന്നോടിയായി ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ രാവിലെ വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി.

**F. സീറോ മലബാർ പാലാ മാട്രിമണി**

**1. ഡേറ്റ സ്വീകരണം**

നമ്മുടെ രൂപതയുടെ മാട്രിമോണിയൽ സേവനവിഭാഗമായ 'സീറോ മലബാർ മാട്രിമണി' സീറോ മലബാർ സഭയിലെ 35 രൂപതകളുടെയും മാട്രിമണികളുമായി ചേർന്ന് പ്രവർത്തിക്കുകയാണ്. നമ്മുടെ രൂപതയിലെ വിവാഹാർഥികൾക്ക് ഉത്തമരായ ജീവിതപങ്കാളികളെ തിരഞ്ഞെടുക്കാൻ ഈ സേവനം പ്രയോജനപ്പെടുത്താവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സീറോ മലബാർ മാട്രിമണിയുടെ പാലാ ഓഫീസിലെ **7306915897, 9778199182** എന്നീ നമ്പറുകളിൽ വിളിക്കാവുന്നതാണ്.

**2. എക്സിക്യൂട്ടീവ് യോഗം**

ജനുവരി 18-ാം തീയതി മാട്രിമണിയുടെ എക്സിക്യൂട്ടീവ് യോഗം കൊരട്ടി ഇൻഫോ പാർക്കിൽ വച്ചു നടത്തപ്പെട്ടു. ഡയറക്ടർ റവ. ഫാ. ജോസഫ് നരിതൂക്കിൽ പങ്കെടുത്ത് പരിപാടികളെക്കുറിച്ച് ചർച്ച നടത്തി.

**G. മഡോണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോം ലൈഫ്**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ കീഴിലുള്ള മഡോണ ഇൻസ്റ്റിറ്റ്യൂട്ടിൽ ഉത്തമകുടുംബജീവിതത്തിന് ആവശ്യമായ കുടുംബവിജ്ഞാനപരമായ ക്ലാസ്സുകൾ, പാചകകലയിൽ പരിശീലനം, തയ്യൽപരിശീലനം, ഹാന്റി ക്രാഫ്റ്റ്സ്, പൂക്കൾനിർമാണം, ഫ്ളവർ അറേഞ്ച്മെന്റ്സ്, ഫേബ്രിക് പെയ്ന്റിംഗ്, നീഡിൽ വർക്ക്, ബീഡ്സ് വർക്കുകൾ, ഗ്ലാസ്സ് പെയ്ന്റിംഗ്, മെറ്റൽ എംബോസ്സിംഗ്, ഹാന്റ് എംബ്രോയ്ഡറി, സെറാമിക് വർക്കുകൾ, ക്രോച്ചറ്റ് വർക്കുകൾ, കോളാഷ് വർക്കുകൾ, ടോയി മേക്കിംഗ്, പോട്ട് പെയിന്റിംഗ്, കോഫി പെയിന്റിംഗ്, ഓർണമെന്റ്സ് മേക്കിംഗ് തുടങ്ങിയ വിഷയങ്ങൾക്കുള്ള ക്ലാസ്സുകൾ നടത്തപ്പെടുന്നു. കോഴ്സുക

ളിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മഡോണ ഇൻസ്റ്റിറ്റ്യൂട്ടമായി ബന്ധപ്പെടുക. വിശദവിവരങ്ങൾക്ക് വിളിക്കേണ്ട നമ്പർ — **7306293048**

**H. മംഗല്യനിധി**

പാലാ രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ വിവാഹസഹായപദ്ധതിയായ മംഗല്യനിധിവഴി വിജയപുരം രൂപതയിലെ ഒരു പെൺകുട്ടിക്ക് വിവാഹ സഹായം നൽകി.

**ഫാ. ജോസഫ് നരിതൂക്കിൽ** (ഡയറക്ടർ)

# ഇവാഞ്ചലൈസേഷൻ

**ധ്യാനങ്ങൾ**

ഇവാഞ്ചലൈസേഷൻ പാലാ രൂപതയുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും ധ്യാനങ്ങൾ നടത്തി. ഫെബ്രുവരി 27-29 തീയതികളിൽ വളക്കാട്ടുകുന്നേൽ സെന്റ് അൽഫോൻസാ റിന്യൂവൽ സെന്ററിലും മാർച്ച് 6, 7 തീയതികളിൽ സെന്റ് ജോസഫ് ബി.എഡ്. കോളേജിലും 11-14 വരെ വടവാതൂർ സെന്റ് തോമസ് അപ്പോസ്തോലിക് സെമിനാരിയിലും 17-19 വരെ പാലാക്കാട് ചെറുപുഷ്പദൈവാലയത്തിലും 23-25 വരെ മണിയംകുന്ന് തിരുഹൃദയ ദൈവാലയത്തിലും 27-29 വരെ ഏന്തയാർ സെന്റ് മേരീസ് ദൈവാലയത്തിലും 28-30 വരെ മണിയംകുളം സെന്റ് ജോസഫ് ദൈവാലയത്തിലും 30-ഏപ്രിൽ 1 വരെ ഉള്ളനാട് തിരുഹൃദയദൈവാലയത്തിലും 31-ഏപ്രിൽ 2 വരെ താമരശ്ശേരി മരച്ചാട്ടി ഇടവകയിലും നോമ്പുകാല വചനവിചിന്തനങ്ങൾ നടത്തി.

**ക്ലാസുകൾ**

9-ാം തീയതി കളത്തൂക്കടവ് സെന്റ് വിയാന്നി ഇടവകയിൽ വനിതാദിനത്തോടനുബന്ധിച്ചു ക്ലാസുകൾ നയിച്ചു. 22-ാം തീയതി ചെത്തിമറ്റം ക്രിസ്തുജ്യോതി ധ്യാനകേന്ദ്രത്തിൽ എൽറോയ് ധ്യാനടീമിന്റെ പരിശുദ്ധാത്മാഭിഷേകധ്യാനത്തിൽ വചനം പങ്കുവച്ചു. ഭരണങ്ങാനം അസ്സീസി ധ്യാനകേന്ദ്രത്തിൽ ശുശ്രൂഷകർക്കായി പ്രാർഥന നടത്തി ക്ലാസ്സെടുത്തു.

**മീറ്റിങ്ങുകൾ**

പാലാ രൂപത ഇവാഞ്ചലൈസേഷന്റെ കീഴിലുള്ള വിവിധ മിനിസ്ട്രികളുടെ എക്സിക്യൂട്ടീവ് മീറ്റിംഗുകൾ ഷലോം പാസ്റ്ററൽ സെന്ററിൽവച്ചു നടത്തപ്പെട്ടു.

**സന്ദർശനം**

പാലാ രൂപതയുടെ മൗണ്ട് നെബോ ധ്യാനകേന്ദ്രത്തിൽ വികാരി ജനറാൾ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ നേതൃത്വത്തിൽ ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. ജോസഫ് അരിമറ്റത്തും അസി. ഡയറക്ടർ ഫാ. ആൽവിൻ പുതുപ്പറമ്പിലും സന്ദർശനം നടത്തുകയും ഇവാഞ്ചലൈസേഷൻ പ്രോഗ്രാമുകളെകുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്

**കത്തോലിക്കാ കോൺഗ്രസ് നേതൃസംഗമങ്ങൾ**

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ ചങ്ങനാശ്ശേരി റീജിയണിന്റെ നേതൃസംഗമം പാലാ രൂപത കമ്മിറ്റിയുടെ ആതിഥേയത്വത്തിൽ ഭരണങ്ങാനം മാതൃഭവനിൽവച്ചു നടത്തി. പാലാ, കാഞ്ഞിരപ്പള്ളി, ചങ്ങനാശ്ശേരി, കോട്ടയം രൂപതകളിലെ യുവജനനേതാക്കൾ പങ്കെടുത്തു. ഗ്ലോബൽ യൂത്ത് ജനറൽ കോർഡിനേറ്റർ സിജോ ജലന്തറിന്റെ അധ്യക്ഷതയിൽ കൂടിയ യോഗം ഗ്ലോബൽ പ്രസിഡന്റ് ശ്രീ രാജീവ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഇമ്മാനുവൽ നിധീരി, രാജേഷ് ജോൺ, ജോസ് വട്ടുകുളം, അജിത് അരിമറ്റം തുടങ്ങിയവർ പ്രസംഗിച്ചു.

ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ, മീഡിയ കോർഡിനേറ്റർ അഡ്വ. മനു ജെ. വരാപ്പിള്ളി, ആൻ സാബു, ശ്രീമതി ട്രീസാ ലിസ് സെബാസ്റ്റ്യൻ തുടങ്ങിയവർ ക്ലാസ്സ് നയിച്ചു. റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ സമാപനസന്ദേശം നല്കി.

**വനിതാദിനാഘോഷം**

കത്തോലിക്കാ കോൺഗ്രസ് വനിതാഫോറത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 8 ന് വനിതാദിനാഘോഷം നടത്തി. ഷലോം പാസ്റ്ററൽ സെന്ററിൽ കൂടിയ യോഗത്തിൽ മുഖ്യകോർഡിനേറ്റർ ശ്രീമതി റെയ്ബി രാജേഷ് അധ്യക്ഷത വഹിച്ചു. ആരാധനസഭ പാലാ പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. മെറീന ഞാറക്കാട്ട് SABS സമ്മേളനം ഉദ്ഘാടനം ചെയ്തു. റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മുഖ്യപ്രഭാഷണം നടത്തി. രാജീവ് കൊച്ചുപറമ്പിൽ, ആൻസമ്മ സാബു, ഇമ്മാനുവൽ നിധീരി, ജോസ് വട്ടുകുളം തുടങ്ങിയവർ ആശംസകൾ നേർന്നു. ഡോ. ആൻസി ജോസഫ് (മുൻ പ്രിൻസിപ്പൽ SD കോളജ്, കാഞ്ഞിരപ്പള്ളി) ക്ലാസ്സ് നയിച്ചു.

**പാറേമ്മാക്കൽ ഗോവർണ്ണദോർ അനുസ്മരണം**

മാർത്തോമ്മാനസ്രാണിസമുദായത്തിന്റെ ഐക്യത്തിനും സ്വാതന്ത്ര്യത്തിനുംവേണ്ടി അക്ഷീണം യത്നിച്ച സമുദായസ്നേഹിയും ഭരണകർത്താവും ഗ്രന്ഥകാരനുമായ പാറേമ്മാക്കൽ തോമ്മാക്കത്തനാരുടെ 226-ാം ചരമവാർഷികം പാലാ മാർ അപ്രേം സെമിനാരിഹാളിൽ നടത്തി. എമ്മാനുവേൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ സമ്മേളനം മാർ അപ്രേം സെമിനാരി റെക്ടർ റവ.ഡോ. തോമസ് മണ്ണൂർ ഉദ്ഘാടനം ചെയ്തു. ഫാ. മാണി കൊഴുപ്പൻകുറ്റി, ഫാ. സിറിൽ തയ്യിൽ, ജോസ് വട്ടുകുളം തുടങ്ങിയവർ സംസാരിച്ചു.

**സിമ്പോസിയം**

പാറേമ്മാക്കൽ ഗോവർണദോർ രചിച്ച യാത്രാവിവരണഗ്രന്ഥമായ വർത്തമാനപ്പുസ്തകത്തെ അധികരിച്ചു സിമ്പോസിയം നടത്തി. രൂപത ഡയറക്ടർ റവ. ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ മോഡറേറ്റ് ചെയ്തു. മാർ അപ്രേം സെമിനാരി ബ്രദർമാരായ ജോൺ പോൾ ഒഴുകയിൽ, ജോസഫ് കുമ്പുക്കൽ, ജോസഫ്

ചേറാടിക്കൽ, ജോസഫ് പുരയിടത്തിൽ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ജോയി കണിപറമ്പിൽ, ആൻസമ്മ സാബു, ജോൺസൺ ചെറുവള്ളി തുടങ്ങിയവർ സംസാരിച്ചു.

**ബിസിനസ് ഫോറം മീറ്റിംഗ്**

ചെറുകിട, ഇടത്തരം കച്ചവടക്കാരുടെയും വ്യവസായികളുടെയും പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹാരങ്ങൾ കണ്ടെത്തുന്നതിനുംവേണ്ടി കത്തോലിക്കാ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ ഒരു ബിസിനസ്സ് ഫോറം രൂപീകരിക്കുന്നു. ഇതിന്റെ ഔദ്യോഗിക ഉദ്ഘാടനം പാലാ ഷലോം പാസ്റ്ററൽ സെന്ററിൽ 23.03.2025 ൽ നടത്തി. എമ്മാനുവൽ നിധീരിയുടെ അധ്യക്ഷതയിൽ കൂടിയ യോഗം റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ഡോ. ജോസുകുട്ടി ഒഴുകയിൽ, രാജേഷ് ജോൺ, ജോസ് വട്ടുകുളം, ശ്രീമതി ആൻസമ്മ സാബു, ശ്രീമതി ജോയ്സ് മേരി, ബേബി ആലുങ്കൽ, രാജേഷ് പാറയിൽ എന്നിവർ സംസാരിച്ചു.

**ഫൊറോന മീറ്റിംഗുകൾ**

ഭരണങ്ങാനം ഫൊറോനാ കമ്മിറ്റി പൂവത്തോട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പൂവത്തോട് പാരിഷ്ഹാളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് സണ്ണി ഞായറുകുളം അധ്യക്ഷത വഹിച്ചു. പൂവത്തോട് പള്ളിവികാരി ഫാ. ജേക്കബ് പുതിയാപറമ്പിൽ  സമ്മേളനം ഉദ്ഘാടനം ചെയ്തു. രൂപത ജനറൽ സെക്രട്ടറി ജോസ് വട്ടുകുളം മുഖ്യപ്രഭാഷണം നടത്തി. ഫൊറോനാ സെക്രട്ടറി അരുൺ പോൾ, രൂപത വൈസ് പ്രസിഡന്റ് ശ്രീമതി സിന്ധു ജയ്ബ് തുടങ്ങിയവർ സംസാരിച്ചു.

**അരുവിത്തുറ**

പാലാ രൂപതാ പ്ലാറ്റിനം ജൂബിലി കത്തോലിക്കാ കോൺഗ്രസ് ഭവനത്തിലെ അരുവിത്തുറ ഫൊറോനാ പണികഴിപ്പിക്കുന്ന ഭവനത്തിന്റെ കല്ലിടീൽ കർമം ചെമ്മലമറ്റം ഇടവകയിൽ രൂപതാഡയറക്ടർ റവ.ഫാ. ജോർജ് വർഗീസ് ഞാറക്കുന്നേൽ നിർവഹിച്ചു. രൂപതാ പ്രസിഡന്റ് എമ്മാനുവേൽ നിധീരി, ജോസ് വട്ടുകുളം, ചെമ്മലമറ്റം അസി. വികാരി ഫാ. ജോസ് കടുതോട്ടിൽ, ഫൊറോനാ സെക്രട്ടറി റ്റോമിച്ചൻ പഴേമഠത്തിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**കുറവിലങ്ങാട്**

കുറവിലങ്ങാട് ഫൊറോന ഇടവകയിൽ ആർച്ചുപ്രീസ്റ്റായി ചാർജെടുത്ത വെരി റവ. ഡോ. തോമസ് മേനാച്ചേരിക്കു സ്വീകരണം നല്കി. ഫൊറോനാ പ്രസിഡന്റ് ഡോ. നിധീഷ് നിധീരി അധ്യക്ഷത വഹിച്ചു. എമ്മാനുവൽ നിധീരി, ആൻസമ്മ സാബു, ഷിബു കുര്യൻ, ബ്രൈറ്റ് കുര്യാക്കോസ് തുടങ്ങിയവർ ആശംസകൾ നേർന്നു.

**പൂഞ്ഞാർ**

പൂഞ്ഞാർ ഫൊറോന കമ്മിറ്റി പൂഞ്ഞാർ പാരിഷ്ഹാളിൽ നടത്തി. ഫൊറോനാ പ്രസിഡന്റ് ജോർജ് തൊടുവനാൽ അധ്യക്ഷത വഹിച്ചു. പുതിയ മേഖലാ ഡയറക്ടറായി ചാർജെടുത്ത റവ.ഫാ. ജോസഫ് വിളക്കുന്നേലിന് സ്വീകരണം നല്കി. ശ്രീ ജോഷി പള്ളിപ്പറമ്പിൽ, ജോയി കല്ലാറ്റ്, ക്ലിന്റ് അരീപ്ലാക്കൽ തുടങ്ങിയവർ സംസാരിച്ചു.

## യൂണിറ്റ് വാർത്തകൾ

**ഏഴാച്ചേരി**

കാവുംകണ്ടത്ത് മാതാവിന്റെ ഗ്രോട്ടോ തകർത്ത സംഭവത്തിൽ പ്രതിയെ പിടികൂടാത്തതിൽ ഏഴാച്ചേരി യൂണിറ്റ് പ്രതിഷേധിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ ബിനോയി പള്ളത്ത് അധ്യക്ഷത വഹിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. ലൂക്കോസ് കൊട്ടുകാപ്പള്ളി ഉദ്ഘാടനം ചെയ്തു.

**തിടനാട്**

തിടനാട് - ഊട്ടുപാറ മലകയറ്റചാപ്പൽ സാമൂഹികവിരുദ്ധർ നശിപ്പിച്ച തിനെതിരേ പ്രതിഷേധിച്ചു. യൂണിറ്റ് ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ എട്ടുപറയി ലിന്റെയും പ്രസിഡന്റ് സെബാസ്റ്റ്യൻ കൊള്ളികുളത്തിന്റെയും നേതൃത്വത്തിൽ രൂപതാ പ്രസിഡന്റ് എമ്മാനുവൽ നിധീരി, അഡ്വ. ജോൺസൺ വീട്ടിയാങ്കൽ, ശ്രീ ബെന്നി കിണറ്റുകര, റ്റോമിച്ചൻ പഴേമഠം തുടങ്ങിയവർ യോഗത്തിൽ സംസാ രിക്കുകയും സ്ഥലം സന്ദർശിക്കുകയും ചെയ്തു. എത്രയും പെട്ടെന്ന് പ്രതികളെ പിടികൂടണമെന്ന് ആവശ്യപ്പെട്ടു.

**വെള്ളിയാമറ്റം**

വെള്ളിയാമറ്റം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകസമൂഹത്തെ ഒന്നായി ചേർത്തുകൊണ്ട് ലഹരിവിപത്തിനെതിരേയും വന്യജീവി ആക്രമണങ്ങൾക്കെ തിരേയും സമ്മേളനം ജാഥയും നടത്തി. യൂണിറ്റ് പ്രസിഡന്റ് ബിന്റോ അഗസ്റ്റ്യൻ അധ്യക്ഷത വഹിച്ച യോഗം എമ്മാനുവൽ നിധീരി ഉദ്ഘാടനം ചെയ്തു. ഫാ. ജെയിംസ് വെട്ടുകല്ലേൽ, റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ, ജോസ് വട്ടുകുളം, അജിൽ പനച്ചിക്കൽ, ഫ്രാൻസിസ് കരിമ്പാനി തുടങ്ങിയവർ സംസാ രിച്ചു.

**പൂഴിക്കോൽ**

പൂഴിക്കോൽ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ലഹരിവിരുദ്ധസംഗമവും പ്രതിജ്ഞയും നടത്തി. പ്രസിഡന്റ് ജോർജ് മങ്കുഴിക്കരി അധ്യക്ഷത വഹിച്ചു. ഫാ. തോമസ് കുറ്റിക്കാട്ട് ഉദ്ഘാടനം നിർവഹിച്ചു. സചിൽ കൊല്ലംകുഴി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു.

**രത്നഗിരി**

കത്തോലിക്കാ കോൺഗ്രസ് യൂത്ത് കൗൺസിൽ രത്നഗിരി യൂണിറ്റിന്റെ ഉദ്ഘാടനം വികാരി ഫാ. മൈക്കിൾ നരിക്കാട്ട് നിർവഹിച്ചു. യൂണിറ്റ് പ്രസിഡന്റ് ഗാഗർ കെ. മാത്യു അധ്യക്ഷത വഹിച്ചു. യൂത്ത് കൗൺസിൽ ജനറൽ കോർഡി നേറ്റർ അജിത് അരിമറ്റം, ഫാ. മാത്യു കണിയാംകുഴി, ജിസ് അട്ടപ്പള്ളിൽ തുടങ്ങി യവർ പ്രസംഗിച്ചു.

**107-ാം ജന്മദിനസമ്മേളനം**

കത്തോലിക്കാ കോൺഗ്രസിന്റെ 107-ാം ജന്മദിനസമ്മേളനം 2025 ഏപ്രിൽ 26, 27 തീയതികളിൽ പാലക്കാട് രൂപതയുടെ നേതൃത്വത്തിൽ പാലക്കാടുവച്ച് നട ത്തുന്നു.

**ജോസ് വട്ടുകുളം** (ജനറൽ സെക്രട്ടറി)

# പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി

**വാർഷികാഘോഷവും വനിതാദിനാചരണവും**

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന സ്വയംസഹായസംഘങ്ങൾ/ കർഷകദളങ്ങൾ, കർഷകദളഫെഡറേഷനുകൾ/ സ്വാശ്രയസംഘങ്ങളുടെ വാർഷികാഘോഷവും വനിതാദിനാചരണവും വിപുലമായ പരിപാടികളോടെ നടത്തപ്പെട്ടു. ഒട്ടുമിക്ക സംഘങ്ങളും വിവിധ കലാമത്സരങ്ങൾ, വനിതാദിനസന്ദേശങ്ങൾ തുടങ്ങിയ ഉൾപ്പെടുത്തിക്കൊണ്ട് വനിതാദിനം ഇടവകയുടെ ആഘോഷമാക്കി. മുതിർന്ന വനിതകൾക്ക് ആദരവും ഉപഹാരങ്ങളും നൽകി.

**ആദരം**

കേരള സോഷ്യൽ സർവീസ് ഫോറം - ദർശൻ സംസ്ഥാനസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ അന്താരാഷ്ട്ര വനിതാദിനാഘോഷത്തിൽ പൊതുരംഗത്തെ അതുല്യ വനിതാപ്രതിഭയായി മാൻവെട്ടം ഇടവകാംഗവും മാൻവെട്ടം കീർത്തി കർഷകദളത്തിന്റെ പ്രസിഡന്റും മാഞ്ഞൂർ പഞ്ചായത്തംഗവും മാൻവെട്ടം ഫാർമർ പ്രൊഡക്ഷൻ കമ്പനി ഡയറക്ടേഴ്സ് ബോർഡ് അംഗവുമായ സാലിമ്മ ജോളിയെ കെസിബിസിയുടെ ജെപിസി കമ്മീഷൻ ചെയർമാൻ അഭിവന്ദ്യമാർ ജോസ് പുളിക്കൽ ആദരിച്ചു.

ആക്സിസ് മാക്സ ലൈഫ് ഇൻഷുറൻസ് കമ്പനി 25-10 വാർഷികാഘോഷത്തിന്റെ ഭാഗമായി സാമൂഹികക്ഷേമപ്രവർത്തനത്തിലുള്ള അവാർഡ് നേടിയ പിഎസ്ഡബ്ല്യുഎസ് കുറവിലങ്ങാട് സോൺ കോർഡിനേറ്റർ ലിജിയെ ജോണിനെ ആദരിച്ചു.

**ഹൈബ്രീഡ് തെങ്ങിൻതൈകളും നാടൻ കുള്ളൻവാഴവിത്തുകളും**

പാലാ അഗ്രിമയിൽ ഉയർന്ന ഉത്പാദനക്ഷമതയുള്ള ശ്രീലങ്കൻ തെങ്ങിൻ തൈകൾ വിതരണം ചെയ്തുവരുന്നു. നാടൻ കുള്ളൻ ഏത്തവാഴവിത്തുകളും പാലാ അഗ്രിമയിൽ വില്പനയ്ക്ക് തയ്യാറായിരിക്കുന്നു.

**കുറവിലങ്ങാട് സോൺ വാർഷികം**

കുറവിലങ്ങാട് സോൺ വാർഷികവും വനിതാദിനാചരണവും സോൺ ഡയറക്ടർ ഫാ. ജോസഫ് ചൂരയ്ക്കലിന്റെ അധ്യക്ഷതയിൽ പിഎസ്ഡബ്ല്യുഎസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ ഉദ്ഘാടനം ചെയ്തു. കുറവിലങ്ങാട് മാർത്ത് മറിയം ഫൊറോന വികാരി ആർച്ചുപ്രീസ്റ്റ് റവ. ഫാ. തോമസ് മേനാച്ചേരി അനുഗ്രഹപ്രഭാഷണവും കാരിത്താസ് ഇന്ത്യയുടെ നോമ്പുകാലസംഭാവനായജ്ഞം പോസ്റ്റർ പ്രകാശനം കേരള സോഷ്യൽ സർവീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ർ റവ. ഫാ. ജേക്കബ് മാവുങ്കലും നിർവഹിച്ചു.

**കൂട്ടിക്കൽ സോൺ വാർഷികം**

കൂട്ടിക്കൽ സോണിലെ സ്വാശ്രയസംഘങ്ങളുടെയും കർഷകദള ഫെഡറേഷനുകളുടെയും വാർഷികാഘോഷം കൂട്ടിക്കൽ ഫൊറോന വികാരി റവ. ഫാ.

ജോസഫ് വടക്കേമംഗലത്തിന്റെ അധ്യക്ഷതയിൽ കൂട്ടിക്കൽ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബിജോയ് ജോസ് ഉദ്ഘാടനം ചെയ്തു. പിഎസ്ഡബ്ല്യൂഎസ് ഡയറക്ടർ ഫാ. തോമസ് കിഴക്കേൽ മുഖ്യപ്രഭാഷണം നടത്തി. തുടർന്ന്, കാരിത്താസ് ഇന്ത്യയുടെ നോമ്പുകാലസഹായ യജ്ഞത്തിന്റെ ഭാഗമായി ഭിന്നശേഷിക്കാരായ കുട്ടികളെ ആദരിച്ചു.

**ഫാ. തോമസ് കിഴക്കേൽ** (ഡയറക്ടർ)

# ഡി.സി.എം.എസ്.

**വനിതാദിനാചരണവും സ്കോളർഷിപ്പുവിതരണവും**

2025 മാർച്ച് 8 ശനിയാഴ്ച DCMS പാലാ രൂപതാസമിതിയുടെ നേതൃത്വത്തിൽ പാലാ ളാലം പഴയപള്ളി ഓഡിറ്റോറിയത്തിൽ വച്ചു വനിതം 2k25 എന്ന പേരിൽ വനിതാദിനാചാരണവും, സ്കോളർഷിപ്പുവിതരണവും, സന്ന്യസ്തരുടെ മാതാക്കളെ ആദരിക്കൽ, സൺഡസ്കൂൾ അധ്യാപകരെ ആദരിക്കൽ എന്നിവയും നടത്തി. രാവിലെ 9.30 ന് രജിസ്ട്രേഷനോടെ ആരംഭിച്ച വനിതാദിനത്തിന്റെ സെമിനാർ ഉദ്ഘാടനം പാലാ രൂപത വികാരി ജനറാൾ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് നിർവഹിച്ചു. യോഗത്തിന് DCMS രൂപത വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അധ്യക്ഷത വഹിച്ചു. ഖജാൻജി മേരി എം.പി. കൃതജ്ഞതയർപ്പിച്ചു. ഡാന്റീസ് കൂനാനിക്കൽ (PSWS PRO), പുഷ്പാ ചന്ദ്രൻ (ജില്ലാമിഷൻ മെമ്പർ) എന്നിവർ വിവിധ വിഷയങ്ങളിൽ ക്ലാസുകളെടുത്തു.

ഉച്ചകഴിഞ്ഞ് DCMS രൂപത വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചന്റെ അധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. പൊതുസമ്മേളനത്തിന്റെയും സ്കോളർഷിപ്പു വിതരണത്തിന്റെയും ഉദ്ഘാടനം പാലാ രൂപതാധ്യക്ഷൻ അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് നിർവഹിച്ചു. യോഗത്തിന് സാലി കെ.ജെ. സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. പാലാ രൂപത വികാരി ജനറാൾ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്ത് മുഖ്യപ്രഭാഷണം നടത്തി. ളാലം സെന്റ് മേരീസ് ഓൾഡ് പള്ളി വികാരി ഫാ. ജോസഫ് തടത്തിൽ, DCMS അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി എന്നിവർ സംസാരിച്ചു.

SSLC, PLUS 2, വേദപാഠം, MDS തുടങ്ങി വിഷയങ്ങളിൽ ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യർഥികൾക്കുള്ള സ്കോളർഷിപ്പു വിതരണോദ്ഘാടവും, സന്ന്യസ്തരുടെ മാതാക്കളെയും, സൺഡേസ്കൂൾ അധ്യാപകരെയും ആദരിക്കൽ എന്നിവ അഭിവന്ദ്യ ജോസഫ് കല്ലറങ്ങാട്ട് പിതാവും തുടർന്നുള്ള സ്കോളർഷിപ്പ് വിതരണം പാലാ രൂപത വികാരി ജനറാൾ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തും നടത്തി. SSLC-32, PLUS 2-39, MDS-1, ഡിഗ്രി & നഴ്സിംഗ്-12, വേദപാഠം-9 ആകെ 93 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി. പെണ്ണമ്മ ജേക്കബ് യോഗത്തിനു കൃതജ്ഞത അർപ്പിച്ചു.

**രൂപതാക്കമ്മിറ്റിയും അടിയന്തര സോണൽ മീറ്റിങ്ങും**

4.3.2025 വെള്ളിയാഴ്ച 2.30 ന്, ഷലോം പാസ്റ്ററൽ സെന്ററിൽവച്ച്, രൂപത ക്കമ്മറ്റിയുടെയും സോണൽ കമ്മറ്റികളുടെയും ഒരു സുപ്രധാനയോഗം, രൂപതയിലെ എല്ലാ സംഘടനകളുടെയും മേൽനോട്ടം വഹിക്കുന്ന വികാരി ജനറാൾ മോൺ. ഡോ. സെബാസ്റ്റ്യൻ വേത്താനത്തിന്റെ അധ്യക്ഷതയിൽ കൂടി. യോഗത്തിനു രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ സ്വാഗതം ആശംസിച്ചു. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. തുടർന്ന് ആറു മാസത്തെ കർമപരിപാടി കൾ ചർച്ച ചെയ്തു. യോഗത്തിൽ DCMS അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി, DCMS രൂപത വൈസ് പ്രസിഡന്റ് ഫെമിന സിബിച്ചൻ, ഖജാൻജി മേരി എം.പി, രൂപത സോണൽ കമ്മിറ്റിയംഗങ്ങൾ തുടങ്ങിയവർ പങ്കെടുത്തു.

**ഉദ്യോഗാർഥി മീറ്റിംഗ്**

2025 മാർച്ച് 22 ശനിയാഴ്ച രാവിലെ 10.30 ന് ഷലോം പാസ്റ്ററൽ സെന്ററിൽ വെച്ച് DCMS രൂപതാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉദ്യോഗാർഥികളുടെ മീറ്റിംഗ് കൂടുകയുണ്ടായി. യോഗത്തിന് രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അധ്യക്ഷത വഹിച്ചു. ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ആമുഖപ്രസംഗം നടത്തി. DCMS അസിസ്റ്റന്റ് ഡയറക്ടർ ഫാ. മാണി കൊഴുപ്പൻകുറ്റി യോഗത്തിൽ സംസാരിക്കുകയും തുടർന്നു നടന്ന ചർച്ചകൾക്കു നേതൃത്വം നല്കുകയും ചെയ്തു. സീന ടി.എ. കൃതജ്ഞതയർപ്പിച്ചു യോഗം അവസാനിച്ചു.

**DCWF സ്കോളർഷിപ്പു വിതരണം**

2025 മാർച്ച് 22 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് ഷലോം പാസ്റ്ററൽ സെന്ററിൽ വച്ച് DCMS രൂപതാക്കമ്മിറ്റിയുടെ നേതൃത്വത്തിൽ ദളിത് ക്രൈസ്തവ കുട്ടികൾക്കായി DCWF സ്കോളർഷിപ്പു വിതരണം നടത്തി. CRI പാലാ യൂണിറ്റ് പ്രസിഡന്റ് ഫാ. തോമസ് ചെരുവിൽ യോഗം ഉദ്ഘാടനം ചെയ്യുകയും സ്കോളർ ഷിപ്പു വിതരണം ചെയ്യുകയും ചെയ്തു. യോഗത്തിന് DCMS രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് അധ്യക്ഷത വഹിച്ചു. 93 കുട്ടികൾ സ്കോളർഷിപ്പിന് അർഹരായി.

**മേഖലാസന്ദർശനങ്ങൾ**

ചേർപ്പുങ്കൽ മേഖലാ കൗൺസിൽ യോഗം 2025 മാർച്ച് 23 ഞായറാഴ്ച ചേർപ്പുങ്കൽ മാർ സ്ലീവാ ഫൊറോനപ്പള്ളി ഓഡിറ്റോറിയത്തിൽ കൂടുകയുണ്ടായി. യോഗം രൂപത ഡയറക്ടർ ഫാ. ജോസ് വടക്കേക്കുറ്റ് ഉദ്ഘാടനം ചെയ്തു. മേഖല ഡയറക്ടർ ഫാ. ജോസഫ് കൂവള്ളൂർ ആമുഖപ്രഭാഷണം നടത്തി. യോഗത്തിനു മേഖല പ്രസിഡന്റ് ശ്രീമതി മോളി തമ്പഴ അധ്യക്ഷത വഹിച്ചു. രൂപത ഓർഗ നൈസർ ശ്രീ ബേബി പാറയ്ക്കൽ, രൂപതാക്കമ്മറ്റിയംഗം ശ്രീ സണ്ണി പി.എം. മേഖല വൈസ് പ്രസിഡന്റ് ശ്രീ റ്റി.ഡി. കുര്യാക്കോസ്, ചേർപ്പുങ്കൽ സോണൽ സെക്രട്ടറി ശ്രീമതി സാലി ടീച്ചർ തുടങ്ങി മേഖല കൗൺസിൽ അംഗങ്ങൾ യോഗത്തിൽ പങ്കെടുത്തു.

ഇലഞ്ഞി മേഖല കൗൺസിൽ യോഗം 2025 മാർച്ച് 23 ഞായറാഴ്ച 3 മണിക്ക് സെന്റ് പീറ്റേഴ്സ് ആന്റ് പോൾ ഫൊറോന പള്ളി ഓഡിറ്റോറിയത്തിൽ കൂടുകയു

ണ്ടായി. യോഗം രൂപതാഡയറക്ടർ ഫാ. ജോസ് വടക്കേകുറ്റ് ഉദ്ഘാടനം ചെയ്തു. രൂപതാക്കമ്മിറ്റി അംഗങ്ങളും മേഖലാ കൗൺസിൽ അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

മുട്ടുചിറ മേഖല കൗൺസിൽ യോഗവും പുതിയ ഡയറക്ടർ ഫാ. ആന്റണി ഞരളക്കാട്ടിനു സ്വീകരണവും 2025 മാർച്ച് 23 ഞായറാഴ്ച ഹോളിഗോസ്റ്റ് ഫൊറോനപള്ളി ഓഡിറ്റോറിയത്തിൽ കൂടുകയുണ്ടായി. യോഗത്തിൽ രൂപത പ്രസിഡന്റ് ശ്രീ ബിനോയ് ജോൺ അധ്യക്ഷത വഹിച്ചു. യോഗത്തിൽ രൂപതാക്കമ്മിറ്റി അംഗങ്ങളും മേഖലാകൗൺസിൽ അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു.

**ഫാ. ജോസ് വടക്കേക്കുറ്റ്** (ഡയറക്ടർ)

**ഫാ. മാണി കൊഴുപ്പൻകുറ്റി** (അസി.ഡയറക്ടർ)

# കെയർ ഹോംസ്

**കെയർ ഹോംസ് സ്പെഷൽ സ്കൂൾ പ്രോജക്ട് പ്രാബല്യത്തിൽ**

മാർ സ്ലീവാ മെഡിസിറ്റി പാലാ രൂപത കെയർ ഹോംസ് സ്പെഷൽ സ്കൂൾ കുട്ടികൾക്കായി വിവധ പ്രോജക്ടുകളുടെ ഉദ്ഘാടനം മോൺ. ഡോ. ജോസഫ് കണിയോടിക്കൽ നിർവഹിച്ചു. പ്രോജക്ടിൽ നടപ്പിലാക്കാൻ ആഗ്രഹിക്കുന്ന അഞ്ചു കാര്യങ്ങളെക്കുറിച്ച് വിശദീകരണം നൽകി.

1. എം.ഒ.യു. ഒപ്പിട്ടു

ഹോം കെയർ സർവീസ് തുടങ്ങിയുള്ള അഞ്ചു മേഖലകളെ കേന്ദ്രീകരിച്ചുള്ളതായിരിക്കും ഈ പ്രോജക്ട് എന്ന് മാനേജിംഗ് ഡയറക്ടർ മോൺ. ഡോ. ജോസഫ് കണിയോടിക്കൽ അറിയിച്ചു. പ്രസ്തുത പ്രോജക്ടിന്റെ എം.ഒ.യു. ഒപ്പിടുകയും ചെയ്തു. റവ. ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം, സിസ്റ്റർ റീബാ വേത്താനത്ത്, രൂപതയിലെ ഏഴ് സ്പെഷൽ സ്കൂളുകളിൽനിന്നുള്ള പ്രിൻസിപ്പൽമാർ തുടങ്ങിയവരും എം.ഒ.യു. ഒപ്പിട്ടു.

2. സ്കൂൾതലത്തിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു.

3. സിംഗിൾ സ്പെഷ്യാലിറ്റി ക്യാമ്പ്: പ്രത്യേക പരിചരണം ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഡിപ്പാർട്ടുമെന്റിലെ ഡോക്ടർമാരെ നിയോഗിച്ച് പരിശോധന നടത്തി വൈദ്യസഹായം നൽകുന്ന ക്രമീകരണം.

4. ക്ലിനിക്ക്: സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവർക്കും അവിടെ താമസിക്കുന്നവർക്കും സൈക്കോളജിസ്റ്റിന്റെ സഹായത്തോടെ മാനസികമായ സപ്പോർട്ട് നൽകുന്ന കൗൺസലിംഗ് സഹായം ലഭ്യമാക്കുന്ന പദ്ധതി.

5. സിംഗിൾ കോൺടാക്ട് ഫോറം

6. പ്രോജക്ട് എക്സിക്യൂട്ടീവ് മീറ്റിഗ്.

7. സ്പെഷ്യൽ സ്കൂൾ ടീച്ചേഴ്സ് മീറ്റിംഗ്.

8. യാത്രയയപ്പ്

കഴിഞ്ഞ ഒമ്പതു വർഷമായി കെയർഹോംസ് ഓഫീസ് സെക്രട്ടറി ആയിരുന്ന എൽസിറ്റ് സാബുവിനു യാത്രയയപ്പ് നൽകി.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# കെ.എൽ.എം.

**1. മീറ്റിംഗ്**

രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി

**2.** സംസ്ഥാന ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത്, സംസ്ഥാന ട്രഷറർ തോമസ് മാത്യു എന്നിവർ കെ.എൽ.എം. ഓഫീസ് സന്ദർശിച്ചു.

**3. കെ.എൽ.എം. സോണൽ മീറ്റിംഗ്**

ഏപ്രിൽ 8 ന് അൽഫോൻസാ കോളേജിൽ വച്ച് നടത്തപ്പെടുന്നു.

**4. യാത്രയയപ്പ്**

കഴിഞ്ഞ ഒമ്പതു വർഷമായി കെ.എൽ.എം. ഓഫീസ് സെക്രട്ടറി ആയിരുന്ന എൽസിറ്റ് സാബുവിനു യാത്രയയപ്പ് നൽകി.

**5. കെ.ൽ.എം. പ്രോജക്ട്**

അസംഘടിതതൊഴിലാളികൾക്കും തയ്യൽത്തൊഴിലാളികൾക്കുമായി ഒരു പ്രോജക്ട് ലഭിച്ചിരിക്കുന്നു. അതു സംബന്ധിച്ച് ആലോചനകൾ നടക്കുന്നു.

**6. വിവിധ ക്ഷേമനിധി അംഗത്വം തുടർന്നുകൊണ്ടിരിക്കുന്നു.**

1. നിർമ്മാണത്തൊഴിലാളി ക്ഷേമനിധി
2. അസംഘടിത തൊഴിലാളി ക്ഷേമനിധി
3. കർഷകത്തൊഴിലാളി ക്ഷേമനിധി
4. മോട്ടോർ തൊഴിലാളി ക്ഷേമനിധി
5. തയ്യൽത്തൊഴിലാളി ക്ഷേമനിധി

വിശദവിവരങ്ങൾക്ക് ഷലോം പാസ്റ്ററൽ സെന്ററിലെ കെ.എൽ.എം ഓഫീസിലോ താഴെക്കാണുന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

Mob: **8304981275** (O), **9400661492** (P)

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# അഡാർട്ട്

**AA മീറ്റിംഗ്**

മാർച്ച് 2, 9, 16, 23, 30 തീയതികളിൽ AA മീറ്റിംഗുകൾ നടത്തപ്പെട്ടു. ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ കൂട്ടായ്മാകോഡിനേറ്റർ ക്ലാസ്സുകൾക്ക് നേതൃതം നൽകി. ചികിത്സാനന്തരം ലഹരിയാസക്തിയെ അതിജീവിച്ച് ജീവിതം നയിക്കുന്നവർ അനുഭവങ്ങൾ പങ്കുവെച്ചു.

**അൽ-അനോൺ & അൽ-അറ്റീൻ കൂട്ടായ്മ**

ലഹരിവിമുക്തജീവിതം നയിക്കുന്നവരുടെ ജീവിതപങ്കാളികളുടെയും (അൽ-അനോൺ) അവരുടെ മക്കളുടെയും (അൽ-അറ്റീൻ) സംഗമം ഫെബ്രുവരി 8 ന് നടത്തപ്പെട്ടു.

**വനിതാദിനം**

മാർച്ച് 8 ന് അന്താരാഷ്ട്ര വനിതാദിനാഘോഷം അഡാർട്ടിൽ വച്ച് അൽ-അനോൺ, അൽ-അറ്റീൻ കൂട്ടായ്മകളുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. എത്തി

ച്ചേർന്ന സ്ത്രീകളെ ആദരിക്കുകയും സ്നേഹോപഹാരങ്ങൾ നൽകുകയും ചെയ്തു.

**ബോധവത്കരണ ക്ലാസ്സുകൾ**

16, 23 എന്നീ തീയതികളിൽ യഥാക്രമം ഉള്ളനാട്, പാദുവ ഇടവകകളിലെ അംഗങ്ങൾക്കും സൺഡേ സ്കൂളിലെ കുട്ടികൾക്കും യുവജനങ്ങൾക്കും മാതാപിതാക്കൾക്കുംവേണ്ടി അഡാർട്ട് ഡയറക്ടർ ബോധവത്കരണക്ലാസ്സുകൾ നടത്തി.

**ആത്മവിശുദ്ധീകരണധ്യാനം**

മാർച്ച് 15, 16 തീയതികളിൽ അഡാർട്ടിൽവച്ച് ആത്മവിശുദ്ധീകരണ ധ്യാനം നടത്തി. റവ ഫാ. അലക്സ് കുരിക്കാട്ടിൽ, ബേബി ജോസഫ്, ജോർജുകുട്ടി ആഗസ്തി, ഔതച്ചൻ പനച്ചിക്കൽക്കരോട്ട്, ജോസ് കാവാലി, എൻ.എം. സെബാസ്റ്റ്യൻ തുടങ്ങിയവർ വചനപ്രഘോഷണം നടത്തി. ഇപ്പോൾ ചികിത്സയിൽ ആയിരിക്കുന്നവരും ചികിത്സ കഴിഞ്ഞവരും അവരുടെ കുടുംബാംഗങ്ങളും ധ്യാനത്തിൽ സംബന്ധിച്ചു.

**സന്ദർശനം**

മാർച്ച് 16 ന് DYSP (Special Branch) ശ്രീ സുനിൽ ലഹരിവിരുദ്ധ ബോധവത്കരണത്തിന്റെ ഭാഗമായി അഡാർട്ട് സന്ദർശിക്കുകയും ചികിത്സയിൽ കഴിയുന്നവർക്കായി ബോധവത്കരണക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

മാർച്ച് 14 ന് രാമപുരം സെന്റ് അഗസ്റ്റിൻ കോളജിലെ MSW വിദ്യാഥികൾ അഡാർട്ട് സന്ദർശിക്കുകയും അഡാർട്ട് ഡയറക്ടർ, കൗൺസിലർ ശ്രീ ജോയി കെ. മാത്യു എന്നിവർ വിദ്യാർഥികൾക്കായി ബോധവത്കരണ ക്ലാസ്സുകൾ എടുക്കുകയും ചെയ്തു.

**വോളണ്ടിയർ പരിശീലനം**

അഡാർട്ട് കോളജ് ക്ലബിന്റെ പ്രവർത്തനത്തിന്റെ ഭാഗമായി 24 ന് കുറവിലങ്ങാട് ദേവമാതാ കോളജിലെ ലഹരിക്കെതിരേ വിദ്യാർഥികൾക്കിടയിൽ പ്രവർത്തിക്കാൻ തിരഞ്ഞെടുക്കപ്പെട്ട വോളണ്ടിയർ വിദ്യാർത്ഥികൾക്കായി ആദ്യഘട്ട പരിശീലനപരിപാടി നടത്തി.

**ഫാ. ജെയിംസ് പൊരുന്നോലിൽ** (ഡയറക്ടർ)

## ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ്**

ലോഗോസ് ക്വിസ് 2024 ന്റെ സമ്മാനങ്ങൾ വാങ്ങാത്തവർ എത്രയും വേഗം അതു വാങ്ങിക്കുന്ന കാര്യം ഓർമിപ്പിക്കുന്നു. ലോഗോസ് ക്വിസ് 2025 ന്റെ പഠനസഹായിയുടെ കോപ്പികൾ ഓഫീസിൽ ലഭ്യമാണ്.

**ബൈബിൾ കോഴ്സ്**

അല്മായർക്കായി സംഘടിപ്പിക്കുന്ന ബൈബിൾ കോഴ്സിന്റെ മാർച്ചുമാസത്തിലെ ക്ലാസ് സി. റോജിറ്റ് സി.എം.സി. നയിച്ചു.

**ബൈബിൾ പുതിയനിയമം പകർത്തിയെഴുത്തു മത്സരം**

ലോഗോസ് ക്വിസ് ആരംഭിച്ചതിന്റെ 25-ാം വർഷത്തിൽ പാലാ രൂപത ബൈബിൾ അപ്പോസ്തലേറ്റ് കുടുംബങ്ങൾക്കായി "ബൈബിൾ പുതിയനിയമം" പകർത്തി

യെഴുത്തുമത്സരം സംഘടിപ്പിക്കുന്നു. തിരഞ്ഞെടുക്കപ്പെടുന്ന മൂന്നു കൃതികൾക്ക് ക്യാഷ് അവാർഡ് നല്കുന്നതാണ്. കൂടാതെ, പങ്കെടുക്കുന്ന എല്ലാ കുടുംബ ങ്ങൾക്കും ആകർഷകമായ സമ്മാനങ്ങളും നല്കുന്നു. വിശദവിവരങ്ങൾക്ക് ഓഫീ സുമായി ബന്ധപ്പെടുക.

**ഫാ. തോമസ് പുതുപ്പറമ്പിൽ** (ഡയറക്ടർ)

# കരിസ്മാറ്റിക് വാർത്തകൾ

* മാസത്തിലെ എല്ലാ രണ്ടാം ശനിയാഴ്ചകളിലും നടത്തിവരുന്ന YU4C (Youth United for Christ ) Prayer gathering ഷലോമിൽ വച്ച് 8-ാം തീയതി ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.

* മാർച്ച് രണ്ടാം തീയതി ഞായറാഴ്ച YU4C എക്സിക്യൂട്ടീവ് അംഗങ്ങൾ ഡയറക്ട റച്ചനോടുചേർന്ന് പ്രവർത്തനപരിപാടികൾ ആലോചിക്കുന്നതിനായി ഒരു മീറ്റിംഗ് നടത്തി.

* ഈസ്റ്ററിന് ഒരുക്കമായുള്ള 'ക്രൂശിതന്റെ മാർവിൽ' എന്ന പേരിൽ നടത്തപ്പെടുന്ന നോമ്പുകാലചിന്തകൾ യുവജനങ്ങളിലൂടെ സമൂഹമാധ്യമങ്ങൾവഴി എല്ലാ ദിവ സവും പങ്കുവയ്ക്കപ്പെടുന്നു.

മാർച്ച് 16 ഞായറാഴ്ച എറണാകുളം എമ്മാവൂസിൽ വെച്ച് നടത്തപ്പെട്ട മീറ്റിംഗിൽ പാലാ സോണിൽനിന്ന് രണ്ടുപേർ പങ്കെടുത്തു.

18-ാം തീയതി YU4C ഒന്നുചേർന്ന് ജപമാലയോടും വചനവിചിന്തനത്തോടും കൂടി online prayer gathering നടത്തി.

* മാർച്ച് 26 ബുധനാഴ്ച കോട്ടയം ക്രിസ്റ്റീൻ ധ്യാനകേന്ദ്രത്തിൽവച്ചു നടത്തിയ KCBC കരിസ്മാറ്റിക് കമ്മീഷൻ സൗത്ത് സെൻട്രൽ സബ് റീജിയൻ സന്ദർശന ത്തിൽ YU4C പാലാ സോണിന്റെ നേതൃത്വത്തിൽ രാവിലെ 9:30 ന് സ്തുതി ആരാ ധന നടത്തി.

* മാർച്ച് 30 ഞായറാഴ്ച കുറിഞ്ഞി ദേവാലയത്തിൽ മാതാപിതാക്കൾക്കും കുട്ടികൾക്കുമായി YU4C യുടെ നേതൃത്വത്തിൽ ശുശ്രൂഷ നടത്തി.

* ഹോസ്പിറ്റൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 14 അംഗങ്ങൾ മാർച്ച് 11 രാവിലെ 9.30 മുതൽ മരിയൻ മെഡിക്കൽ സെന്ററിൽ രോഗികളെ സന്ദർശിച്ചു സംസാരിച്ചു അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**ഫാ. ജോസഫ് അരിമറ്റത്ത്** (ഡയറക്ടർ)

# മൗണ്ട് നെബോ ധ്യാനകേന്ദ്രം

**1. ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം**

രണ്ടാം ശനിയാഴ്ചകൾതോറും നടത്തപ്പെടുന്ന ഏകദിന ദൈവരാജ്യപ്രഘോഷ ണധ്യാനം രാവിലെ 9 മണിക്ക് ആരംഭിച്ച്, വിശുദ്ധ കുർബാന, തിരുവചനപ്രഘോ ഷണം, ആരാധന, വിടുതൽ ശുശ്രൂഷ, അഭിഷേക-കൈവയ്പുശുശ്രൂഷകൾ എന്നിവ

യോടെ 3 മണിക്ക് പൂർത്തിയാകുന്ന ധ്യാനം ഫെബ്രുവരി മാർച്ച് 8 ന് മൗണ്ട് നെബോ ആബാഭവനത്തിൽ വച്ച് നടത്തി.

**2. പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം**

മാർച്ച് 9 മുതൽ 15 വരെ മൗണ്ട് നെബോ ആബാഭവനത്തിൽവച്ച് പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം നടത്തി.

**3. യുവജനങ്ങൾക്കായി ദൈവരാജ്യാനുഭവധ്യാനം**

**2025 മെയ് 1 വ്യാഴം, 5 pm – 6 ചൊവ്വ, 9 am**

യുവാവേ, യുവത്വത്തിൽ നീ സന്തോഷിക്കുക, യൗവനത്തിന്റെ നാളുകളിൽ നിന്റെ ഹൃദയം നിന്നെ ആനന്ദിപ്പിക്കട്ടെ; ഹൃദയത്തിന്റെ പ്രേരണകളെയും കണ്ണിന്റെ അഭിലാഷങ്ങളെയും പിൻചെല്ലുക. എന്നാൽ, ഓർമിച്ചുകൊള്ളുക, ഇവയ്ക്കെല്ലാം ദൈവം നിന്നെ ന്യായവിധിക്കായി വിളിക്കും (സഭാപ്രസംഗകൻ 11:9). ന്യായവിധി ക്കായി ദൈവതിരുമുമ്പിൽ നിൽക്കുമ്പോൾ ആത്മവിശ്വാസത്തോടെ തലയുയർത്തി നിൽക്കത്തക്കവിധം, നല്ല ദൈവം തന്റെ വത്സലമക്കൾക്കായി ഈ ജീവിതത്തിൽ കരുതിവച്ചിരിക്കുന്ന ആനന്ദങ്ങളെയും സന്തോഷങ്ങളെയുമെല്ലാം കൃതജ്ഞതാ പൂർവം ആസ്വദിച്ചുകൊണ്ട് യുവത്വത്തിന്റെ കരുത്തിൽ ജീവിക്കാൻ ഓരോ യുവാവിനെയും യുവതിയെയും സജ്ജമാക്കുന്ന ആത്മീയശുശ്രൂഷ. ബുക്കിംഗിന്: mountnebo.online

**4. സിസ്റ്റേഴ്സിനായി ദൈവരാജ്യാഭിഷേകധ്യാനം**

**2025 മേയ് 25 ഞായർ, 5 pm – 30 വെള്ളി, 9 am**

ഞാൻ അവളെ വശീകരിച്ച് വിജനപ്രദേശത്തേക്കു കൊണ്ടുവരും. അവളോടു ഞാൻ ഹൃദ്യമായി സംസാരിക്കും (ഹോസിയാ 2:14) എന്ന് കൊച്ചുപ്രായത്തിൽ ഹൃദയത്തിന്റെ അന്തരാളങ്ങളിൽ ശ്രവിച്ച ദൈവികമന്ത്രണത്തിനു സന്തോഷ ത്തോടെയും ആവേശത്തോടെയും ഉത്തരം കൊടുത്തുകൊണ്ട്, വീടും നാടും തനിക്കു സ്വന്തമായവയുമെല്ലാം ഉപേക്ഷിച്ച്, ഈശോയുടെമാത്രം സ്വന്തമാകുവാൻ ഇറങ്ങിത്തിരിച്ചവരാണല്ലോ തിരുസ്സഭയിലെ ഓരോ സമർപ്പിതയും. സമർപ്പിത ജീവിതത്തിൽ വർഷങ്ങൾ പിന്നിടുമ്പോൾ, സമർപ്പിതജീവിതത്തിന്റെ ശുശ്രൂഷാ ദൗത്യങ്ങളുടെ നിർവഹണത്തിരക്കുകളിൽ, മർത്തായെപ്പോലെ പലതിനെക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായി ഭവിച്ച്, കൊച്ചുന്നാളിൽ ശ്രവിച്ച ദൈവിക മന്ത്രണത്തിന്റെ മാധുര്യം നഷ്ടമായോ? തിരിച്ചറിയാനും തിരുത്തലെടുക്കാനും, തിരിച്ചുവന്ന് നാഥനോടൊപ്പം വിജനപ്രദേശത്ത് ആയിരിക്കുന്നതിന്റെ വശ്യമായ ഹൃദ്യത സ്വന്തമാക്കാനും സഹായിക്കുന്ന ആത്മീയശുശ്രൂഷ. ബുക്കിംഗിന്: mountnebo.online.

**5. വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം**

**2025 ജൂൺ 2 തിങ്കൾ, 5 pm – 7 ശനി, 9 am (or, 6 വെള്ളി, 9 pm)**

തിരുസ്സഭ, പ്രത്യേകിച്ച് തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷ, വളരെ ബുദ്ധി മുട്ടേറിയ ഒരു ഘട്ടത്തിലൂടെ കടന്നുപോകുന്ന ഈ നാളുകളിൽ, നമ്മുടെ കർത്താവ് വിശുദ്ധ പത്രോസ് ശ്ലീഹാവഴി തിരുസ്സഭയെ ഭരമേല്പിച്ച ദൈവരാജ്യശുശ്രൂഷയുടെ വലിയ ദൗത്യത്തെക്കുറിച്ച് ആഴമായ അവബോധമുൾക്കൊള്ളാനും, പുതിയ

ഉണർവോടെയും കരുത്തോടെയും തിരുസ്സഭയിലെ പൗരോഹിത്യശുശ്രൂഷ നിർവഹിക്കാൻ വൈദികരെ സഹായിക്കുകയും ചെയ്യുന്ന ധ്യാനമാണിത്. ധ്യാനത്തിൽ, കർദിനാൾ ജോർജ് ആലഞ്ചേരി, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ആന്റണി വാലുങ്കൽ എന്നിവർ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുന്നു. ബുക്കിംഗിന്: mountnebo.online

6. മൗണ്ട് നെബോ ആബാഭവനത്തിൽ അടുത്ത മാസങ്ങളിലെ ശുശ്രൂഷകൾ താഴെപ്പറയുംവിധം ആയിരിക്കും:

എല്ലാ രണ്ടാം ശനിയാഴ്ചയും 9 am – 3 pm :

ഏകദിന ദൈവരാജ്യപ്രഘോഷണധ്യാനം

2025 ഏപ്രിൽ 21 തിങ്കൾ, 5 pm - 27 ഞായർ, 9 am:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 മെയ് 1 വ്യാഴം, 5 pm - 6 ചൊവ്വ, 9 am:

യുവജനങ്ങൾക്കായി ദൈവരാജ്യാനുഭവധ്യാനം

2025 മെയ് 11 ഞായർ, 5 pm - 17 ശനി, 9 am:

പഞ്ചദിന ദൈവരാജ്യാനുഭവധ്യാനം

2025 മെയ് 25 ഞായർ, 5 pm - 30 വെള്ളി, 9 am:

സിസ്റ്റേഴ്സിനായി ദൈവരാജ്യാഭിഷേകധ്യാനം

2025 ജൂൺ 2 തിങ്കൾ 5 pm - 7 ശനി, 9 am:

വൈദികർക്കായി ദൈവരാജ്യാഭിഷേകധ്യാനം

ധ്യാനങ്ങൾക്ക് ബുക്കിംഗിന്: mountnebo.online

അന്വേഷണങ്ങൾക്ക്: 9847472522; 7306371028.

**ഫാ. തോമസ് വാഴചാരിക്കൽ** (ഡയറക്ടർ)

**ഫാ. മാത്യു കാടൻകാവിൽ** (അസി. ഡയറക്ടർ)

# ഫ്രാൻസിസ്കൻ അല്മായസഭ

പാലാ രൂപത ഫ്രാൻസിസ്കൻ അല്മായസഭയുടെ എല്ലാ യൂണിറ്റുകളിലും മുടങ്ങാതെ മാസംതോറുമുള്ള പ്രാർത്ഥനക്കൂട്ടായ്മകളും യൂണിറ്റ് മീറ്റിംഗുകളും നടന്നുവരുന്നു.

SFO രൂപത സ്പിരിചൽ അസിസ്റ്റന്റുമാരുടെ നേതൃത്വത്തിൽ രൂപത, റീജിയൻ ഭാരവാഹികൾ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രായാധിക്യവും രോഗാവസ്ഥയുംമൂലം ഭവനങ്ങളിൽ കഴിയുന്ന അല്മായസഹോദരങ്ങളെ നേരിൽ കാണുകയും മരണപ്പെട്ട സഭാംഗങ്ങളുടെ വീടുകളിൽ എത്തി ഒപ്പിസ് ചൊല്ലി പ്രാർഥിക്കുകയും മൃതസംസ്കാരശുശ്രൂഷകളിൽ സംബന്ധിക്കുകയും ചെയ്തുവരുന്നു.

ഫ്രാൻസിസ്കൻ അൽമായസഭ കുറവിലങ്ങാട് സെന്റ് തോമസ് മൂർ റീജിയൻ സമ്മേളനം 2025 മാർച്ച് എട്ടാം തീയതി ശനിയാഴ്ച രാവിലെ 10 മണി മുതൽ മണ്ണാറപ്പാറ സെന്റ് സേവിയർ പള്ളിയുടെ പാരിഷ് ഹാളിൽ വച്ച് റീജിയൻ പ്രസിഡന്റ് ബ്ര. സി.ജെ. കുര്യൻ ചെറുകാട്ടിലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. മണ്ണാറപ്പാറ സെന്റ് സേവ്യേഴ്സ് പള്ളി വികാരി റവ. ഫാ. ജോസ് വള്ളോംപുരയിടം

സമ്മേളനം ഉദ്ഘാടനം ചെയ്തു. ബ്ര. ജെയിംസ് ആന്റണി വാഴമലയിൽ മുഖ്യപ്രഭാഷണവും എസ്എഫ്ഒ രൂപത സ്പിരിച്വൽ അസിസ്റ്റന്റ് റവ.ഫാ. ആന്റണി വെച്ചൂർ OFM. Cap: SFO രൂപത പ്രസിഡന്റ് ബ്രദർ സോജൻ മാത്യു കോയിക്കൽ വാരപറമ്പിൽ, റവ. ഫാ. തോമസ് വലിയവീട്ടിൽ എന്നിവർ സമ്മേളനത്തിൽ ആശംസകൾ അർപ്പിച്ചുകൊണ്ടു സംസാരിച്ചു. റീജിയൻ സെക്രട്ടറി ഷാന്റി മാത്യു പാലയ്ക്കത്തടത്തിൽ റിപ്പോർട്ട് അവതരണം റീജിയൻ ഫോർമേറ്റർ ജോളി മാത്യു വെട്ടിക്കാട്ടുപറമ്പിൽ റീജിയൻ ട്രഷറർ ബ്ര. കെ.വി. തങ്കച്ചൻ കൊച്ചുപുഞ്ചായിൽ എന്നിവർ യഥാക്രമം സദസ്സിനു സ്വാഗതവും കൃതജ്ഞതയും രേഖപ്പെടുത്തി. സമ്മേളനാനന്തരം നടന്ന അനുഷ്ഠാനകർമങ്ങളുടെ ശുശ്രൂഷകൾക്ക് റവ. ഫാ. ആന്റണി വെച്ചൂർ OFM Cap നേതൃത്വം നൽകി. തുടർന്നുനടന്ന ചർച്ചകൾക്കുശേഷം സ്നേഹവിരുന്നോടുകൂടി സമ്മേളനം സമാപിച്ചു. റീജിയൻ സമ്മേളനത്തിൽ മണ്ണാറപ്പാറ സെന്റ് സേവിയേഴ്സ് SFO യൂണിറ്റ് അംഗങ്ങൾ നേതൃത്വം വഹിച്ചു.

**ഫാ. ആന്റണി വെച്ചൂർ OFM. Cap.** (ഡയറക്ടർ)

# ദീപിക ഫ്രണ്ട്സ് ക്ലബ്

1. മീറ്റിംഗ്

കോട്ടയം ദീപിക ഓഫീസിൽ വച്ച് നടന്ന ഡയറക്ടേഴ്സ് മീറ്റിഗിൽ പങ്കെടുത്തു.

**2. രൂപത എക്സിക്യൂട്ടീവ്**

ദീപിക ഫ്രണ്ട്സ് ക്ലബ് രൂപതാ എക്സിക്യുട്ടീവ് മീറ്റിംഗ് കൂടി.

**3. യാത്രയയപ്പ്**

കഴിഞ്ഞ ഒമ്പതു വർഷമായി ദീപിക ഫ്രണ്ട്സ് ക്ലബ് ഓഫീസ് സെക്രട്ടറിയായിരുന്ന എൽസിറ്റ് സാബുവിന് യാത്രയയപ്പു നൽകി.

**4. തിരഞ്ഞെടുപ്പ്** – ഫൊറോനാ, രൂപതാസമ്മേളനത്തിൽ രൂപത, ഫൊറോനാ ഇലക്ഷന്റെ ചർച്ചകൾ നടത്തപ്പെട്ടു.

**ഫാ. ജോർജ് നെല്ലിക്കുന്നുചെരിവുപുരയിടം** (ഡയറക്ടർ)

# മദ്യവിരുദ്ധസമിതി

**1. ലഹരിഭീകരതയ്ക്കെതിരേ അടിയന്തരസമ്മേളനം – മാർച്ച് 4**

കേരളസമൂഹം നേരിടുന്ന ലഹരിഭീകരതയ്ക്കെതിരേ മാർച്ച് 4 ന് കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പാലാ ളാലം പുത്തൻപള്ളി ഹാളിൽ 'വാർ എഗൻസ്റ്റ് ഡ്രഗ്സ്, സേ നോ ടു ഡ്രഗ്സ്' സമ്മേളനം നടന്നു.

പാലാ കോർപ്പറേറ്റ് എജ്യൂക്കേഷണൽ ഏജൻസിയുടെ സഹകരണത്തോടെ സംഘടിപ്പിച്ച സമ്മേളനം അഭിവന്ദ്യ രൂപതാധ്യക്ഷൻ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതി സംസ്ഥാന ജനറൽ സെക്രട്ടറിയും രൂപതാ പ്രസിഡന്റുമായ പ്രസാദ് കുരുവിള അധ്യക്ഷത വഹിച്ചു.

ആന്റോ ആന്റണി എം.പി., എം.എൽ.എ.മാരായ മാണി സി. കാപ്പൻ, മോൻസ് ജോസഫ്, അഡ്വ. സെബാസ്റ്റ്യൻ കുളത്തുങ്കൽ, പി.സി. ജോർജ് എക്സ് എം.എൽ.എ., മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ, കോർപ്പറേറ്റ് എഡ്യൂക്കേഷണൽ സെക്രട്ടറി ഫാ. ജോർജ് പുല്ലുകാലായിൽ, ജില്ലാ പഞ്ചായത്തംഗങ്ങളായ കെ.വി. മാത്യു, ജോസ്മോൻ മുണ്ടയ്ക്കൽ, രാജേഷ് വാളിപ്ലാക്കൽ, ജോസ് പുത്തൻകാല, സാബു എബ്രഹാം, ആന്റണി മാത്യു, നിർമ്മല ജിമ്മി, ജോസ് കവിയിൽ, ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, ഫാ. ജോർജ്ജ് വർഗീസ് ഞാറക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

മുനിസിപ്പൽ കൗൺസിലർമാർ, പി.റ്റി.എ. പ്രസിഡന്റുമാർ, ഹെഡ്മാസ്റ്റർമാർ, പ്രിൻസിപ്പൽമാർ, ലഹരിവിരുദ്ധപ്രവർത്തകർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

**2. 'വാർ എഗൻസ്റ്റ് ഡ്രഗ്സ്, സേ നോ ടു ഡ്രഗ്സ്' കാംപയിൻ രണ്ടാം ഘട്ടം മാർച്ച് 17**

'വാർ എഗൻസ്റ്റ് ഡ്രഗ്സ്, സേ നോ ടു ഡ്രഗ്സ്' ക്യാമ്പയിന്റെ രണ്ടാംഘട്ട പരിപാടിയുടെ ഉദ്ഘാടനം 17 ന് പാലാ ബിഷപ്സ് ഹൗസിൽ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് ഉദ്ഘാടനം ചെയ്തു. സംസ്ഥാന ജനറൽ സെക്രട്ടറി പ്രസാദ് കുരുവിള അധ്യക്ഷത വഹിച്ചു. മുനിസിപ്പൽ ചെയർമാൻ തോമസ് പീറ്റർ സന്ദേശം നൽകി. രൂപതാ ഡയറക്ടർ ഫാ. ജേക്കബ് വെള്ളമരുതുങ്കൽ സ്വാഗതം ആശംസിച്ചു. സാബു എബ്രഹാം കൃതജ്ഞത പറഞ്ഞു. പാലാ മുനിസിപ്പൽ കൗൺസിൽ അംഗങ്ങൾ പൂർണ്ണമായും സംബന്ധിച്ചു.

തുടർന്ന് മൂന്നു മാസക്കാലം നീണ്ടുനിൽക്കുന്ന പരിപാടികളുടെ ഭാഗമായി 'ഡോർ ടു ഡോർ' പ്രചരണം, ടാക്സി-ഓട്ടോ സ്റ്റാന്റുകൾ, ബസ് സ്റ്റേഷനുകൾ, ഭവനസന്ദർശനം, കച്ചവടസ്ഥാപനങ്ങൾ എന്നിവ വഴിയായി ആശയവിനിമയം നടത്തുകയും പരിഹാരനിർദേശങ്ങൾ ആരായുകയും ചെയ്തു.

പാലാ സെന്റ് തോമസ് കോളേജ്, അൽഫോൻസാ കോളേജ്, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ കലാലയങ്ങളിലൂടെ ലഹരിവിരുദ്ധ സേനാനികൾ സന്ദേശം നല്കി അഭിപ്രായങ്ങൾ ശേഖരിച്ചു.

ഇടുക്കി-കോട്ടയം-എറണാകുളം ജില്ലകളിലായി വ്യാപിച്ചുകിടക്കുന്ന രൂപതാതിർത്തിക്കുള്ളിൽ കടന്നുചെന്ന് ലഹരിഭീകരതക്കെതിരേ സന്ദേശങ്ങൾ നൽകി.

**3. മദ്യവിരുദ്ധഞായർ 23 മാർച്ച്**

കെ.സി.ബി.സി. മദ്യവിരുദ്ധസമിതി പാലാ രൂപതയുടെ നേതൃത്വത്തിൽ കേരള കത്തോലിക്കാസഭയുടെ മദ്യവിരുദ്ധഞായർ രൂപതയിലുടനീളം സംഘടിപ്പിച്ചു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ, പ്രസാദ് കുരുവിള, സാബു എബ്രഹാം, ആന്റണി മാത്യു, ജോസ് കവിയിൽ തുടങ്ങിയവർ നേതൃത്വം നൽകി.

**4.** മാർച്ച് 8, 22 തീയതികളിൽ വിവാഹ ഒരുക്കസെമിനാറിൽ ലഹരിവിരുദ്ധ ക്ലാസ്സുകൾ എടുത്തു. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ നേതൃത്വം നൽകി.

**5.** മാർച്ച് 30 ഞായറാഴ്ച കൊഴുവനാൽ ഇടവകയിൽ ലഹരിവിരുദ്ധബോധവത്കരണം നടത്തി. ഫാ. ജേക്കബ് വെള്ളമരുതുങ്കൽ ക്ലാസ്സെടുത്തു.

**ഫാ. ജേക്കബ് വെള്ളമരുതുങ്കൽ** (ഡയറക്ടർ)




## MARCH 2025

| | | |
|---|---|---|
| 1 | 10.30 am | സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഹാൻഡ് ബുക്ക് റിലീസിംഗ് നടത്തി |
| | 5: 00 pm | തിടനാട് ഇടവകയിൽ പുതുതായി നിർമ്മിച്ച കൽക്കുരിശിന്റെ വെഞ്ചരിപ്പും, ഹോം പാലാ പ്രോജക്ടിൽ ഉൾപ്പെടുത്തി നിർമാണം പൂർത്തീകരിച്ച ഭവനവും ആശിർവദിച്ചു. |
| 3 | 6.30 am | പാലാ കത്തീഡ്രൽ പള്ളിയിൽ വിഭൂതിത്തിരുനാളിനോടനുബന്ധിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു വചന സന്ദേശം നൽകി. |
| | 3:00 pm | ബിഷപ്സ് ഹൗസിൽവച്ചു നടത്തപ്പെട്ട മിഷനറി സംഗമത്തിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. |
| 4 | 9.45 am | കീഴൂർ ഇടവകയിൽ ചെഞ്ചേരി ജോൺ വർഗീസിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യ കാർമികത്വം വഹിച്ചു. |
| | 11:30 am | അഭി. കർദിനാൾ  മാർ ജോർജ് കൂവക്കാട് പിതാവിന്റെ വല്യമ്മയുടെ മൃതസംസ്കാരശുശ്രൂഷയിൽ പങ്കെടുത്തു. |
| | 2.45 pm | പാലക്കാട്ടുമല  ഇടവകയിൽ കടുകപ്പിള്ളിൽ അന്നമ്മ ഫിലിപ്പിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 4:00 pm | മരങ്ങോലി ഇടവകയിൽ മൂശാരിയേട്ട് മേരി സിറിയക്കിന്റെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ദൈവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| 5 | 10:00 am | കാക്കനാട് മൗണ്ട് സെന്റ് തോമസിൽ നടന്ന ദീപിക ഡയറക്ടർ ബോർഡ് മീറ്റിംഗിൽ സംബന്ധിച്ചു. |

| | | |
|---|---|---|
| | 3.30 pm | ബിഷപ് ഹൗസിൽ നടന്ന ADART ന്റെ ഡയറക്ടേഴ്സ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 6 | 10:00 am | കടനാട് ഇടവകയിൽ നരിക്കാട്ട് വർക്കിയുടെ മൃതസംസ്കാരശുശ്രൂഷയ്ക്ക് ഭവനത്തിൽ പങ്കെടുത്തു. ദേവാലയത്തിൽ മുഖ്യകാർമികത്വം വഹിച്ചു. |
| | 12:00 pm | പ്ലാശനാൽ ഇടവകയിൽ ദേവാലയജീവനക്കാരിയായ സെലിൻ ഫ്രാൻസിസിന്റെ മൃതദേഹത്തിനരികിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചു. |
| | 4:30 pm | ചങ്ങനാശ്ശേരി അതിരൂപതയുടെ 26-ാമത് ബൈബിൾ കൺവൻഷനിൽ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി. |
| 7 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2.30 am | സെന്റ് തോമസ് കോളേജിൽ നടന്ന അർണോസ് പാതിരി ചെയർ ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 8 | 2.30 pm | DCMS സംഘടന നടത്തിയ വനിതാദിനാചരണം ഉദ്ഘാടനം ചെയ്ത് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. |
| 9 | 3:00 pm | ളാലം പുത്തൻപള്ളി ഓഡിറ്റോറിയത്തിൽ വച്ച് ലഹരി ഭീകരതയ്ക്കെതിരേ കെസിബിസി ടെംപറൻസ് കമ്മീഷന്റെ നേതൃത്വത്തിൽ നടത്തിയ സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 10 | 3.00 pm | ഭരണങ്ങാനം ദീപ്തിഭവനിൽ ബഹു. സക്കറിയസ് തുടിപ്പാറയച്ചന്റെ മൃതസംസ്കാരകർമങ്ങളിൽ പങ്കെടുത്തു. |
| 11 | 9.00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 3:00 pm | ADCP എക്സിക്യൂട്ടീവ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 13 | 4.00 pm | പാലാ അൽഫോൻസാ കോളേജിൽ നടന്ന സംരംഭക സമ്മേളനം ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി. |
| 14 | | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 5.00 pm | നീലൂർ കപ്പേളയിൽ വിശുദ്ധ യൗസേപ്പിതാവിന്റെ തിരുനാൾ കൊടിയേറ്റ് നടത്തി സന്ദേശം നൽകി. |
| 15 | 6.30 pm | കുറിഞ്ഞി ഇടവകയിൽ ഇടയനടുത്ത സന്ദർശനത്തിന്റെ ഭാഗമായുള്ള പ്രതിനിധിയോഗത്തിലും ജപമാലപ്രാർഥനയിലും സംബന്ധിച്ചു. |

| | | |
|---|---|---|
| 16 | 7.45 am | കുറിഞ്ഞി പള്ളിയിൽ ഇടയനടുത്ത സന്ദർശന ത്തിന്റെ ഭാഗമായി ഇടവകാംഗങ്ങളോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. സെമി ത്തേരിസന്ദർശനം നടത്തി. തുടർന്നു നടന്ന പൊതു യോഗത്തിലും സംബന്ധിച്ചു. |
| 17 | 9:30 am | പാലാ രൂപത ടെമ്പറൻസ് കമ്മീഷന്റെ നേതൃത്വ ത്തിൽ ആരംഭിച്ച ലഹരിക്കെതിരേയുള്ള ബോധവ ത്കരണജാഥ ഫ്ളാഗ് ഓഫ് ചെയ്തു സന്ദേശം നൽകി. |
| | 10:30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4:30 pm | മാർ അപ്രേം ഫോർമേഷൻ സെന്ററിൽ സന്ദർശനം നടത്തി. |
| 18 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 2: 00 pm | മാർ അപ്രേം പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| 19 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 4: 00 pm | മുട്ടുചിറ വിയാനി പ്രീസ്റ്റ് ഹോം സന്ദർശിച്ചു. |
| 20 | 10.00 am | കയ്യൂർ ഇടവക വറവുങ്കൽ ഔസേപ്പ് ദേവസ്യയുടെ മൃതസംസ്കാരകർമ്മത്തിന്റെ വീട്ടിലെ കർമ്മങ്ങൾക്കു നേതൃത്വം നൽകി. |
| | 11.30 am | പാലാ ബി എഡ് കോളേജ് പ്രിൻസിപ്പലിന്റെ റിട്ടയർ മെന്റ് മീറ്റിംഗിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു. |
| | 4.30 pm | രാമപുരം സെന്റ് അഗസ്റ്റിൻസ് ഫൊറോന പള്ളിയിൽ പാറേമ്മാക്കൽ തോമാ ഗോവർണദോറിന്റെ 226 –ാമത് ചരമദിനത്തിൽ ഒപ്പീസ് പ്രാർത്ഥനചൊല്ലി, അനു സ്മരണം നടത്തി. |
| 21 | 9:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 5:00 pm | പാമ്പൂരാംപാറയിൽ നവീകരിച്ച കുരിശടിയുടെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 22 | 11.00 am | ഭരണങ്ങാനം ദേവാലയാങ്കണത്തിൽവച്ചു നടന്ന എൽഡേഴ്സ് മീറ്റിംഗിൽ സംബന്ധിച്ച് മുഖ്യപ്രഭാ ഷണം നടത്തി. |
| 24 | 6.00 pm | പാലാ സെന്റ് തോമസ് കോളേജിൽ അധ്യാപകരുടെ റിട്ടയർമെന്റ് മീറ്റിംഗിൽ സംബന്ധിച്ച് ആശംസകൾ അറിയിച്ചു. |

| | | |
|---|---|---|
| 25 | 8.00 am | നെയ്യാറ്റിൻകര രൂപതയുടെ സഹായമെത്രാൻ മോൺ. സി. സെൽവരാജന്റെ മെത്രാഭിഷേകച്ചടങ്ങിൽ സംബന്ധിച്ചു. |
| 26 | 2.00 pm | അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടന്ന KCBC പ്രൊലൈഫ് വാർഷികസമ്മേളനത്തിന്റെ ഉദ്ഘാടനം നടത്തി സന്ദേശം നൽകി. |
| 27 | 11:00 am | ചൂണ്ടച്ചേരി ഹോട്ടൽ മാനേജ്മെന്റ് കോളേജിന്റെ ഗവേണിംഗ് ബോഡി മീറ്റിംഗിൽ സംബന്ധിച്ചു. |
| | 4.30 pm | കാഞ്ഞിരത്താനം ഇടവകയിൽ പുതുതായി നിർമിച്ച സ്കൂളിന്റെ വെഞ്ചരിപ്പുകർമ്മം നടത്തി. |
| 28 | 10:00 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 29 | 3.00 pm | PDMET ബഡ്ജറ്റ് മീറ്റിംഗിൽ സംബന്ധിച്ചു. |
| 30 | 3.30 pm | പുത്തൻകുരിശിൽ നടന്ന യാക്കോബായ സിറിയൻ സഭാതലവൻ ശ്രേഷ്ഠ ആബൂൻ മോർ ബസ്സേലിയോസ് ജോസഫ് കാതോലിക്കാ ബാവയുടെ സുന്ത്രോണിസോ ശുശ്രൂഷയിൽ പങ്കെടുത്തു. |
| 31 | 3.15 pm | മൈനർ സെമിനാരിയിൽ നടന്ന ദൈവവിളി ക്യാമ്പിൽ പങ്കെടുത്ത് സന്ദേശം നല്കി. |
| | 5.00 pm | കാഞ്ഞിരമറ്റം ഇടവകയിൽ ഹോം പാലാ പ്രോജക്ടിന് ഭാഗമായി നിർമിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. |






പാലാ അരുണാപുരം അൽഫോൻസിയൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽവച്ച്
നടത്തിയ കെ.സി.ബി.സി. പ്രോലൈഫ് ദിനാഘോഷം
2025 അഭിവന്ദ്യ മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് നിർവഹിക്കുന്നു.



പാലാ സെന്റ് തോമസ് കോളേജിൽ മലയാളം ഡിപ്പാർട്ട്മെന്റിന്റെ
ആഭിമുഖ്യത്തിൽ ആരംഭിച്ച അർണോസ് പാതിരി ചെയർ അഭിവന്ദ്യ
മാർ ജോസഫ് കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.




പാലാ രൂപത  മദ്യവിരുദ്ധസമിതിയുടെ നേതൃത്വത്തിൽ ഊർജിത
ലഹരിവിരുദ്ധമുന്നേറ്റത്തിനു തുടക്കംകുറിച്ചുനടന്ന SAY NO TO DRUGS
ക്യാമ്പയിൻ പാലാ ളാലം  പുത്തൻപള്ളിയിൽ അഭിവന്ദ്യ മാർ ജോസഫ്
കല്ലറങ്ങാട്ട് പിതാവ് ഉദ്ഘാടനം ചെയ്തു സന്ദേശം നൽകി.

# ആദരാഞ്ജലികൾ

**ഫാ. സഖറിയാസ് തുടിപ്പാറ**



മിഷനറി സൊസൈറ്റി ഓഫ് സെന്റ് തോമസ് (എംഎസ്റ്റി) സെന്റ് പോൾ മിഷൻ റീജിയൻ അംഗം ബഹു. സഖറിയാസ് തുടിപ്പാറ 2025 മാർച്ച് 8, ശനിയാഴ്ച നിര്യാതനായി. ചാക്കോ പഴേതുടിപ്പാറ-മറിയം അഴകത്ത് ദമ്പതികളുടെ അഞ്ചാമത്തെ മകനായി 1940 ഫെബ്രുവരി 13 ന് ഭരണങ്ങാനത്തു ജനിച്ച ബഹുമാനപ്പെട്ട അച്ചൻ പ്രാഥമികവിദ്യാഭ്യാസത്തിനുശേഷം പാലാ രൂപതയുടെ ഗുഡ്ഷെപ്പേർഡ് മൈനർ സെമിനാരിയിൽ ചേർന്ന് വൈദികപരിശീലനം ആരംഭിച്ചു. തത്ത്വശാസ്ത്ര-ദൈവശാസ്ത്രപഠനങ്ങൾ കർമ്മലഗിരി മംഗലപ്പുഴ സെമിനാരിയിൽ പൂർത്തിയാക്കി. 1966 മാർച്ച് 12 ന് ഭാഗ്യസ്മരണാർഹനായ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വയലിൽ പിതാവിന്റെ കൈവയ്പ്പിലൂടെ പാലാ രൂപതയുടെ വൈദികനായി ഉയർത്തപ്പെട്ടു. തുടർന്ന്, വാകക്കാട്, കൊഴുവനാൽ, അരുവിത്തുറ എന്നീ പള്ളികളിൽ സഹവികാരിയായി സേവനമനുഷ്ഠിച്ചു. 1970 ൽ വൊക്കേഷൻ ബ്യൂറോയുടെയും വിശ്വാസ പരിശീലനത്തിന്റെയും ജോയിന്റ് ഡയറക്ടറായും 1972 ൽ പാലാ രൂപത വിശ്വാസപരിശീലനഡയറക്ടറായും ബഹു. അച്ചൻ ശുശ്രൂഷ ചെയ്തു.

ഫിലിപ്പൈൻസിലെ മനില ഈസ്റ്റ് ഏഷ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടിൽനിന്ന് മനഃശാസ്ത്രത്തിൽ ഡിപ്ലോമ സ്വന്തമാക്കിയ അച്ചൻ റോമിലെ ആഞ്ചലിക്കും സർവകലാശാലയിൽനിന്ന് ദൈവശാസ്ത്രത്തിൽ ഡോക്ടർ ബിരുദം കരസ്ഥമാക്കി.

1968 ൽ മിഷനറി സൊസൈറ്റി ഓഫ് സെന്റ് തോമസ് അംഗമായ ബഹു. അച്ചൻ 1973 മുതൽ ഒരു മുഴുനീള മിഷനറിയായി ശുശ്രൂഷ ചെയ്തു. ഉജ്ജെയ്നിൽ മിഷൻപ്രവർത്തനം നടത്തിയ സഖറിയാസച്ചൻ, രൂപതയുടെ വിശ്വാസപരിശീലനകേന്ദ്രത്തിന് അടിസ്ഥാനമിട്ടു. 1983 ൽ ഉജ്ജെയ്ൻ സെന്റ് പോൾ റീജിയന്റെ റീജണൽ ഡയറക്ടറായി സേവനമനുഷ്ഠിച്ച ബഹു. അച്ചൻ വിവിധ ദൈവശാസ്ത്രകേന്ദ്രങ്ങളിൽ അധ്യാപനംകൂടി നടത്തിയിരുന്നു. 1991 ൽ ജർമനിയിൽ അജപാലനശുശ്രൂഷയ്ക്കായി അയയ്ക്കപ്പെട്ട ബഹു. അച്ചൻ റീഗൻസ്ബുർഗ്, ഔഗ്സ്ബുർഗ്, വൂർസ്ബുർഗ്, ഹാംബുർഗ് എന്നീ രൂപതകളിൽ ശുശ്രൂഷ ചെയ്തു. ഔഗ്സ്ബുർഗ് രൂപതയിലെ സെന്റ് തോമസ് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് എം.എസ്.റ്റി. ഹൗസിന്റെ പ്രഥമ ഡയറക്ടറായിരുന്നു ബഹു. സഖറിയാസച്ചൻ. ദൈവവചന പ്രഘോഷണമേഖലയിൽ വലിയ തീക്ഷ്ണത കാണിച്ചിരുന്ന ബഹു. അച്ചൻ ഏതാണ്ട് 27 രാജ്യങ്ങളിൽ സുവിശേഷം പ്രസംഗിച്ചിട്ടുണ്ട്. 2020 മുതൽ ആരാം പ്രീസ്റ്റ് ഹോമിൽ വിശ്രമത്തിലായിരുന്ന അച്ചൻ 2025 മാർച്ച് 8 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. 2025 മാർച്ച് 10 ഉച്ചയ്ക്ക് 1.30 മണിക്ക് വി. കുർബാനയോടെ ആരംഭിച്ച മൃതസംസ്കാരശുശ്രൂഷകൾക്കുശേഷം ദീപ്തിഭവനിലെ ദീപ്തി സെമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു.



**സി. ഡോണ മരിയ പിണക്കാട്ട് FCC**

| | | |
|---|---|---|
| ഇടവക | : | നരിയങ്ങാനം |
| ജനനം | : | 20.09.1940 |
| നിത്യവ്രതവാഗ്ദാനം | : | 22.05.1963 |
| മരണം | : | 01.03.2025 |
| മൃതസംസ്കാരം | : | തിടനാട് |

***സേവനമണ്ഡലങ്ങൾ:***

ഭരണങ്ങാനം, ഇടമറ്റം, തിടനാട്



**സി. ഡിഗ്ന എലിപ്പുലിക്കാട്ട് FCC**

| | | |
|---|---|---|
| ഇടവക | : | അന്ത്യാളം |
| ജനനം | : | 30.10.1935 |
| നിത്യവ്രതവാഗ്ദാനം | : | 30.05.1960 |
| മരണം | : | 06.03.2025 |
| മൃതസംസ്കാരം | : | അരുണാപുരം |

***സേവനമണ്ഡലങ്ങൾ:***

*ഉാലം, കലാനിലയം, കണ്ണാടിയുറുമ്പ്, പൂഞ്ഞാർ, സെന്റ് സേവ്യേഴ്സ് ഉാലം*



**സി. തെരേസാ മുതിരേന്തിക്കൽ SABS**

| | | |
|---|---|---|
| ഇടവക | : | പെരിങ്ങുളം |
| ജനനം | : | 21.01.1944 |
| നിത്യവ്രതവാഗ്ദാനം | : | 24.03.1973 |
| മരണം | : | 06.03.2025 |
| മൃതസംസ്കാരം | : | പൂവക്കുളം |

***സേവനമണ്ഡലങ്ങൾ:***

മുട്ടുചിറ, നസ്രത്ത്ഹിൽ, നെല്ലിയാനി, കടനാട്, കാക്കൂർ, കുര്യനാട്, വടകര, കാഞ്ഞിരമറ്റം, മുത്തോലപുരം, കടനാട് പുവർ ഹോം, പുതുവേലി, മുട്ടം, പൂവക്കുളം



**സി. ലിബി മരിയ മണക്കാട്ടുമറ്റം CMC**

| | | |
|---|---|---|
| ഇടവക | : | കുറിഞ്ഞി |
| ജനനം | : | 24.05.1963 |
| നിത്യവ്രതവാഗ്ദാനം | : | 05.05.1993 |
| മരണം | : | 11.03.2025 |
| മൃതസംസ്കാരം | : | പ്രവിത്താനം |

*സേവനമണ്ഡലങ്ങൾ:*

കടപ്ലാമറ്റം, വിളയംകോട്, നീറന്താനം, പാലാ, മേരിക്വീൻസ് ഹോസ്പിറ്റൽ കാഞ്ഞിരപ്പള്ളി, തുടങ്ങനാട്, വാരിയാനിക്കാട്, മൂന്നാനി, ക്രിസ്തുജ്യോതി ഹോസ്പിറ്റൽ സാമ്പാ ജമ്മു, വെള്ളികുളം, പ്രവിത്താനം.



**സി. മരിയറ്റ് കോലോത്ത് FCC**

ഇടവക : പെരിങ്ങുളം
ജനനം : 30.01.1934
നിത്യവ്രതവാഗ്ദാനം : 28.05.1957
മരണം : 21.03.2025
മൃതസംസ്കാരം : പെരിങ്ങുളം

***സേവനമണ്ഡലങ്ങൾ:***
പെരിങ്ങുളം, മണലുങ്കൽ, പുലിയന്നൂർ, കോതനെല്ലൂർ, കൂട്ടിക്കൽ, കണ്ണാടിയുറുമ്പ്, മലയിഞ്ചിപ്പാറ, ഭരണങ്ങാനം, പൂഞ്ഞാർ



**സി. റോസ് കാർമ്മൽ കൊട്ടുകാപ്പള്ളിൽ CMC**

ഇടവക : ജയ്ഗിരി
ജനനം : 22.09.1937
നിത്യവ്രതവാഗ്ദാനം : 24.05.1964
മരണം : 25.03.2025
മൃതസംസ്കാരം : കുറവിലങ്ങാട്

***സേവനമണ്ഡലങ്ങൾ:***
ഞാറയ്ക്കൽ, മുട്ടുചിറ, കുറവിലങ്ങാട്, താബോർ പ്രാർത്ഥനാലയം, ചേർപ്പുങ്കൽ



**സി. ജോസ് മാർട്ടിൻ കട്ടക്കയം SH**

ഇടവക : രാമപുരം
ജനനം : 09.11.1949
നിത്യവ്രതവാഗ്ദാനം : 15.04.1974
മരണം : 26.03.2025
മൃതസംസ്കാരം : രാമപുരം

***സേവനമണ്ഡലങ്ങൾ:***
മൂലമറ്റം, വയലാ, ചക്കാമ്പുഴ, ജഗദൽപൂർ, മേലുകാവുമറ്റം



**സി.മേരി റൊസാരിയോ കുഴിഞ്ഞാലിൽ CMC**

ഇടവക : പ്രവിത്താനം
ജനനം : 20.03.1932
നിത്യവ്രതവാഗ്ദാനം : 28.05.1961
മരണം : 28.03.2025
മൃതസംസ്കാരം : രാമപുരം

***സേവനമണ്ഡലങ്ങൾ:***
*കരൂർ, മുട്ടുചിറ, രാമപുരം*



**സി. ജയിൻ പോർക്കാട്ടിൽ SABS**

ഇടവക : തിടനാട്
ജനനം : 11.03.1931
നിത്യവ്രതവാഗ്ദാനം : 03.06.1958
മരണം : 22.03.2025
മൃതസംസ്കാരം : നെല്ലിയാനി

***സേവനമണ്ഡലങ്ങൾ:***
*കടനാട് പുവർ ഹോം, കടുത്തുരുത്തി, മുത്തോലപുരം, മുളക്കുളം, കാക്കൂർ, മരങ്ങാട്ടുപിള്ളി, കുര്യനാട്, നെല്ലിയാനി, പുതുവേലി, നാടുകാണി, കാഞ്ഞിരമറ്റം, ചിങ്ങല്ലേൽ റോസ്ഭവൻ, അന്ത്യാളം, പൂവക്കുളം*

# ഇടയനടുത്ത സന്ദർശനത്തിൽനിന്ന്
# കുറിഞ്ഞി പള്ളി











SANTHWANAPRAKASHAM ☆
PALAI DIOCESAN BULLETIN

# പാലാ രൂപത
# പ്ലാറ്റിനം ജൂബിലി മെമ്മോറിയൽ
# ലിറ്റർജിക്കൽ ക്വിസ്

ܥܘܗܕܢܐ
(ഉഹ്ദാന)

PLATINUM JUBILEE
EPARCHY OF PALAI
1950 - 2025

**ആകർഷകമായ സമ്മാനങ്ങൾ**
*(For Each Category)*

ഒന്നാം സമ്മാനം : ₹ 1,00,000/-
രണ്ടാം സമ്മാനം : ₹ 50,000/-
മൂന്നാം സമ്മാനം : ₹ 25,000/-
നാലാം സമ്മാനം : ₹ 10,000/-
അഞ്ചാം സമ്മാനം : ₹ 5,000/-

(രൂപതാതലമത്സരത്തിൽ പങ്കെടുക്കുന്ന എല്ലാ ടീമുകൾക്കും 1000/– രൂപ വീതം സമ്മാനം)

Scan and join the WhatsApp channel
'Media Commission Palai'

## Levels

1. ഇടവകതലം (Online) → ഏപ്രിൽ 13 ഞായർ – 07.30 – 08.30 pm
2. ഫൊറോനാതലം → മേയ് 04 ഞായർ – 02.30 pm
3. രൂപതാതലം → മേയ് 24 ശനി – 10.00 am

Watch YouTube
Class Videos (Playlist)
(പഠനവിഷയങ്ങൾക്കായി ഇവിടെ സ്കാൻ ചെയ്യുക)

## Category

1. 2007 ജനുവരി 1 നും അതിനുശേഷവും ജനിച്ചവർ
2. 2007 ജനുവരി 1 നുമുമ്പ് ജനിച്ചവർ

Quiz related material will be given in 'Media Commission Palai's WhatsApp group.

*Printed at St.Thomas Press, Palai and Published by Fr. Sebastian Pendanam*